# പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 12

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2013

ഭരണഭാഷ മാതൃഭാഷ



## ഐ.എസ്.ഒ. അംഗീകാരം

## ഗ്രാമപഞ്ചായത്തുകളെ കൂടുതൽ സേവനോന്മുഖമാക്കും

ഘട്ടം ഘട്ടമായി
നമ്മുടെ ഗ്രാമപഞ്ചായത്തുകൾ
എല്ലാം ഐ.എസ്.ഒ.
സർട്ടിഫിക്കേഷൻ നേടണം



ഡോ. എം.കെ. മുനീർ

പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**





പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്



6 ഗ്രാമപഞ്ചായത്തുകളെ കൂടുതൽ സേവനോന്മുഖമാക്കും
ഡോ. എം. കെ. മുനീർ



8 ബജറ്റും പുതുക്കിയ ബജറ്റും
ഡോ. ജെ.ബി. രാജൻ



11 ഗ്രാമസഭ- പ്രാദേശിക ജനകീയ ഭരണതലം
പി.ടി. മാത്യു

14 മേഘവിസ്ഫോടനം
ഡോ. പ്രദീപ് കുമാർ പി.കെ.



17 കഥാപ്രസംഗം ഉണർവ്വിന്റെ പാതയിൽ
ടി.സി. സുനിൽദത്ത്






19 നിയമം കയ്യാളുന്നോർ വിവേകം കാട്ടണം
ജോൺ എസ്. ജയിംസ്



22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജന്റർ ബഡ്ജറ്റും
ടി. ഷാഹുൽ ഹമീദ്

25 നാം അറിയേണ്ട ലോകം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

26 ഇ-ഗവേണൻസ് ന്യൂസ്

28 പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്

30 തൊഴിലുറപ്പ് പദ്ധതി
കെ.ജി. ഹരിതം

33 അത്ഭുത ആഹാരം - സ്പൈറുലിന
റാഫി. എസ്



34 ഹൈടെക് കൃഷിയിലൂടെ പച്ചക്കറി സ്വയംപര്യാപ്തിയിലേക്ക്
വി.എസ്. ബിജുകുമാർ



37 ആന്ത്രാക്സിനെ അകറ്റി നിർത്താം പരിഭ്രാന്തി വേണ്ട
ഡോ. എസ്.എസ്. റാണി



40 പദ്ധതി നിർവ്വഹണ അവലോകനം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്




## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധരാകണം

കേരളമാകെ കൊടും വരൾച്ച നേരിടുകയാണ് വ്യാപകമായ കൃഷി നാശം സംബന്ധിച്ചും, കുടിവെള്ള പ്രശ്നം സംബന്ധിച്ചുമുള്ള വാർത്തകൾ പത്രദൃശ്യമാധ്യമങ്ങൾ നിരന്തരം റിപ്പോർട്ടുചെയ്തു കൊണ്ടിരിക്കുന്നു. പൈപ്പ് പൊട്ടൽ തലസ്ഥാനത്തെ പ്രശ്നമാണെങ്കിൽ മറ്റു ജില്ലകളിൽ പൈപ്പിൽ വെള്ളമില്ലാത്തതാണ് പ്രശ്നം ഈ സാഹചര്യത്തിൽ കഴിഞ്ഞ ലക്കം പഞ്ചായത്ത് രാജ് മാസികയിലെ ശ്രീ. ജോൺ. എസ്. ജെയിംസിന്റെ കുടിവെള്ളം നിയമത്തിനു മുന്നിൽ ജനങ്ങളുടെ ചിരാനുഭവ അവകാശം എന്ന ലേഖനം ശ്രദ്ധേയമായി പല തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഇതൊന്നും ഞങ്ങളുടെ കാര്യമല്ല എന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ജനങ്ങൾക്കും ഇത് സംബന്ധിച്ച് വ്യക്തമായ ധാരണയില്ല. എന്നാൽ മേൽ ലേഖനത്തിന് ഇതിനുള്ള വ്യക്തമായ അറിവ് പകരുവാൻ കഴിഞ്ഞു. ലേഖനത്തിൽ പറയുന്ന വിധം കുടിവെള്ള സ്രോതസുകൾ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുവാൻ അധികാരവും ശക്തവുമായ വ്യവസ്ഥയും പിൻബലമായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉചിതമായ തീരുമാനം കൈകൊള്ളുവാൻ ഇനിയെങ്കിലും സന്നദ്ധമായേ തീരൂ.

**ജി. ശിവദാസൻ**
ആയില്യം
തോട്ടയ്ക്കാട്

# പ്രഥമ സമ്പൂർണ സ്ത്രീ ഡിജിറ്റൽ ശാക്തീകൃത സംസ്ഥാനമാക്കുക ലക്ഷ്യം





കുടുംബശ്രീ അംഗങ്ങൾക്ക് ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ വിദഗ്ധ പരിശീലനം നൽകുന്ന കുടംബശ്രീ ഇന്റൽ സംയുക്തസംരംഭം, പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സി. ഡയറക്ടർ കെ.ബി. വത്സല കുമാരിയും ഇന്റൽ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ (മാർക്കറ്റിംഗ്) ഡോ. ദബ്ജാനിഘോഷും ധാരണാ പത്രം ഒപ്പ് വച്ചപ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിമാരായ വി.എസ്. സെന്തിൽ, അരുണാ സുന്ദര രാജൻ എന്നിവർ സമീപം.

മൂന്ന് വർഷത്തിനകം മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും ഡിജിറ്റൽ സാങ്കേതിക വൈദഗ്ധ്യം ഉറപ്പാക്കി കേരളത്തെ പ്രഥമ സമ്പൂർണ സ്ത്രീ ഡിജിറ്റൽ ശാക്തീകൃത സംസ്ഥാനമാക്കി മാറ്റുക, ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ് തല സംഘടനാ പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ ല ക്ഷ്യമിട്ടുകൊണ്ട് കുടുംബശ്രീ സംസ്ഥാന മിഷനും ഇന്റൽ ടെക്നോളജി ഇന്ത്യയുമായി സഹകരിച്ച് നടപ്പാക്കുന്ന പരിപാടിയുടെ ധാരണാ പത്രം ഒപ്പിട്ടു. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം പഞ്ചായത്തു സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ നിർവ്വഹിച്ചു. മന്ത്രിയുടെ സാന്നിധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരിയും ഇന്റൽ സൗത്ത് ഏഷ്യ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ഡോ. ദബ്ജാനി ഘോഷുമാണ് ധാരണാ പത്രത്തിൽ ഒപ്പിട്ടത്. എ.ഡി.എസ്. തലത്തിൽ ഇരുപതിനായിരത്തിലധികം പേർക്ക് പരിശീലനം നല്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രിൻസിപ്പൽ സെക്രട്ടറി അരുണാ സുന്ദരരാജൻ, തദ്ദേശ ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വി.എസ്. സെന്തിൽ, കുടുംബശ്രീ ഡയറക്ടർ എ ബി പോൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2013

പുസ്തകം 52

ലക്കം 12

വാർഷിക വരിസംഖ്യ: ₹ 120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**വി.എസ്. സെന്തിൽ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**എസ്. ലളിതാംബിക**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ

**എസ്. ലളിതാംബിക**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്ററുടെ പേന

# പഞ്ചായത്ത് വകുപ്പ് മറ്റ് വകുപ്പുകൾക്ക് മാതൃകയാകണം

2012-13 സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന്റെ തിരക്കിലാണ്. തെക്കൻ മേഖലാ ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്ത യോഗത്തിൽ പദ്ധതി ധനവിനിയോഗത്തിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും വേണമെന്ന് പഞ്ചായത്തു സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ.എം.കെ.മുനീർ അഭിപ്രായപ്പെട്ടത് ഈയവസരത്തിൽ ഓർക്കണം. സാമ്പത്തികവർഷാവസാനം ശതമാനം കൂട്ടുക എന്ന ലക്ഷ്യത്തോടെ തിരക്കിട്ട് പണം ചെലവാക്കുന്ന രീതി മാറേണ്ടിയിരിക്കുന്നു. വരുംവർഷങ്ങളിൽ എത്ര രൂപ ചെലവഴിച്ചു എന്നതല്ല, സമയബന്ധിതമായി എത്ര പദ്ധതികൾ നിർവഹണം നടത്തി എന്നതായിരിക്കും മികവിന്റെ മാനദണ്ഡം.

ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം മാർച്ച് മാസം ഏറ്റവും തിരക്കുപിടിച്ച സമയമാണ്. ലഭിക്കേണ്ട നികുതികൾ പൂർണ്ണമായി പിരിച്ചെടുക്കുക, നികുതിയേതര വരുമാനമാർഗങ്ങളായ ലേലം തുടങ്ങിയവ നടത്തി പഞ്ചായത്തിന് മുതൽ കൂട്ടുക, വരും വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി അവതരിപ്പിച്ച് അംഗീകാരം നേടുക എന്നിങ്ങനെ ഒട്ടേറെ പ്രവർത്തികൾ ഈ മാസം ചെയ്ത് തീർക്കേണ്ടതുണ്ട്. തുടർ മാസങ്ങളിൽ രണ്ടാം വർഷ പദ്ധതി നിർവഹണം, നികുതി കിടിശ്ശികയുണ്ടെങ്കിൽ അത് പിരിച്ചെടുക്കൽ, വ്യാപാരസ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് പുതുക്കി നൽകൽ, വാർഷിക കണക്കുകൾ യഥാസമയം ആഡിറ്റിനു സമർപ്പിക്കൽ എന്നീ പ്രവർത്തനങ്ങളുടെ തിരക്കായിരിക്കും.

ഇതൊക്കെ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെയും ഭരണസമിതിയുടെയും ചുമതലയാണ്. അതോടൊപ്പം തന്നെ പഞ്ചായത്താഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് നിരവധി സേവനങ്ങളും നൽകേണ്ടതായിട്ടുണ്ട്. ലോകം അനുക്ഷണം മാറിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി സേവനങ്ങൾ മെച്ചപ്പെടുത്താനും സമയബന്ധിതമായി നൽകാനും ഗ്രാമപഞ്ചായത്തുകൾ ശ്രമിക്കണം. ഇൻഫർമേഷൻ കേരളാ മിഷന്റെ സഹായത്തോടെ നടപ്പാക്കിവരുന്ന ഭരണനവീകരണ പ്രക്രിയയായ ഇ-ഗവേണൻസ് ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും പോരായ്മകളും പരിമിതികളും ഇനിയും ബാക്കിയാണ്. സാധാരണ ജനതയുടെ സെക്രട്ടേറിയറ്റായ ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങൾ കൂടുതൽ കാര്യക്ഷമതയും കൃത്യനിഷ്ഠയും പാലിക്കാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ.സർട്ടിഫിക്കറ്റ് കരസ്ഥമാക്കാൻ ശ്രമിക്കണമെന്നും അതിന്റെ ആദ്യപടിയായി ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട പത്ത് ഗ്രാമപഞ്ചായത്തുകൾ വീതം ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടണമെന്നും പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ പറഞ്ഞിട്ടുണ്ട്. അധികതസ്തികകൾ പഞ്ചായത്തുകൾക്ക് ലഭ്യമാക്കിയ സാഹചര്യത്തിൽ നാം ഓരോരുത്തരും അതിനുവേണ്ടി പരിശ്രമിക്കേണ്ടതും കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിയെടുക്കുവാൻ ശ്രമിക്കേണ്ടേതുമാണ്.

# ഗ്രാമപഞ്ചായത്തുകളെ കൂടുതൽ സേവനോന്മുഖമാക്കും



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലൂടെ പൗരന്മാർക്ക് തൃപ്തികരമായ വിധത്തിൽ കാലവിളംബമില്ലാതെ സേവനം ലഭ്യമാക്കാൻ പഞ്ചായത്ത് ഭരണ സമിതികൾക്കും ഗവൺമെന്റിനും ഉത്തരവാദിത്തമുണ്ട്. കേരളത്തിൽ പഞ്ചായത്ത് വകുപ്പ് രൂപീകൃതമായിട്ട് 60 വർഷം പിന്നിട്ട ഈ ഘട്ടത്തിൽ കഴിഞ്ഞ കാലപ്രവർത്തനങ്ങളുടെ ഒരു അവലോകനം അനിവാര്യമാണ്. ജനാധിപത്യ പ്രക്രിയയുടെ അടിസ്ഥാന ഘടകം എന്ന നിലയിലും പൗരന്റെ ശബ്ദം ആദ്യമായി പ്രതിധ്വനിക്കുന്ന ഗ്രാമതലത്തിലെ വേദി എന്ന നിലയിലും കേരളത്തിലെ പഞ്ചായത്ത് സംവിധാനം നിരവധി പരിണാമങ്ങൾക്ക് വിധേയമായി. തെരഞ്ഞെടുത്ത സമിതികൾ അനിശ്ചിതമായി തുടരുന്നതും സമിതികൾ ഇല്ലാതെ ഭരണം തുടരുന്നതും ഇന്ന് കേട്ടുകേഴ്വിയായി. ഭരണഘടനയുടെ 73 ഉം 74 ഉം ഭേദഗതികൾ ഇന്ത്യയുടെ പഞ്ചായത്ത് ഭരണ രീതിയുടെ അലകും പിടിയും മാറ്റുന്നതായിരുന്നു. ഈ ഭരണഘടനാ ഭേദഗതിയുടെ ഗുണപരമായ വശങ്ങൾ ഏറ്റവും വേഗം ഉൾക്കൊണ്ട് നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ വികേന്ദ്രീകരണം, അധികാര വികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണം എന്നിവ കേവലം ആശയങ്ങളിൽ നിന്ന് യാഥാർത്ഥ്യമാകുന്ന പ്രക്രിയയിൽ സജീവമായി പങ്കാളികളാവുകയും സാക്ഷ്യം വഹിക്കുകയും ചെയ്തു കേരള ജനത. ജനാധിപത്യ വ്യവസ്ഥയിൽ താഴെത്തട്ടിലുള്ള പൗരനാണ്. യഥാർത്ഥ അധികാരം കയ്യാളുന്നത് അല്ലെങ്കിൽ കയ്യാളേണ്ടത് എന്ന് തെളിയിക്കപ്പെട്ടു.

ബജറ്റ് വിഹിതത്തിന്റെ 40 ശതമാനത്തോളം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കപ്പെട്ടതിലൂടെ അവ സാമ്പത്തികമായി ശക്തിപ്പെട്ടു. സാധാരണ ജനങ്ങൾക്ക് നേരിട്ട് താഴെത്തട്ടിൽ സേവനം നൽകേണ്ട സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ കുടക്കീഴിൽ കൊണ്ടുവരപ്പെട്ടതോടെ അടിസ്ഥാനതലത്തിൽ സേവനത്തിനുള്ള പൗരന്റെ അവകാശത്തിന് കൂടുതൽ പ്രാമുഖ്യം കൈവന്നു. ഗ്രാമസഭകളിലൂടെ ഉയരുന്ന സാധാരണക്കാരന്റെ ശബ്ദവും ആവശ്യവും പ്രവൃത്തിപഥങ്ങളിലായി. ശാക്തീകരണത്തിന്റെ പുതുയുഗത്തിൽ നമ്മുടെ സ്ത്രീകൾ ഏറെ ശാക്തീകരിക്കപ്പെട്ടു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ അവർക്ക് 50% സംവരണം കരഗതമായതും കുടുംബശ്രീ പ്രവർത്തനങ്ങളിലെ സജീവ അംഗത്വവും പ്രവർത്തനവും കേരളത്തിലെ സ്ത്രീസമൂഹത്തെ സാമൂഹിക ശ്രേണിയിൽ മുൻനിരയിൽ കൊണ്ടെത്തിച്ചു.

പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തിക ഏകീകരണം, പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും സൗജന്യ സി.യു.ജി.സിംകാർഡുകൾ, അസിസ്റ്റന്റ് സെക്രട്ടറി ഉൾപ്പെടെ രണ്ടായിരത്തിലധികം പുതിയ തസ്തികൾ സൃഷ്ടിക്കുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും ചെയ്യുക, എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗത്തിൽ 400 ൽ അധികം അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തികൾ സൃഷ്ടിക്കുക എന്നിവ

> **പഴഞ്ചൻ ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും മാമൂലുകളിലും മനോഭാവത്തിലും തളച്ചിടപ്പെടേണ്ടവയല്ല കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. പൗരന്റെ ശബ്ദത്തിന്റെ ശക്തിയും പ്രസക്തിയും പ്രതിഫലിക്കുന്ന അടിസ്ഥാനവേദി എന്നതിനപ്പുറം അവന്റെ ജനാധിപത്യപരമായ അടിസ്ഥാനാവശ്യങ്ങൾ സേവനരൂപത്തിൽ അതിവേഗം നിറവേറ്റിക്കൊടുക്കേണ്ട സ്ഥാപനങ്ങൾ കൂടിയാണവ.**

**ഘട്ടം ഘട്ടമായി നമ്മുടെ ഗ്രാമപഞ്ചായത്തുകൾ എല്ലാം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടണം എന്ന നയം ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞു. ആദ്യഘട്ടമായി 2013–ൽ ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട പത്ത് പഞ്ചായത്തുകൾ വീതം ഐ.എസ്.ഒ. അംഗീകാരം തേടുന്നതാണ്. ഈ വർഷത്തെ ബജറ്റിൽ ഇതിനായി തുക നീക്കിവച്ചിട്ടുണ്ട്.**



പഞ്ചായത്ത് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെയായിരുന്നു. മറ്റൊരു ഗവൺമെന്റും ഈ രംഗത്ത് പ്രകടിപ്പിക്കാത്തത്ര ശുഷ്കാന്തിയോടെ ഭരണപരമായ ഈ ചുമതലകൾ നിർവഹിച്ചത് ഇന്നത്തെ ഗവൺമെന്റാണ്. ജീവനക്കാരും പഞ്ചായത്ത് അംഗങ്ങളുടെ സംഘടനകളും പൊതുസമൂഹവും ഗവൺമെന്റിനെ മുക്തകണ്ഠം പ്രശംസിച്ചു എന്നത് ഞാൻ അഭിമാനപൂർവം സ്മരിക്കുന്നു. കേരളീയ ഗ്രാമത്തിന്റെ സാംസ്കാരികവും സാമൂഹ്യവുമായ ജീവിതസത്വത്തിന് ഒരു പുനർജനി നൽകുന്ന ഗ്രാമയാത്ര ആവേശകരമായ അനുഭവമാണ്. ആകെകൂടി കേരളത്തിലെ തദ്ദേശസ്വയം ഭരണരംഗം പോയ വർഷങ്ങളിൽ കൂടുതൽ ചലനാത്മകമാക്കാൻ കഴിഞ്ഞു എന്ന് നിസ്സംശയം പറയാൻ കഴിയും.

പഞ്ചായത്തുകൾ ശക്തിപ്പെടുന്ന ഈ പ്രക്രിയയിൽ അവയിലൂടെ ലഭ്യമാവുന്ന സേവനങ്ങൾക്ക് വേഗത കൈവരുത്തുക എന്ന ലക്ഷ്യവും കൂട്ടിച്ചേർക്കപ്പെട്ടു. ഡിജിറ്റൽ സാങ്കേതികവിദ്യാപുരോഗതി പഞ്ചായത്ത് സംവിധാനത്തിന് പ്രയോജനപ്പെടുത്താനായി ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിക്കപ്പെട്ടു. ഓൺലൈൻ സേവനലഭ്യതക്കായി ഐ.കെ.എം. രൂപകൽപ്പന ചെയ്ത സോഫ്റ്റ് വെയറുകൾ ഇന്ന് പഞ്ചായത്തുകൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. മിക്ക സർട്ടിഫിക്കറ്റുകളും ഇന്ന് ഓൺലൈനായി ലഭിക്കാൻ സംവിധാനമുണ്ട്. പഞ്ചായത്തുകൾക്ക് പഞ്ചവത്സരപദ്ധതി ആവിഷ്ക്കരിച്ചതും ഒന്നേമുക്കാൽ ലക്ഷത്തിലധികം പദ്ധതികൾ ഓൺലൈനായി എൻട്രി നടത്തിയതും അനുമതി നേടിയതും റെക്കോർഡ് വേഗതയിലാണ്. പലതലങ്ങളിൽ നിലനിന്ന ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾക്ക് ഇതോടെ വിരാമമായി. പദ്ധതിച്ചെലവ് കൃത്യമായി മോണിറ്റർ ചെയ്യാൻ കൂടി ഈ പുതിയ സംവിധാനം പ്രയോജനകരമാവുന്നു. ഈ പ്രക്രിയകൾക്കിടയിലും നമ്മൾ ഏറ്റവും മുന്നിൽ കാണേണ്ടത് സാധാരണപൗരനെയാണ്. അവൻ അർഹിക്കുന്ന സേവനം യഥാസമയം ലഭിക്കുന്നുണ്ടോ എന്നതാണ് ഏറ്റവും വലിയ ചോദ്യം. പഞ്ചായത്ത് ഓഫീസ് പ്രവർത്തനവും അന്തരീക്ഷവും കൂടുതൽ മികവുറ്റതാകണം എന്ന് ഗവൺമെന്റ് വിലയിരുത്തുന്നു.

സേവനം അവകാശമാക്കുന്ന നിയമം കേരള ഗവൺമെന്റ് പാസ്സാക്കുയുണ്ടായി. ഈ അവകാശം സമയബന്ധിതമായി പൗരന് ലഭിക്കണം. ജീവനക്കാർ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്തവും ഉള്ളവരായി മാറുക എന്നത് ഇതിന്റെ അടിസ്ഥാനഘടകമാണ്. അതോടൊപ്പം ആധുനിക സാങ്കേതങ്ങൾ ഉപയോഗിക്കുന്ന ഓഫീസിന്റെ അന്തരീക്ഷവും ജീവനക്കാരുടെ മനോഭാവവും കൂടുതൽ സേവനോന്മുഖമാകണം. ഈ ലക്ഷ്യത്തോടെ ഘട്ടം ഘട്ടമായി നമ്മുടെ ഗ്രാമപഞ്ചായത്തുകൾ എല്ലാം ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ നേടണം എന്ന നയം ഗവൺമെന്റ് സ്വീകരിച്ചു കഴിഞ്ഞു. ആദ്യഘട്ടമായി 2013-ൽ ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട പത്ത് പഞ്ചായത്തുകൾ വീതം ഐ.എസ്.ഒ. അംഗീകാരം തേടുന്നതാണ്. ഈ വർഷത്തെ ബജറ്റിൽ ഇതിനായി തുക നീക്കിവച്ചിട്ടുണ്ട്. ഇതിന് മുന്നോടിയായി ഏതാനും ചുമതലകൾ നിറവേറ്റാൻ പഞ്ചായത്ത് ഓഫീസുകൾ സജ്ജമാകേണ്ടതുണ്ട്.

ജീവനക്കാരുടെ കാര്യക്ഷമതയും സേവനനിലവാരവും പൊതുജനങ്ങൾക്ക് തൃപ്തികരമാംവിധം വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ അവർക്ക് പരിശീലനം, ആധുനിക ഓഫീസ് സംവിധാനവുമായി ഇണങ്ങിച്ചേരാൻ അവരെ പ്രാപ്തമാക്കുന്നതിനായി ശിൽപ്പശാലകൾ എന്നിവ ഐ.എസ്.ഒ. അംഗീകാരത്തിന് മുന്നോടിയായി നടത്തും. ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം മാന്വൽ, ക്വാളിറ്റി മാനേജ്മെന്റ് പ്രൊസീഡിയർ മാന്വൽ, എന്നിവ തയാറാക്കും. ഓഫീസിനു പൊതുവായും ഒരോ യൂണിറ്റിന് പ്രത്യേകമായും ക്വാളിറ്റി പ്രൊസീഡിയർ, വർക്ക് ഇൻസ്ട്രക്ഷൻസ് എന്നിവ നിർദ്ദേശിക്കപ്പെടും. കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തെ വിഷ്വൽ കമ്മ്യൂണിക്കേഷൻ സമ്പ്രദായത്തിലൂടെ ബന്ധിപ്പിക്കുന്നത് വകുപ്പിന്റെ പ്രവർത്തന മികവും സേവനപ്രദാനവും വർദ്ധിപ്പിക്കുമെന്ന് അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട് ഈ ആശയം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

പഴഞ്ചൻ ചട്ടങ്ങളിലും നടപടി ക്രമങ്ങളിലും മാമൂലുകളിലും മനോഭാവത്തിലും തളച്ചിടപ്പെടേണ്ടവയല്ല കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. പൗരന്റെ ശബ്ദത്തിന്റെ ശക്തിയും പ്രസക്തിയും പ്രതിഫലിക്കുന്ന അടിസ്ഥാനവേദി എന്നതിനപ്പുറം അവന്റെ ജനാധിപത്യപരമായ അടിസ്ഥാനാവശ്യങ്ങൾ സേവനരൂപത്തിൽ അതിവേഗം നിറവേറ്റിക്കൊടുക്കേണ്ട സ്ഥാപനങ്ങൾ കൂടിയാണവ. ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെയും കമ്മ്യൂണിക്കേഷൻ ടെക്നോളജിയിലൂടെയും അതിവേഗം ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ ഏറ്റവും താഴെത്തട്ടിലുള്ള ജനാധിപത്യ ഘടകത്തിലൂടെ സമന്വയിപ്പിച്ച് പൗരനിൽ എത്തിക്കാനുള്ള ഓഫീസിന്റെ പ്രവർത്തന സേവന നിലവാരം ഐ.എസ്.ഒ. അംഗീകാരത്തിലൂടെ ഉയർത്തി നിലനിർത്തുക എന്ന കടമ പഞ്ചായത്ത് വകുപ്പ് ഏറ്റെടുക്കുന്നു. ജനസേവനത്തിനായുള്ള പ്രതിജ്ഞാബദ്ധത പരിപൂർണ്ണമായും നടപ്പിലാവുന്ന ഒരു പുതിയ കർമ്മകാണ്ഡത്തിന്റെ സാക്ഷാത്കാരത്തിന് ഇവിടെ തുടക്കമാവുന്നു. ■

**ഡോ. ജെ. ബി. രാജൻ**

# ബജറ്റും പുതുക്കിയ ബജറ്റും




തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതി ദ്രുത വിശകലവും രാണ്ടാം വാർഷിക പദ്ധതി (2013-14) തയ്യാറാക്കലും സംബന്ധിച്ച ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചുട്ടുണ്ടല്ലോ. (സ.ഉ (എം.എസ്) നം.47/2013/ത.സ്വ.ഭ.വ തീയ്യതി 4/2/2013). ഈ ഉത്തരവിൻ പ്രകാരം ഒന്നാം വാർഷിക പദ്ധതി ധൃത വിശകലനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രണ്ടാം വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾക്ക് മേലുദ്യോഗസ്ഥനിൽ നിന്നും 2013 മാർച്ച് 10ന് മുമ്പായും പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും മാർച്ച് 25 ന് മുമ്പായും അംഗീകാരം വാങ്ങേണ്ടതുണ്ട്. പദ്ധതിയും ബജറ്റും സംയോജിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ തീയതികൾ നിഷ്കർഷിച്ചിരിക്കുന്നത്. കൂടാതെ പുതുക്കിയ രണ്ടാം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയിൽ നിന്ന് 2013 ജൂൺ 15ന് മുമ്പും പുതുക്കിയ ബഡ്ജറ്റ് ജൂൺ 30ന് മുമ്പ് പാസ്സാക്കണമെന്ന് മേൽ സൂചിപ്പിച്ച ഉത്തരവിൽ പറയുന്നു. എന്തിനാണ് ബജറ്റും പദ്ധതിയും സംയോജിപ്പിക്കുന്നത്? എന്തിനാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കുന്നത്? ഈ ചോദ്യങ്ങൾക്ക് ഉത്തരം കാണുകയാണ് ചുവടെ.

**യഥാർത്ഥത്തിൽ ലഭിക്കാവുന്ന ഫണ്ടിന്റേയും സ്പിൽ ഓവർ പ്രോജക്ടുകളുടെയും അടിസ്ഥാനത്തിൽ കൂടുതൽ യാഥാർത്ഥ്യത്തിൽ ഊന്നിയ പദ്ധതി തയ്യാറാക്കുകയും അവ ബജറ്റിൽ ഉൾപ്പെടുത്തുകയും വേണം.**

## പദ്ധതി - ബജറ്റ് സംയോജനം

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നില നിൽപ്പും, സുഗമമായ പ്രവർത്തനവും ബജറ്റിനെ ആശ്രയിച്ചരിക്കും. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 193 പ്രകാരം സംസ്ഥാന സർക്കാരിന് പഞ്ചായത്തുകളെ പിരിച്ചു വിടാൻ അധികാരം നൽകുന്നത് മൂന്നു സാഹചര്യങ്ങളിലാണ്. അതിലൊരു സാഹചര്യം ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തൊട്ടടുത്തുള്ള സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ ബജറ്റ് അംഗീകരിക്കുന്നതിൽ പഞ്ചായത്ത് പരാജയപെടുകയാണെങ്കിലാണ്.

**കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214/(8) പ്രകാരം ഒരു പഞ്ചായത്ത് ബജറ്റ് വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തി വെയ്ക്കുകയോ ഏപ്രിൽ 1–ാം തീയതിയ്ക്ക് മുമ്പ് ആ വർഷത്തേക്കുള്ള ബജറ്റ് പാസ്സാക്കാതിരിക്കുകയോ ആണെങ്കിൽ അന്നു മുതൽ എന്തെങ്കിലും ചെലവ് വരുത്താൻ പാടില്ലാത്തതാകുന്നു.**



കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214/(8) പ്രകാരം ഒരു പഞ്ചായത്ത് ബജറ്റ് വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തി വെയ്ക്കുകയോ ഏപ്രിൽ 1–ാം തീയതിയ്ക്ക് മുമ്പ് ആ വർഷത്തേക്കുള്ള ബജറ്റ് പാസ്സാക്കാതിരിക്കുകയോ ആണെങ്കിൽ അന്നു മുതൽ എന്തെങ്കിലും ചെലവ് വരുത്താൻ പാടില്ലാത്തതാകുന്നു. അതത് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് പാസ്സാക്കണമെന്ന് നിയമം നിഷ്കർഷിക്കുന്നതിനാൽ ഇത് പഞ്ചായത്ത് കൃത്യമായി പാലിക്കുന്നു. എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214/(1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ ക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175–ാം വകുപ്പ് അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കണം. കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 175–ാം വകുപ്പിൽ പഞ്ചായത്തുകളുടെ വാർഷിക വികസന പദ്ധതികൾ തയ്യാറാക്കലും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും സംബന്ധിച്ചാണ് പരാമർശിച്ചിരിക്കുന്നത്. അതായത് പഞ്ചായത്ത് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുള്ള വാർഷിക വികസന പദ്ധതിയ്ക്കുള്ള ചെലവ് ഉൾപ്പെടെയാണ് ബജറ്റ് തയ്യാറാക്കേണ്ടതെന്ന് സാരം. എന്നാൽ നാളിതുവരെ പഞ്ചായത്തുകൾക്ക് അത് സാധിച്ചിരുന്നില്ല. പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ കാലതാമസമോ പദ്ധതി ആസൂത്രണ നടപടി ക്രമങ്ങൾക്ക് വേണ്ടി വരുന്ന വർദ്ധിച്ച സമയമോ മൂലം ബജറ്റിന് മുമ്പായി പദ്ധതി പൂർത്തീകരിച്ചിട്ടില്ലായെന്ന് മാത്രമല്ല അതത് പദ്ധതി വർഷത്തെ മാസങ്ങൾ പിന്നിട്ടതിന് ശേഷമാണ് വികസന പദ്ധതിയുടെ അന്തിമരൂപം നൽകുന്നത്. അതിനാൽ ബജറ്റ് രൂപീകരണം നിയമം നിഷ്കർഷിക്കുന്നത് കൊണ്ടു മാത്രമുള്ള ഒരു യാന്ത്രിക പ്രവർത്തനമായി ചുരുങ്ങിയിരിക്കുന്നു.

പദ്ധതിയും ബജറ്റും സംയോജിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടത്തിയിരുന്നുവെങ്കിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നില്ല. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ അടുത്ത വർഷത്തേക്കുള്ള പ്രോജക്ടുകളുടെ സംഗ്രഹവും (Shelf of Project) ഭ്രമണ പദ്ധതി (Rolling Plan) അടിസ്ഥാനമായി ദ്വൈവാർഷിക പദ്ധതികളും തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചത് പദ്ധതിയും ബജറ്റും തമ്മിലുള്ള ജൈവപരമായ ഏകോപനം സാധ്യമാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന് ഫലപ്രദമായ സമയം ഉറപ്പു വരുത്തുന്നതിനുമാണ്. ഒന്നാം വാർഷിക പദ്ധതിയുടെ ദ്രുത വിശകലനത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച രണ്ടാം വാർഷിക പദ്ധതിയിലെ (പരിഷ്കാരം ആവശ്യമുണ്ടെങ്കിൽ) പ്രോജക്ടുകൾ മാർച്ച് 10ന് മുമ്പും പദ്ധതി മാർച്ച് 25ന് മുമ്പും അംഗീകാരം വാങ്ങുന്നതോടെ അവ മാർച്ച് 31ന് മുമ്പ് പാസ്സാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്താൻ സാധിക്കും. മാത്രവുമല്ല ബജറ്റിൽ ഉൾപ്പെട്ട പദ്ധതി പ്രകാരം ഏപ്രിൽ 1 മുതൽ ചെലവു ചെയ്യാം.

### പുതുക്കിയ പദ്ധതിയും പുതുക്കിയ ബജറ്റും

സംസ്ഥാന ബജറ്റ് അവതരണത്തിന് ശേഷം മാത്രമെ സംസ്ഥാന ബജറ്റ് രേഖയിൽ അനുബന്ധം 4 പ്രകാരം ഓരോ പഞ്ചായത്തിനുമുള്ള വികസന ഫണ്ട് എത്രയെന്ന് അറിയാൻ സാധിക്കുകയുള്ളൂ. അതുവരെ പഞ്ചായത്തുകളുടെ ആസൂത്രണ പ്രവർത്തനങ്ങൾക്ക് കാലതാമസം വരുത്താനും കഴിയുകയില്ല. ഇത് പരിഹരിക്കുന്നതിനാണ് 2012-13 ൽ ലഭിച്ച

**പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയിൽ അടുത്ത വർഷത്തേക്കുള്ള പ്രോജക്ടുകളുടെ സംഗ്രഹവും (Shelf of Project) ഭ്രമണ പദ്ധതി (Rolling Plan) അടിസ്ഥാനമായി ദ്വൈ വാർഷിക പദ്ധതികളും തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചത് പദ്ധതിയും ബജറ്റും തമ്മിലുള്ള ജൈവപരമായ ഏകോപനം സാധ്യമാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന് ഫലപ്രദമായ സമയം ഉറപ്പു വരുത്തുന്നതിനുമാണ്.**

ഫണ്ടിന്റെ 25 ശതമാനം അധികം ലഭിക്കുമെന്ന് കണക്കാക്കി രണ്ടാം വാർഷിക പദ്ധതി തയ്യാറാക്കുവാൻ സർക്കാർ മാർഗ്ഗ നിർദ്ദേശം നൽകിയത് (സ.ഉ.(എം.എസ്) നം. 47/2013/ത.സ്വ.ഭ.വ തീയ്യതി 4/2/2013). ഇത്തരത്തിൽ പ്രതീക്ഷിതാടിസ്ഥാനത്തിലാണ് പദ്ധതിയും ബജറ്റും മാർച്ചിൽ തയ്യാറാക്കുന്നത്. എന്നാൽ സംസ്ഥാന ബജറ്റ് അവതരണത്തിന് ശേഷം പഞ്ചായത്തുകൾക്ക് ലഭ്യമായ ഫണ്ടിന്റെ തുക വ്യക്തമായി ലഭിക്കും. കൂടാതെ മാർച്ച് 31 കഴിഞ്ഞാലെ സ്പിൽ ഓവർ പ്രോജക്ടുകൾ സംബന്ധിച്ച വ്യക്തതയുണ്ടാവുകയുള്ളൂ. ആയതിനാൽ യഥാർത്ഥത്തിൽ ലഭിക്കാവുന്ന ഫണ്ടിന്റേയും സ്പിൽ ഓവർ പ്രോജക്ടുകളുടെയും അടിസ്ഥാനത്തിൽ കൂടുതൽ യാഥാർത്ഥ്യത്തിൽ ഊന്നിയ പദ്ധതി തയ്യാറാക്കുകയും അവ ബജറ്റിൽ ഉൾപ്പെടുത്തുകയും വേണം. ഈ സാഹചര്യം പരിഗണിച്ചാണ് പുതുക്കിയ പദ്ധതിയും പുതുക്കിയ ബജറ്റും സംബന്ധിച്ച് മാർഗ്ഗ രേഖ (47/2013) ൽ പരാമർശിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214/(5) പ്രകാരം ഒരു വർഷത്തിനിടയ്ക്ക് പഞ്ചായത്തിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവധ സർവ്വീസുകൾക്കുള്ള ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ അനുപൂരകമോ (supplementory) പുതുക്കിയതോ (Revised) ആയ ബജറ്റ് തയ്യാറാക്കണമെന്നുണ്ട്. മാർച്ചിൽ പാസ്സാക്കുന്ന ബജറ്റ് യഥാർത്ഥ വികസന ഫണ്ടിന്റെ അടിസ്ഥാനത്തിൽ അല്ലാത്തതിനാലും സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾച്ചേരാത്തിനാലും അവയേയും കൂടി ഉൾച്ചേർത്ത് പുതുക്കിയ പദ്ധതിയും പുതുക്കിയ ബജറ്റും തയ്യാറേക്കേണ്ടതുണ്ട്. ആയതിനുള്ള സമയം കൂടി പരിഗണിച്ചാണ് ഇവയ്ക്കായി യഥാക്രമം ജൂൺ 15,30, എന്നീ തീയതികൾ മേൽ സൂചിപ്പിച്ച മാർഗ്ഗരേഖയിൽ കൊടുത്തിരിക്കുന്നത്.

നിയമ പ്രകാരം യാന്ത്രികമായി തയ്യാറാക്കിയിരുന്ന ബജറ്റും, ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തയ്യാറാക്കിയിരുന്ന പദ്ധതിയും തമ്മിൽ പരസ്പര സംയോജനമില്ലാതിരുന്നത് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ പരിഹരിക്കപ്പെടുകയാണ്. പദ്ധതി പ്രകാരം ബജറ്റ് തയ്യാറാക്കുവാനും ബജറ്റ് പ്രകാരം ചെലവ് വരുത്തുവാനും ഇതോടെ സാധ്യമാവും. കൂടാതെ ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള ആസൂത്രണത്തിനായുള്ള 'സുലേഖ' സോഫ്റ്റ് വെയറും അക്കൗണ്ടിംഗിനായുള്ള 'സാംഖ്യ'യിൽ ബജറ്റ് കൂടി ഉൾപ്പെടുത്തുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ ഐ.കെ.എം ൽ നടന്നു വരുന്നു. നിർമ്മാണ പ്രവർത്തികൾക്കുള്ള 'സുഗമ' സോഫ്റ്റ് വെയറും ഇവയുമായി സംയോജിപ്പിച്ചിട്ടുണ്ട്. മാത്രവുമല്ല ഈ മൂന്നു സോഫ്റ്റ് വെയറുകളും വെബ് അധിഷ്ഠിതവുമാണ്. പദ്ധതി-ബജറ്റ്-അക്കൗണ്ടിംഗ് സംയോജനം സാധ്യമാക്കുന്നത് സുതാര്യതയും ഉത്തരവാദിത്ത പൂർണ്ണമായ ധനമാനേജ്മെന്റും ഉറപ്പ് വരുത്തും. ഇതോടു കൂടി അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃകക്ക് പുതിയൊരു മാനം കൈവരുകയാണ്. ■

*ലേഖകൻ കിലയിൽ അസി: പ്രൊഫസറാണ്.*



പി.ടി. മാത്യു



# ഗ്രാമസഭ
# പ്രാദേശിക ജനകീയ ഭരണതലം

ഭാഗം രണ്ട്

## ഗ്രാമസഭയുടെ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ

വോട്ടർമാരുടെ സഭ എന്ന നിലയിൽ ഗ്രാമസഭ ആത്യന്തികമായി വളരെയധികം അധികാരവും ഉത്തരവാദിത്വവും ചുമതലയുമുണ്ടെന്നു നാം മനസ്സിലാക്കണം. അവർ തിരഞ്ഞെടുക്കുന്ന ഭരണസംവിധാനം അവർക്കുവേണ്ടി എങ്ങനെ ഭരിക്കുന്നു, വികസനക്ഷേമപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതെങ്ങനെ , ആസൂത്രണം ചെയ്യുന്നതെങ്ങനെ എന്നു പരിശോധിക്കാനും മെച്ചപ്പെടുത്താൻ വേണ്ട പിന്തുണ നൽകാനും അവർക്ക് അധികാരവും ഉത്തരവാദിത്വവും ചുമതലയുമുണ്ടെന്നു നാം തിരിച്ചറിയണം. എങ്കിൽ എന്തൊക്കെയാണ് അധികാരവും ചുമതലകളും ഉത്തരവാദിത്വവുമെന്നു നോക്കാം.

### ഗ്രാമസഭയുടെ ചുമതലകൾ

പഞ്ചായത്തിന്റെ വികസനപദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസനപരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക.

ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് , പഞ്ചായത്ത് ഭരണസമിതി നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകുക. ഇത് ഗ്രാമപഞ്ചായത്തിന് മാത്രമല്ല, ബ്ലോക്ക് പഞ്ചായത്തിനും ബാധകമാണ്.

**അനുഭവത്തിന്റേയും തെറ്റിദ്ധാരണയുടേയും പരസ്പര ധാരണയില്ലായ്മയുടേയും അടിസ്ഥാനത്തിൽ ഗ്രാമസഭയുടെ ഇന്നത്തെ അവസ്ഥ സംബന്ധിച്ച് നിരവധി പരാമർശങ്ങളുണ്ട്. പലപ്പോഴും നമ്മുടെ സൗകര്യാർത്ഥം ഇവ പലതും നാം കണ്ടില്ലെന്നു നടിക്കുന്നതാണ് പതിവ്. ഇവ ഗൗരവത്തോടെ ചർച്ചയ്ക്കു വിധേയമാക്കാനും പരിഹരിച്ച് ശക്തമായി മുന്നോട്ടുപോകാനും നമുക്കു കഴിയണം.**

പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകിക്കൊണ്ട് വികസനപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായങ്ങൾ ചെയ്തുകൊടുക്കുക

വികസനപദ്ധതികൾക്ക് ആവശ്യമായ സന്നദ്ധസേവനവും, പണമായോ സാധനമായോ ഉള്ള സഹായങ്ങളും നൽകുകയും സമാഹരിക്കുകയും ചെയ്യുക

തെരുവു വിളക്കുകൾ, തെരുവിലേതോ പൊതുവായതോ ആയ വാട്ടർ ടാപ്പുകൾ, പൊതുകിണറുകൾ, പൊതു സാനിറ്റേഷൻ യൂണിറ്റുകൾ, ജലസേചന സൗകര്യങ്ങൾ, മറ്റ് പൊതു അവശ്യപദ്ധതികൾ തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക

ശുചിത്വം, പരിസ്ഥിതിസംരക്ഷണം, മലിനീകരണ നിയന്ത്രണം തുടങ്ങിയ പൊതു താല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും അഴിമതി, വ്യാജവും കൃത്രിമവുമായ ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ സംരക്ഷണം നൽകുകയും ചെയ്യുക.

ഗ്രാമസഭയുടെ പ്രദേശത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുകയും ആ പ്രദേശത്തെ ആളുകളിൽ സൻമനോഭാവം വളർത്തുന്നതിനായി കലാകായിക മേളകൾ സംഘടിപ്പിക്കുക

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസനപ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃകമ്മിറ്റികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക

സർക്കാരിൽ നിന്ന് പെൻഷൻ, സബ്സിഡി എന്നിവ പോലുള്ള വിവിധതരം ക്ഷേമസഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുക

ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പണികളെ സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റുകളുടെ വിവരങ്ങൾ ശേഖരിക്കുക

അടുത്ത മൂന്നു മാസങ്ങളിൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭ്യമാക്കുക.

ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് പഞ്ചായത്ത് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റേയും യുക്തി അറിയുക

ഗ്രാമസഭയുടെ തീരുമാനങ്ങൾ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർ നടപടികളെക്കുറിച്ചും ഏതെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങളെക്കുറിച്ചും അറിയുക

ശുചീകരണ പ്രക്രിയകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുകയും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധ സേവനം നൽകുകയും ചെയ്യുക

ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവുവിളക്ക് കത്തിക്കൽ എന്നീ സംവിധാനങ്ങളിലെ പോരായ്മകൾ കണ്ടുപിടിക്കുകയും പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക

ഗ്രാമസഭയുടെ പ്രദേശത്തെ സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃസംഘടനകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുക

ഗ്രാമസഭയുടെ പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് രോഗപ്രതിരോധത്തിലും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും സഹായിക്കുക

കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റു ചുമതലകൾ നിർവ്വഹിക്കുക

**ഗ്രാമസഭയുടെ ഉത്തരവാദിത്വങ്ങൾ**

വികസനവും ക്ഷേമവും സംബന്ധിച്ച പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക

ആരോഗ്യ - സാക്ഷരതാ പരിപാടികളിലും അതുപോലുള്ള വികസനപരമായ മറ്റ് സമയബന്ധിത പരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചരണം നടത്തുകയും ചെയ്യുക

അവശ്യ സാമൂഹിക-സാമ്പത്തിക അടിസ്ഥാന രേഖകൾ ശേഖരിക്കുക

വികസനപ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുക

നികുതികൾ നൽകുന്നതിനും വായ്പ തിരിച്ചടയ്ക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനുമായി ധാർമ്മികമായ മാർഗങ്ങൾ അവലംബിക്കുക



പഞ്ചായത്തിന്റെ ധനാഗമ മാർഗങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രാദേശികമായി വിഭവസമാഹരണം നടത്തുക

വികസനപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക

സാംക്രമിക രോഗങ്ങൾ, പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരം നൽകുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക

**എന്താണ് ഗ്രാമസഭയുടെ ഇന്നത്തെ അവസ്ഥ**

അനുഭവത്തിന്റേയും തെറ്റിദ്ധാരണയുടേയും പരസ്പര ധാരണയില്ലായ്മയുടേയും അടിസ്ഥാനത്തിൽ ഗ്രാമസഭയുടെ ഇന്നത്തെ അവസ്ഥ സംബന്ധിച്ച് നിരവധി പരാമർശങ്ങളുണ്ട്. പലപ്പോഴും നമ്മുടെ സൗകര്യാർത്ഥം ഇവ പലതും നാം കണ്ടില്ലെന്നു നടിക്കുന്നതാണ് പതിവ്. ഇവ ഗൗരവത്തോടെ ചർച്ചയ്ക്കു വിധേയമാക്കാനും പരിഹരിച്ച് ശക്തമായി മുന്നോട്ടുപോകാനും നമുക്കു കഴിയണം. എന്തൊക്കെയാണ് അവ എന്നു നോക്കാം.

ഗ്രാമസഭയെയും തീരുമാനപ്രക്രിയയെയും രാഷ്ട്രീയവൽക്കരിക്കുന്നു.

മിനിറ്റ്സ് അവിടെവച്ചു തന്നെ രേഖപ്പെടുത്തുന്നില്ല/മിനിറ്റ്സ് കൃത്യമായി എഴുതതാറില്ല.

പങ്കാളിത്തത്തിൽ സ്ത്രീകളാണ് കൂടുതൽ. എന്നാൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ ഇവർക്ക് പ്രാതിനിധ്യം ഇല്ല.

പുരുഷന്മാരുടെ എണ്ണം ഗ്രാമസഭയിൽ കുറഞ്ഞുവരുന്നു

ഗ്രാമസഭയിൽ കൂടുതലും ആനുകൂല്യം പ്രതീക്ഷിച്ചുവരുന്നവരാണ്.

വിദ്യാസമ്പന്നരും, സാമ്പത്തികമായി മുന്തിയവരും ഗ്രാമസഭയിൽ പങ്കെടുക്കുന്നില്ല

ഗ്രാമസഭാ തീരുമാനങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നില്ല

ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നില്ല.

സ്വജനപക്ഷപാതം നിലനിൽക്കുന്നു

ഗ്രാമസഭയിൽ പങ്കെടുത്തതുകൊണ്ട് ഒരു ഗുണവും ലഭിക്കുന്നില്ല. പിന്നെ എന്തിന് പങ്കെടുക്കണം

കൊടുത്തവർക്കു തന്നെ ആനുകൂല്യം വീണ്ടും നൽകുന്നു.

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ മാറ്റം വരുത്തുന്നു

ഗ്രാമസഭ പ്രസംഗങ്ങളുടെ വേദിയായി മാത്രം മാറുന്നു

എല്ലാവരെയും അറിയിക്കുന്നു. എന്നാൽ പങ്കെടുക്കാൻ തയ്യാറാകുന്നില്ല

ഗ്രാമസഭയുടെ അധികാരാവകാശങ്ങളെക്കുറിച്ച് പൊതുജനത്തിന്റെ അവബോധമില്ലായ്മ

ഗ്രാമസഭാ തീരുമാനങ്ങളുടെ തുടർപ്രവർത്തനം അറിയുന്നില്ല

എല്ലാ വിഭാഗങ്ങളേയും പങ്കെടുപ്പിക്കാൻ കഴിയുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി പങ്കെടുക്കുകയോ, അവരുടെ പങ്ക് നിർവ്വഹിക്കുകയോ ചെയ്യുന്നില്ല

ഗ്രാമസഭയുടെ സ്ഥലം, സമയം, തീയതി, അജണ്ട എന്നിവ തീരുമാനിക്കുന്നതിലെ അപാകത. അതിനാൽ എല്ലാവർക്കും എത്തിപ്പെടാനോ, ഇരിക്കാനോ കഴിയുന്നില്ല. ചർച്ചയ്ക്ക് ആവശ്യത്തിന് സമയം ലഭിക്കുന്നില്ല

ഭരിക്കുന്ന ആളിന്റെ മാത്രം ആവശ്യമായി മാറുന്നു

സുതാര്യത ഇല്ലായ്മ

പ്രചരണത്തിന്റെ അഭാവം

ത്രിതലങ്ങളുടെ ഏകോപനക്കുറവ്

ഗ്രാമസഭ നന്നായി നടത്താൻ ജനപ്രതിനിധികൾ താല്പര്യം കാണിക്കുന്നില്ല

കേവലം ഒരു ചടങ്ങായി മാറുന്നു.

ഇത്തരത്തിൽ നീളുന്നു ഗ്രാമസഭയുമായി ബന്ധപ്പെട്ട പരാതികൾ. എല്ലാ പഞ്ചായത്തുകളുടേയും ഗ്രാമസഭകളുടേയും പ്രശ്നമാണെന്നല്ല, മറിച്ച് ഇവ മൊത്തത്തിൽ വരുന്ന പ്രശ്നങ്ങളായി കാണാവുന്നതാണ്. എങ്കിലും ആളുകളുടെ പങ്കാളിത്തം മൊത്തത്തിൽ കുറഞ്ഞുവരുന്നതായി കാണാം. ഇതിന്റെ കാരണങ്ങൾ അന്വേഷിക്കുകയും പരിഹരിക്കുകയും ചെയ്യാതെ ഇത്രയും ഫലപ്രദമായ ഒരു സംവിധാനത്തെ മെച്ചപ്പെടുത്തിക്കൊണ്ടുവരിക സാധ്യമല്ല.

ഇത്തരത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നതിൽ നമുക്ക് പങ്കുണ്ടോ? നിർണായകമായ പങ്കു നമുക്കാണുള്ളതെന്ന് നാം തിരിച്ചറിയണം. മെച്ചപ്പെട്ട രീതിയിൽ ഗ്രാമസഭ സംഘടിപ്പിക്കാൻ പലപ്പോഴും നമ്മുടെ തിരക്കും സമയക്കുറവുമാണ് കാരണമായിത്തീരുന്നത്. തിരക്കും സമയക്കുറവും പരിഹരിച്ചിട്ട് ഇതൊക്കെ ചെയ്യാമെന്നു കരുതിയാൽ ഒന്നും സമയബന്ധിതമായി തീർക്കാൻ കഴിയില്ല. ചെലവാണെങ്കിൽ സർക്കാർ ഉത്തരവ് വരട്ടെ എന്നിട്ടു വിളിക്കാമെന്നു കരുതും. ഉത്തരവ് വന്നാലോ പിന്നെ എടുപിടീന്ന് എല്ലാം ചെയ്യേണ്ടിവരുന്നു.അപ്പോൾ ഇതൊക്കെ തട്ടിക്കൂട്ടലായി അവസാനിക്കും. ഇവിടെയാണ് പഞ്ചായത്തിനകത്ത് അധികാരവികേന്ദ്രീകരണവും ഉത്തരവാദിത്വവിഭജനവും നടക്കേണ്ടതിന്റെ പ്രാധാന്യം. ഗ്രാമസഭയും പങ്കാളിത്തവും അവിടെ ഗുണകരമായ പ്രവർത്തനങ്ങളും എന്തുമാത്രം നടക്കുന്നുവോ അത്രകണ്ട് പഞ്ചായത്തുകളുടെ പ്രവർത്തനവും വികസനപ്രവർത്തനങ്ങളും മെച്ചപ്പെടുമെന്നാണ് നമ്മുടെ അനുഭവങ്ങൾ കാണിക്കുന്നത്. ഗ്രാമസഭ മെച്ചപ്പെടുത്താൻ തീരുമാനിക്കുമ്പോൾ നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

ഗ്രാമസഭ മെച്ചപ്പെടുത്താനായി നാം ശ്രമിക്കുമ്പോൾ നിരവധി പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കേണ്ടതായി വരും. അതിന് നമുക്കു സാധിക്കുമെന്നാണ് പല പഞ്ചായത്തുകളും തെളിയിച്ചിട്ടുള്ളത്.ഇതിൽ ആദ്യം തന്നെ നാം മാറ്റേണ്ടിവരുന്നത് ഗ്രാമസഭയോടുള്ള നമ്മുടെ മനോഭാവമാണ്. ജനപ്രതിനിധിയെന്ന നില പൊതുജനത്തിനൊപ്പം നിന്ന് ഭരണവും വികസനപ്രവർത്തനവും മെച്ചപ്പെടുത്താൻ നേതൃത്വരംഗത്തു നിന്ന് പ്രവർത്തിക്കാൻ ഏറ്റവും പറ്റിയ ഇടമാണ് ഗ്രാമസഭ. ഭരണവികസന പ്രവർത്തനങ്ങളിൽ സുതാര്യതയും പങ്കാളിത്തവും സാമൂഹികനീതിയും ഉറപ്പുവരുത്താൻ പറ്റിയ ഇടമാണ് ഗ്രാമസഭ. കൂടാതെ നാം നടത്തുന്ന ഭരണ,വികസനക്ഷേമപ്രവർത്തനങ്ങൾ സ്ഥായിയും ദീർഘവീക്ഷണമുള്ളതുമാകണമെങ്കിൽ ഇതിൽ പൊതുജനത്തിന്റെ പങ്കും ഉത്തരവാദിത്വവും വഹിക്കാൻ അവസരം നൽകണം.- അതിനുതകുന്ന അറിവും ചിന്തയും അവർക്കും പകർന്നു നൽകാൻ കഴിയണം. ■

(തുടരും)



ഡോ. പ്രദീപ് കുമാർ പി.കെ

# മേഘവിസ്ഫോടനം

ഈയടുത്ത കാലത്ത് കേരളത്തിലുണ്ടായ ചില ഉരുൾപൊട്ടലുകളോടനുബന്ധിച്ച് വളരെയേറെ പറഞ്ഞു കേൾക്കുന്ന ഒരു വാക്കാണ് 'മേഘവിസ്ഫോടനം'. ഒരു നല്ല മഴ പെയ്താലുടനെ അത് മേഘ വിസ്ഫോടനമാണെന്നും പ്രളയമുണ്ടാകുമെന്നും ഉരുൾപൊട്ടലുണ്ടാകുമെന്നുമൊക്കെയുള്ള തെറ്റിദ്ധരിപ്പിക്കുന്ന സംഭാഷണങ്ങളും അഭ്യൂഹങ്ങളും ചിലപ്പോഴുണ്ടാകാറുണ്ട്.

എല്ലാ മഴയും മേഘവിസ്ഫോടനമല്ല. എന്നാൽ ഒരു പ്രദേശത്ത് അപ്രതീക്ഷിതമായി വളരെ കുറച്ചു സമയത്തിനുള്ളിൽ വളരെ കൂടുതൽ അളവുള്ള മഴ, കുമുലോനിംബസ് എന്ന മേഘത്തിൽ നിന്നും ഉണ്ടാകുമ്പോഴാണ് അതിനെ മേഘവിസ്ഫോടനം (cloud burst) എന്ന് പറയുന്നത്. കുമുലോനിംബസ് മേഘത്തിൽ നിന്നും ഒരു മണിക്കൂറിൽ 100 (നൂറ്) മില്ലിമീറ്ററിൽ കൂടുതൽ മഴയുണ്ടാകുകയാണെങ്കിൽ മാത്രമേ ഈ പ്രതിഭാസം മേഘവിസ്ഫോടനം എന്ന വിഭാഗത്തിൽ പെടുകയുള്ളൂ.

മറ്റുള്ള മേഘങ്ങളിൽ നിന്നും വ്യത്യസ്തമായി ഭൂമിയുടെ അന്തരീക്ഷത്തിന്റെ താഴെ തട്ടിൽ നിന്നും തുടങ്ങി ഒരു കൊടുമുടി പോലെ വളർന്ന് വളരെ ഉയരത്തിൽ ഉണ്ടാകുന്ന മേഘമാണ് കുമുലോനിംബസ് മേഘം.

നമ്മുടെ ആകാശത്ത് പല വിധത്തിലുള്ള മേഘങ്ങളുണ്ട്. ഭൂതലത്തിൽ നിന്നുമുള്ള ഉയരം കണക്കാക്കിയും മേഘത്തിന്റെ കാഠിന്യം, ആകൃതി, ഇവ മനസ്സിലാക്കിയും ഓരോ മേഘത്തിനും ഓരോ പേരുകൾ ഉണ്ട്. സമുദ്രനിരപ്പിൽ നിന്നും ഏകദേശം ഏഴ് കിലോമീറ്റർ ഉയരത്തിന് മുകളിൽ കാണുന്ന മേഘങ്ങളെ ഉയർന്നതല മേഘങ്ങൾ എന്ന് പറയുന്നു. ഈ തലത്തിലുള്ള മേഘങ്ങളാണ് സിറസ്, സിറോസ്ട്രാറ്റസ്, സിറോകുമുലസ്. പ്രസ്തുത മേഘങ്ങൾക്ക് കാഠിന്യം വളരെ കുറവാണ്. ആയതിനാൽ ഇവയിൽ നിന്നും മഴ ഉണ്ടാകുന്നതേയില്ല.

സമുദ്രനിരപ്പിൽ നിന്നും ഏകദേശം രണ്ടു കിലോമീറ്റർ മുതൽ ഏഴ് കിലോമീറ്റർ വരെയുള്ള ഉയരത്തിനുള്ളിൽ രൂപം കൊള്ളുന്ന മേഘങ്ങളാണ് മദ്ധ്യതല മേഘങ്ങൾ. അൾടാസ്ട്രാറ്റസ്, അൾടോകുമുലസ് മേഘങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു. തീരെ ശക്തി കുറഞ്ഞതും കനം കുറഞ്ഞതുമായ മഴ ചില അവസരങ്ങളിൽ ഇത്തരം മേഘങ്ങളിൽ നിന്നും ഉണ്ടായേക്കും.

ആകാശത്ത് സമുദ്രതലത്തിൽ നിന്നും രണ്ടു കിലോമീറ്റർ താഴെയുള്ള താഴ്ന്നതല മേഘങ്ങളിലെ മൂന്ന് പ്രധാന ഉപവിഭാഗങ്ങളാണ് സ്ട്രാറ്റസ്, സ്ട്രാറ്റോകുമുലസ്, നിംബോസ്ട്രാറ്റസ്. ഈ മൂന്ന് മേഘങ്ങളിൽ നിന്നും മഴകിട്ടാറുണ്ട്. ശക്തിയുള്ളതും സമയദൈർഘ്യം കൂടുതലുള്ളതുമായ മഴ തരുന്ന മേഘങ്ങളിൽ ഒന്നാണ് നിംബോസ്ട്രാറ്റസ്. തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്തും വടക്കു കിഴക്കൻ കാലവർഷക്കാലത്തും കേരളക്കരയിൽ ഈ മേഘങ്ങൾ വളരെയേറെ ഉണ്ടായിരിക്കും. എന്നാൽ പ്രസ്തുത മേഘത്തിൽ നിന്നും മേഘവിസ്ഫോടനം എന്ന പ്രതിഭാസം ഉണ്ടാകുന്നില്ല.



**ഒരു കൊടുമുടിപോലെ വളർന്ന് ഏകദേശം പത്ത്-പതിനഞ്ച് കിലോമീറ്ററോളം ഉയരമെത്തുന്ന മേഘമാണ് കുമുലോനിംബസ്. ഈ മേഘത്തിൽ നിന്നാണ് ഇടിയും മിന്നലും ഉണ്ടാകാറുള്ളത്. പൂർണ്ണവളർച്ചയെത്തിയ ചില കുമുലോനിംബസ് മേഘങ്ങളുടെ അടിഭാഗ വ്യാസവും പത്ത്-പതിനഞ്ച് കിലോമീറ്ററോളം കണ്ടേക്കും. കാഠിന്യം വളരെയേറെയുള്ള കുമുലോനിംബസ് മേഘത്തിൽ നിന്നാണ് മേഘവിസ്ഫോടനം ഉണ്ടാകാറുള്ളത്.**



മേഘങ്ങളിൽ വേറൊരു വിഭാഗവുമുണ്ട്; കുത്തനെ രൂപം പ്രാപിക്കുന്ന മേഘങ്ങൾ. അന്തരീക്ഷത്തിന്റെ താഴെ തലത്തിൽ നിന്നും തുടങ്ങി കുത്തനെ മേലോട്ടുയർന്ന് രൂപം കൊള്ളുന്ന മേഘങ്ങളാണിവ. ഇതിന്റെ രണ്ട് ഉപവിഭാഗങ്ങളാണ് കുമുലസ്സും കുമുലോനിംബസ്സും. അടിഭാഗം പരന്ന് പഞ്ഞിക്കെട്ടുകൾ പോലെ മുകളിലേക്കുയർന്ന് പോകുന്ന മേഘങ്ങളെ കാണാൻ നല്ല ഭംഗിയായിരിക്കും. ഇതിൽ കുമുലസ് മേഘങ്ങൾക്ക് കാഠിന്യം കുറവായിരിക്കുകയും എളുപ്പം ഇല്ലാതാകുകയും ചെയ്യും. വെറും കുമുലസ് മേഘങ്ങളിൽ നിന്ന് മഴത്തുള്ളികൾ അപൂർവ്വമായി മാത്രമേ ഉണ്ടാകാറുള്ളൂ.

ഒരു കൊടുമുടിപോലെ വളർന്ന് ഏകദേശം പത്ത്-പതിനഞ്ച് കിലോമീറ്ററോളം ഉയരമെത്തുന്ന മേഘമാണ് കുമുലോനിംബസ്. ഈ മേഘത്തിൽ നിന്നാണ് ഇടിയും മിന്നലും ഉണ്ടാകാറുള്ളത്. പൂർണ്ണവളർച്ചയെത്തിയ ചില കുമുലോനിംബസ് മേഘങ്ങളുടെ അടിഭാഗ വ്യാസവും പത്ത്-പതിനഞ്ച് കിലോമീറ്ററോളം കണ്ടേക്കും. കാഠിന്യം വളരെയേറെയുള്ള കുമുലോനിംബസ് മേഘത്തിൽ നിന്നാണ് മേഘവിസ്ഫോടനം ഉണ്ടാകാറുള്ളത്.

ഒരു സ്ഥലത്തെ അന്തരീക്ഷവായുവിന് സമീപ സ്ഥലത്തെ അന്തരീക്ഷ വായുവിനെക്കാൾ ചൂട് കൂടുകയും ഭൂമിയുടെ ഉപരിതലത്തിൽ സമാന്തരമായി കാറ്റ് ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ചൂട് പിടിച്ച വായു ആകാശത്തേക്ക് ഉയരുന്നു. അല്ലെങ്കിൽ ഒരു പ്രദേശത്തെ ചൂട് പിടിച്ച വായുവിലേക്ക് സമീപ പ്രദേശത്തു നിന്നു പെട്ടെന്ന് തണുത്ത വായു കടന്നു വന്നാൽ ചൂടുള്ള വായു ഉടൻതന്നെ മുകളിലേക്ക് ഉയരുന്നു. ചിലപ്പോൾ ഈ രണ്ടുകാര്യങ്ങളും ഒരുമിച്ച് നടന്നേക്കാനുമിടയുണ്ട്. ഇങ്ങനെ മുകളിലേക്ക് ഉയരുന്ന വായുവിൽ ഈർപ്പമുണ്ടായാൽ അത് ഘനീഭവിച്ച് കുമുലോനിംബസ് മേഘമായി മാറുന്നു.

കുമുലോനിംബസ് മേഘത്തിനുള്ളിൽ മുകളിലേക്ക് പ്രവഹിക്കുന്ന വായുവിനെ അപ്ഡ്രാഫ്റ്റ് (updraft) എന്നാണ് പറയുക. ഒരു മണിക്കൂറിൽ നൂറു കിലോമീറ്റർ വരെ വേഗത ഇത്തരം അപ്ഡ്രാഫ്റ്റിന് കൈവരുന്നു. ചുരുക്കിപറഞ്ഞാൽ താഴെ ഭൂതലത്തിൽ നിന്നും പൊങ്ങി വരുന്ന ഈർപ്പമുള്ള വായു കുത്തനെ മുകളിലേക്ക് ഉയർന്ന് അതിലെ ഈർപ്പം സംഘനിച്ച് വലിയ ഉയരമുള്ള പഞ്ഞിക്കെട്ടുപോലുള്ള മേഘമായി മാറുകയാണ് ചെയ്യുന്നത്. ഒരു വിധത്തിൽ പറഞ്ഞാൽ ഈ മേഘത്തെ താങ്ങിനിർത്തുന്നത് മുകളിലേക്ക് പ്രവഹിക്കുന്ന അപ്ഡ്രാഫ്റ്റ് ആണ്.

ഭൂമിയുടെ പ്രതലത്തിന് സമാന്തരമായി പെട്ടന്ന് മറ്റു വിധത്തിലുള്ള വായു പ്രവാഹങ്ങളുണ്ടാകുമ്പോൾ ഈ അപ്ഡ്രാഫ്റ്റ് ഉടൻതന്നെ നിലച്ചു പോകുകയും മേഘത്തിന്റെ ഓരോ കണികകളും വളരെ വേഗത്തിൽ താഴേക്ക് പതിക്കാൻ തുടങ്ങുകയും ചെയ്യും. ചിലർ ധരിക്കുന്നതുപോലെ മേഘം ഒരുമിച്ച് ഒറ്റയടിക്ക് താഴേക്ക് വീഴുന്നില്ല. മേഘത്തിനുള്ളിലെ വെള്ളത്തിന്റെയും ഹിമത്തിന്റെയും കോടിക്കണക്കിനുള്ള കണികകൾ വളരെപ്പെട്ടന്ന് വളരെ വലുതായി ആകാശത്ത് തങ്ങിനില്ക്കാൻ കഴിവില്ലാതെ ഓരോന്നും ഓരോ കൂട്ടമായി വളരെ വേഗത്തിൽ ക്രമേണ താഴേക്ക് വീഴുമ്പോഴാണ് വളരെ ശക്തിയുള്ള മഴ ചുരുങ്ങിയ സമയത്തിനുള്ളിൽ ഉണ്ടാകുന്നത്. ചിലപ്പോൾ ഇത്തരം മേഘത്തിലെ അപ്ഡ്രാഫ്റ്റ് മേഘത്തിന്റെ അടിഭാഗത്ത് ഒരു വശത്ത് മാത്രം നടക്കുകയും മറുവശത്ത് മഴത്തുള്ളികൾ താഴേക്ക് വീഴുകയും ചെയ്യാനുള്ള സാദ്ധ്യതയുമുണ്ട്. ഇത്തരം സന്ദർഭത്തിൽ ഈ മേഘത്തിന്റെ അടിഭാഗത്തുള്ള ഒരു പ്രദേശത്ത് മഴയില്ലെങ്കിൽ മറുഭാഗത്തുള്ള പ്രദേശത്ത് അതിഗംഭീരമായ വളരെ ശക്തിയുള്ള മഴയുണ്ടാകും.

ഇങ്ങനെ കുമുലോനിംബസ് മേഘത്തിൽ നിന്നും അതിശക്തമായ മഴ ഇടിമിന്നലോട് കൂടിയോ അല്ലാതെയോ കുറച്ചു സമയം കൊണ്ട് ഉണ്ടാകുന്നതിനെയാണ് മേഘവിസ്ഫോടനം അഥവാ ക്ലൗഡ് ബേസ്റ്റ് എന്ന് പറയുന്നത്. ഈ സന്ദർഭത്തിൽ ഭൂമിയുടെ പ്രതലത്തിൽ അവിചാരിതമായ പ്രളയം കുറഞ്ഞ സമയം കൊണ്ട് ഉണ്ടാകാനുള്ള സാദ്ധ്യത വളരെയേറെയാണ്.

മുൻപ് സൂചിപ്പിച്ചതുപോലെ കുമുലോനിംബസ് മേഘത്തിൽ നിന്നും ഒരു മണിക്കൂറിൽ 100 (നൂറ്) മില്ലിമീറ്ററിൽ കൂടുതൽ മഴയുണ്ടാകുകയാണെങ്കിൽ അത് മേഘവിസ്ഫോടനമാണ്. മഴ അളക്കാറുള്ളത് മില്ലിമീറ്റർ, സെന്റിമീറ്റർ, മീറ്റർ എന്നീ യൂണിറ്റുകളിലാണ്. ഒരു പ്രദേശത്ത് പെയ്യുന്ന മഴ എവിടെയും പോകാതെ ആ പ്രദേശത്ത് തന്നെ കെട്ടി നിന്നാലുള്ള ഉയരമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മഴവെള്ളം ഒരിക്കലും

മുഴുവനായും കെട്ടിനില്ക്കാറില്ല. അത് ഭൂമിക്കടിയിലേക്കോ ഉപരിതലത്തിൽ കൂടിയോ ഒഴുകി ക്രമേണ ഇല്ലാതാകും ആയതിനാൽ മഴവെള്ളത്തിന്റെ ഉയരം കണക്കാക്കുന്ന ഉപകരണമാണ് വർഷമാപിനി (rain gauge). മഴവെള്ള ഉയരം കൂടുന്തോറും പ്രളയത്തിന്റെ തീവ്രതയും കൂടിവരും.

വിക്കിപീഡിയ എൻസൈക്ലോപീഡിയയിൽ ലോകത്തിന്റെ വിവധയിടങ്ങളിൽ രേഖപ്പെടുത്തിയ മേഘവിസ്ഫോടനങ്ങളുടെ വിശദാംശങ്ങളുണ്ട്. അതിൽ ചിലത് ഇവിടെ സൂചിപ്പിക്കട്ടെ. 1916 മെയ് 12 ന് ജമൈക്ക രാജ്യത്തിലെ പ്ലംബ്പോയിന്റ് എന്ന സ്ഥലത്ത് 15 മിനിറ്റിനുള്ളിൽ പെയ്തത് 198 മില്ലിമീറ്റർ മഴയാണ്. 1906 ആഗസ്റ്റ് 24ന് അമേരിക്കയിലെ ഗിനിയ എന്ന സ്ഥലത്ത് 40 മിനിട്ടിനുള്ളിൽ പെയ്തത് 235 മില്ലിമീറ്ററാണ്. റൊമാനിയൻ പ്രദേശമായ കുർഡ്ഡി ആർഗ്സിൽ 1947 ജൂലായ് 7ന് 206 മി.മീ. മഴ പെയ്തത് 20 മിനിട്ടിനുള്ളിലാണ്.

2010 ആഗസ്റ്റ് 5ന് ഇന്ത്യയിലെ ലഡാക്ക്-ലെഹ്‌യിൽ 1 മണിക്കൂറിൽ 250 മി.മീ മഴ പെയ്തു. ഇതിനോടനുബന്ധിച്ച് ആഗസ്റ്റ് 5,6 തീയ്യതികളിൽ ലഡാക്കിലെ ലെഹ് പട്ടണത്തിൽ വൻ പ്രളയമുണ്ടാകുകയും ഏകദേശം ആയിരത്തോളം ആളുകൾ മരിക്കുകയും നാനൂറോളം പേർക്ക് പരിക്ക് പറ്റുകയും ചെയ്തതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പൂനയിലെ കഡക് വാസ്‌ലയിൽ 2010 സെപ്റ്റംബർ 29ന് മേഘവിസ്ഫോടനം ഉണ്ടാകുകയും ഒരു മണിക്കൂറിനുള്ളിൽ 144 മി.മീ മഴ പെയ്യുകയും ചെയ്തു. ഇതോടനുബന്ധിച്ച് പലർക്കും പരിക്ക് പറ്റുകയും അനേകം വഹനങ്ങൾക്കും കെട്ടിടങ്ങൾക്കും കേടുപാടുകൾ സംഭവിക്കുകയും ചെയ്തു. 2010 ഒക്ടോബർ 4ന് പൂനയിലെ പാഷാൺ എന്ന സ്ഥലത്ത് 182 മി.മീ. മഴ പെയ്തത് ഒന്നര മണിക്കൂറിനുള്ളിലാണ്. ഇതിനോടനുബന്ധിച്ചുള്ള വെള്ളപ്പൊക്കത്തിൽ നാല് പേർ മരിക്കുകയും കെട്ടിടങ്ങളും വാഹനങ്ങളുമടക്കം ഒട്ടേറെ വസ്തുവകകൾക്ക് വളരെയേറെ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു.

ഇന്ത്യയിലടക്കം ലോകത്തിന്റെ പലയിടങ്ങളിലും അളവുകൾ രേഖപ്പെടുത്തിയ മേഘവിസ്ഫോടനങ്ങൾ ഇനിയും ഏറെയുണ്ട്. മഴയുടെ അളവുകൾ രേഖപ്പെടുത്താൻ പറ്റാത്ത സ്ഥലങ്ങളിലും വളരെയേറെ മേഘവിസ്ഫോടനങ്ങൾ ഉണ്ടായിട്ടുണ്ടാകും. ഒരു പ്രദേശത്ത് പെയ്യുന്ന മഴ, മേഘവിസ്ഫോടനത്തിൽ നിന്നാണോ എന്നറിയാൻ മേഘങ്ങളെക്കുറിച്ചുള്ള ധാരണയും മഴയുടെ കൃത്യമായ അളവും അത്യാവശ്യമാണ്.

2012ൽ കേരളത്തിന്റെ കിഴക്കൻ മലയോരത്തിലെ ചില പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായത് മേഘവിസ്ഫോടനം കൊണ്ടാണോ എന്നത് സ്പഷ്ടമായി പറയാൻ പറ്റാത്തതിന്റെ കാരണം ഈ ഭാഗങ്ങളിൽ ആ സമയത്ത് പെയ്ത മഴയുടെ അളവ് വളരെ കൃത്യമായി ഉണ്ടായിരുന്നില്ല എന്നതിനാലാണ്. മേഘങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണയും ഉണ്ടായിരുന്നില്ല.

ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ കഴിഞ്ഞ മുപ്പത് വർഷത്തിനുള്ളിൽ ഒട്ടേറെ മരങ്ങൾ മുറിച്ച് മാറ്റപ്പെട്ടിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്. കൂടാതെ വളരെയേറെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. മരങ്ങളുടെ വേരുകൾക്ക് മണ്ണിനെയും ഒപ്പം പാറക്കഷ്ണങ്ങളെയും പിടിച്ചു നിർത്തുവാനുള്ള കഴിവ് അപാരമാണ്. ചരിവുള്ള പ്രദേശങ്ങളിൽ കൂടുതൽ മരങ്ങൾ മുറിക്കുമ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോഴും, വലിയ മരങ്ങൾ മുറിച്ച് ചെറുകിട കൃഷിത്തരങ്ങൾ ചെയ്യുമ്പോഴും മണ്ണിന്റെ സ്ഥിരത നഷ്ടപ്പെടുമെന്നുള്ളത് ഒരു ശാസ്ത്ര സത്യമാണ്.

മരങ്ങൾ മുറിച്ചാൽ ക്രമേണ അതിനുണ്ടായിരുന്ന വേരുകൾ ഉണങ്ങി ആ ഭാഗത്ത് ഭൂമിയിൽ വൻ വിടവുകൾ ഉണ്ടാകുന്നു. മഴപെയ്യുമ്പോൾ ഈ വിടവുകളിൽ കൂടിയും വെള്ളമിറങ്ങുന്നു. ഇളകിയ മണ്ണിലും വിടവുകളിലും പേമാരി മൂലമുള്ള വെള്ളം അന്തർലയനം ചെയ്യുമ്പോൾ പ്രസ്തുത ഭാഗത്തെ മണ്ണിന് അമിത ഭാരം കൈവരിക്കുകയും സ്ഥിരത നഷ്ടപ്പെട്ട മണ്ണും പാറക്കഷ്ണങ്ങളുമെല്ലാം ചരിവുകളിൽ നിന്നും താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒന്നിച്ച് വലിയൊരു കൂട്ടമായി ഭീകരശബ്ദത്തോടെ കുത്തിയൊലിച്ച് വരികയും ചെയ്യുന്നു. ഒന്നോ രണ്ടോ ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ നിന്നും കുത്തിയൊലിച്ച് വരുന്ന മണ്ണിന്റെയും കല്ലുകളുടെയും വേഗത മഴവെള്ളപാച്ചിലിനൊപ്പം വർദ്ധിക്കുകയും വരുന്ന വഴിയിലുള്ള എല്ലാത്തിനെയും തട്ടിമറിച്ചിട്ട് ഭീകരാന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

ചരിവുള്ള മലമ്പ്രദേശത്ത് വളരെയേറെ മരങ്ങൾ മുറിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയും മണ്ണിന്റെയും പാറക്കൂട്ടങ്ങളുടെയും സ്ഥിരത നഷ്ടപ്പെടുത്തിയ സ്ഥലങ്ങളിൽ പേമാരിയുണ്ടാകുമ്പോൾ ഉരുൾപൊട്ടലുണ്ടാകാനുള്ള സാദ്ധ്യത കൂടുതലായതിനാൽ ഇത്തരം ഭാഗങ്ങളിൽ താമസിക്കുന്നവർ ജാഗരൂകരാകേണ്ടിയിരിക്കുന്നു.

മരങ്ങൾ നട്ടുവളർത്തു, നാടിനെ രക്ഷിക്കൂ... ■

*(ലേഖകൻ CWRDM-ൽ സയന്റിസ്റ്റാണ്)*





# കഥാ പ്രസംഗം ഉണർവ്വിന്റെ പാതയിൽ

**ടി.സി. സുനിൽദത്ത്**

**ഭാഷയുടെ പരിപോഷണത്തിന് അദ്ധ്യാപകരേക്കാൾ സമൂഹത്തിന് ഉപകരിച്ചിരുന്നത് കാഥികന്മാരായിരുന്നു. അത് കൊണ്ടാണ് അദ്ധ്യാപകർ പലരും കാഥികന്മാരായി പരിണാമം കൊണ്ടത് എന്ന് മനസ്സിലാക്കാം. അതും ചരിത്രമാണ്. ശ്രദ്ധിച്ചാൽ മനസ്സിലാകും. ഭാഷയെ എങ്ങനെ പ്രയോഗിക്കണമെന്നും വാക്കുകളുടെ ഘടന എപ്രകാരമായാലാണ് ഭാഷണം നല്ലതാകുന്നതെന്നും അതിനെ സംഭാഷണമെന്ന് വിളിക്കാമെന്ന് നാം മനസ്സിലാക്കുകയും ചെയ്തതല്ലേ.**



കഥാ പ്രസംഗം എന്ന കലാപ്രസ്ഥാനം സാഹിത്യത്തിന്റെ ഒരു വാങ്മയ രൂപമാണ്. നാടിന്റെയും ഭാഷയുടെയും വളർച്ചയിൽ ഏറെ സ്വാധീനിക്കുവാൻ പ്രാപ്തമായ ഈ പ്രസ്ഥാനം ആരോഗ്യപരമായി നിലനില്ക്കുന്നുണ്ടെന്ന് തീർത്തും പറയാനാകും. സാമൂഹ്യ പരിഷ്കരണത്തിൽ കാഥികന്മാർ സജീവമായി ഇടപ്പെട്ടിരുന്നത് തന്റെ വേദികളിലൂടെയായിരുന്നു. സാമൂഹ്യ പ്രവർത്തകരെക്കാൾ കാഥികന്മാർക്ക് ജനമനസ്സുകളിൽ വിപ്ലവം സൃഷ്ടിക്കുവാൻ കഴിഞ്ഞിരുന്നു. എന്നും അത് കഴിയുകയും ചെയ്യും. അത് ഏറെ ഫലം ചെയ്തിരുന്ന നാടാണ് കേരളം.

സാധാരണക്കാർക്കൊക്കേയും സാഹിത്യത്തിന്റെ വിശാലതയിൽ മേഞ്ഞ് നടക്കുവാൻ കാഥികന്മാർ അവരെ കൂട്ടികൊണ്ട് പോയിരുന്നു. സംഗീതം, അഭിനയം, വാഗ്മികത, സാമൂഹ്യബോധം, സംസ്കാരം ഇവകൾകൊണ്ട് പാകപ്പെടുത്തിയ സജീവമായ വേദികൾ ജനതയ്ക്കാകെ സാമൂഹ്യ ജീവിതത്തിന്റെ ആത്മവിശ്വാസം പകർന്നിരുന്നു. ഉച്ചനീചത്വങ്ങളും, സാമൂഹ്യ അനാചാരങ്ങളും പരസ്യമായി കഥാപ്രസംഗ വേദിയിൽ പൊതു വിചാരണയ്ക്ക് വിധേയമായിക്കൊണ്ടിരുന്നു.

പുതുതായി എഴുതപ്പെടുന്ന സാഹിത്യ സൃഷ്ടികൾക്ക് കഥാപ്രസംഗ രൂപം നൽകുമ്പോൾ പുരാണ സാഹിത്യത്തിന്റെ അമൃത ബിന്ദുക്കൾ കൂടി അവയിൽ നിറച്ച് വിവേകശാലികളായ കാഥികർ നമുക്ക് സമ്മാനിക്കുകയാണ് ചെയ്തുവരുന്നത്. മുൻകാല കാഥികർ ഈ വിഷയത്തിൽ അതീവ താല്പര്യം ഉള്ളവരായിരു



**ഒരു കഥ പറച്ചിലിലൂടെ ഒരു വലിയ സദസ്സ് ഒന്നടങ്കം ഒരു സാഹിത്യ വായനയിൽ മുഴുകുകയാണ്. ആ സാഹിത്യം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടുകയാണ്. വിശകലനം ചെയ്യപ്പെടുകയാണ്. ഈ അവസ്ഥ പൂർണ്ണ ഫലം കൈവരിക്കുന്നതെപ്പോഴാണ്? കാഥികന്മാർ നല്ല വായനാശീലരായിരിക്കുമ്പോഴാണ്.**

ന്നുവെന്ന് നമുക്ക് അനുഭവത്തിലറിയാം. എല്ലാ കലകളെയും ആസ്വദിക്കുവാനും സ്വാംശീകരിക്കുവാനും പാകമായ ഒരു ആസ്വാദനതലം പാമരന്മാരിൽ പോലും ഉണ്ടാക്കിയെടുക്കുവാൻ നമ്മുടെ നല്ല കാഥികന്മാർക്ക് ഏറെ കഴിഞ്ഞിരുന്നു. അതിൽ അവർ വൻ വിജയം കൈവരിക്കുകയും ചെയ്തത് ചരിത്രമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. നാം മനസ്സിരുത്തി ചിന്തിക്കേണ്ട ഒരു പ്രധാന കാര്യം സൂചിപ്പിക്കട്ടെ. ഭാഷയുടെ പരിപോഷണത്തിന് അദ്ധ്യാപകരേക്കാൾ സമൂഹത്തിന് ഉപകരിച്ചിരുന്നത് കാഥികന്മാരായിരുന്നു. അത് കൊണ്ടാണ് അദ്ധ്യാപകർ പലരും കാഥികന്മാരായി പരിണാമം കൊണ്ടത് എന്ന് മനസ്സിലാക്കാം. അതും ചരിത്രമാണ്. ശ്രദ്ധിച്ചാൽ മനസ്സിലാകും. ഭാഷയെ എങ്ങനെ പ്രയോഗിക്കണമെന്നും വാക്കുകളുടെ ഘടന എപ്രകാരമായാലാണ് ഭാഷണം നല്ലതാകുന്നതെന്നും അതിനെ സംഭാഷണമെന്ന് വിളിക്കാമെന്ന് നാം മനസ്സിലാക്കുകയും ചെയ്തതല്ലേ. അങ്ങനെയുള്ള സംഭാഷണം എപ്രകാരമാണ് പ്രഭാവമുള്ളതാകുന്നതെന്നും കാഥികന്മാർ നമുക്ക് പഠിപ്പിച്ചു തരുന്നു. കാഥികന്മാരാകട്ടെ മനപ്പൂർവ്വം പഠിപ്പിക്കുന്നുവെന്ന് കരുതിയല്ല ഈ പ്രവൃത്തി ചെയ്യുന്നത്. കേൾവിക്കാരായ നാം പഠിക്കാനിരിക്കുന്നുവെന്ന ബോധത്തിലുമല്ല ഈ പ്രക്രിയ നടക്കുന്നത്. പ്രകൃതിപരമായും സ്വാഭാവികമായും ഭാഷാ പഠനപ്രക്രിയ അവിടെ സംഭവിക്കുകയാണ്. യാഥാർത്ഥ്യത്തിൽ അതല്ലേ വിദ്യാഭ്യാസം?

സ്വതേ വികലമായി സംസാരിക്കുന്ന ആൾക്കാർ പോലും കഥാ പ്രസംഗത്തിന്റെ സ്വാധീന വലയത്തിൽ അറിയാതെ നല്ല സംഭാഷണത്തിനുടമയായി മാറുന്നുണ്ട്. നല്ലവണ്ണം ശ്രദ്ധിച്ചാൽ നമുക്കത് മനസ്സിലാകും. കാഥികന്മാർ സമ്മാനിക്കുന്ന സാഹിതീസുഖം വായനയുടെ “multiple effect” ആണ് എന്ന് പറയാനാകും. ഒരു കഥ പറച്ചിലിലൂടെ ഒരു വലിയ സദസ്സ് ഒന്നടങ്കം ഒരു സാഹിത്യ വായനയിൽ മുഴുകുകയാണ്. ആ സാഹിത്യം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടുകയാണ്. വിശകലനം ചെയ്യപ്പെടുകയാണ്. ഈ അവസ്ഥ പൂർണ്ണ ഫലം കൈവരിക്കുന്നതെപ്പോഴാണ്? കാഥികന്മാർ നല്ല വായനാശീലരായിരിക്കുമ്പോഴാണ്.

എന്തായാലും കഥാപ്രസംഗത്തിന് ഭാവിയുണ്ടാകേണ്ടത് സാമൂഹ്യബോധം ജനതയിൽ നിന്ന് നഷ്ടപ്പെടാതിരിക്കാനെങ്കിലും അത്യാവശ്യമാണ്. ജനതയിൽ സാമൂഹ്യ ബോധം വളർത്തിയെടുക്കാൻ കാഥികർക്ക് മറ്റാരെക്കാളും എളുപ്പമാണ്. അത് മനസ്സിലാക്കി നാമേവരും ജാതിമതഭേദമെന്യേ, രാഷ്ട്രീയ ഭേദമെന്യേ, ലിംഗ ഭേദമെന്യേ, പ്രായ ഭേദമെന്യേ ഉഷാറാകുകയും വേണം. ഉഷാറായേ പറ്റൂ. മലിനമായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക വേദികളെ ശുദ്ധീകരിക്കുവാൻ ഒരു എളുപ്പവഴിയുണ്ട്.“വേദികളിൽ നല്ല കഥാപ്രസംഗത്തെ ഔചിത്യ പൂർവ്വം കുടിയിരുത്തുക.” ■

*(ലേഖകൻ നാവായിക്കുളം നാടൻ കലാപഠനകേന്ദ്രത്തിന്റെ ഡയറക്ടറാണ്)*

**Statement about ownership and other particulars about the Panchayat Raj (Monthly) to be published in the first issue every year after the last day of February - From IV (See Rule 8)**

1. Place of publication : Thiruvananthapuram
2. Periodicity of the Publication : Monthly
3. Printer's Name : S. Lalithambika IAS
   Nationality : Indian
   Address : Director of Panchayats, Thiruvananthapuram -33
4. Publisher's Name : S. Lalithambika IAS
5. Editor's Name : S. Lalithambika IAS
   Nationality : Indian
   Address : Director of Panchayat, Thiruvananthapuram -33
6. Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital : Government of Kerala

I S. Lalithambika IAS hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
01.03.2013

Sd/-
Director of Panchayats



# നിയമം കയ്യാളുന്നോർ വിവേകം കാട്ടണം

**ജോൺ എസ് ജയിംസ്**



തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിയമം കയ്യാളുന്ന അധികാര സ്ഥാനീയർ അത്തരം അധികാരം വിനിയോഗിച്ച് തീരുമാനമെടുക്കുകയും നടപ്പാക്കുകയും ചെയ്യുമ്പോൾ, ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ പൂർണ്ണമായി മനസ്സിലാക്കുകയും വസ്തുതകളിൽ മനസ്സിരുത്തി വിവേക പൂർവ്വം വർത്തിക്കുകയും വേണം. അലസമായി നിയമം കൈകാര്യം ചെയ്യുകയും തീരുമാനങ്ങൾ തിടുക്കത്തിൽ എടുക്കുകയും വഴി, സ്വയം ഭരണ സ്ഥാപനത്തിന് വൻ നഷ്ടം സംഭവിക്കുന്നത് കൂടാതെ പൊതുജനങ്ങൾക്ക് അപരിഹാര്യമായ കഷ്ട നഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്നുണ്ട്.

ഈ പംക്തികളിൽ പലപ്പോഴും ചൂണ്ടികാണിച്ചതു പോലെ നിയമം എപ്പോഴും യുക്തി സഹമാണ്. യുക്തിക്കും ബുദ്ധിയ്ക്കും മനസാക്ഷിക്കും നിരക്കാത്തത് നിയമത്തിനും നിരക്കുന്നതല്ല. എന്നാൽ നിയമ പ്രകാരമുള്ള അധികാര സ്ഥാനീയർ എടുക്കുന്ന പലതരം തീരുമാനങ്ങളും പലപ്പോഴും യുക്തിയ്ക്ക് നിരക്കാത്തതും നിയമത്തിന് വിരുദ്ധവും ആയി കലാശിക്കാറുണ്ട്.വിവേകത്തോടെ നിയമം കൈകാര്യം ചെയ്യാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

'വിവേകത്തോടെ'യെന്നാൽ ശരിയും തെറ്റും തിരിച്ചറിയാനുള്ള വിവേചനാധികാരം ഉപയോഗിച്ച് എന്നു തന്നെയാണർത്ഥം. സ്വാഭാവിക നീതി നിഷ്കർഷിക്കുന്ന ചില ചട്ടവട്ടങ്ങൾ നിയമാധിഷ്ടിത അധികാരസ്ഥാനീയർ തീരുമാനങ്ങളെടുക്കുന്ന കാര്യത്തിൽ പാലിച്ചിരിക്കേണ്ടതുണ്ട്. എടുക്കാൻ പോകുന്ന തീരുമാനങ്ങളെക്കുറിച്ച് മറുകക്ഷിയെ മുൻകൂട്ടി അറിയിക്കുക; പറയാനുള്ളത് കേൾക്കുക; തൃപ്തികരമായ മറുപടി നൽകുക. എടുക്കുന്ന തീരുമാനത്തിന്റെ ന്യായാന്യായങ്ങളെക്കുറിച്ച് ഉത്തരവിൽ വ്യക്തമാക്കുക എന്നിവ ഈ വക ചട്ടവട്ടങ്ങളിൽ



**നികുതി ഒഴിവാക്കലിന് കാലേക്കൂട്ടി നോട്ടീസ് നൽകണമെന്ന വ്യവസ്ഥയുടെ ചുവട് പിടിച്ച് പിൽക്കാല പ്രാബല്യത്തോടെ നികുതി ചുമത്തുന്നതും നികുതി ചുമത്താതിരുന്ന ഒരു കാലഘട്ടത്തേയ്ക്ക് ഒഴിവു ലഭിക്കാൻ കാലേക്കൂട്ടി നോട്ടീസ് നൽകണമായിരുന്നു എന്നു ശഠിക്കുന്നതും ശരിയോ. ഇവിടെയാണ് വിവേചനാധികാരവും വിവേകവും പ്രയോഗിക്കേണ്ടത്. നീതി നടപ്പാക്കുകയാണ് നിയമങ്ങളുടെ ആത്യന്തിക ലക്ഷ്യം. നീതി നിഷേധിക്കുന്നതിനുള്ള ഒരു മർദ്ദനോപാധിയായി നിയമത്തെ ഉപയോഗിക്കുകയുമരുത്.**

പെടുന്നു. ചില കാര്യങ്ങൾ ചെയ്യാറില്ല; കൊടുക്കാറില്ല എന്നീമട്ടിൽ ഒഴുക്കൻ നിലപാടുകൾ ആർക്കും സ്വീകാര്യമല്ല തന്നെ. ചില നിയമങ്ങൾ അനുസരിക്കുന്നത് സ്ഥാപനത്തിന് നഷ്ടമുണ്ടാക്കും. അതുകൊണ്ട് നിയമം ഭേദഗതി ചെയ്യണം എന്ന നിലപാട് ക്ഷന്തവ്യമല്ല. നീതിയുക്തമല്ലാത്ത നിയമവിധേയമല്ലാത്ത തീരുമാനങ്ങൾ എടുത്ത് കക്ഷികളെ കോടതി കയറ്റുന്നത് ഒരിക്കലും ശരിയല്ല. കോടതിവിധി കക്ഷികൾക്ക് അനുകൂലമാകുന്ന അത്തരം കേസുകളിൽ സ്ഥാപനത്തിനു അകാരണമായുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് അത്തരം തീരുമാനമെടുത്ത അധികാരി നഷ്ടോത്തരവാദിത്തം ഏറ്റെടുക്കേണ്ടതുമാണ്.

മുകളിൽ വിവരിച്ചവിധം യുക്തിയും ബുദ്ധിയും വിവേകവും ചെലുത്തി തീരുമാനം എടുക്കാത്തതുമൂലം സ്ഥാപനത്തിന് സാമ്പത്തിക നഷ്ടവും, പൊതു ജനത്തിന് അപരിഹാര്യമായ കഷ്ടനഷ്ടങ്ങളും സംഭവിച്ചതിന്റെ ഉദാഹരണങ്ങൾ നിരവധിയാണ്. കെട്ടിട നികുതയിൽ നിന്ന് ഒഴിവ് അഥവാ റെമിഷൻ നൽകുന്ന കാര്യത്തിലുള്ള ഒരു തീരുമാനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഒരു കെട്ടിടം ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കാതെയുമിരുന്നാൽ ആ അർദ്ധ വർഷത്തേയ്ക്ക് നികുതിയിളവ് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ് എന്ന് മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 239 (1) വ്യവസ്ഥ ചെയ്യുന്നു. നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് അവകാശമുള്ള ഒരു അർദ്ധ വർഷത്തേയ്ക്ക് നികുതി അടച്ചു കഴിഞ്ഞെങ്കിൽ ആ തുക തിരികെ ലഭിക്കുന്നതിനോ അടുത്ത അർദ്ധവർഷത്തെ നികുതിയിൽ തട്ടിക്കിഴിക്കുന്നതിനോ കെട്ടിട ഉടമയ്ക്ക് അവകാശമുണ്ടായിരിക്കുമെന്ന് വകുപ്പ് 239 (2) വ്യവസ്ഥ ചെയ്യുന്നു. ഒരു കെട്ടിടം (i) ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കപ്പെടാതെയും കിടക്കുകയാണെന്നോ, (ii) നോട്ടീസ് നൽകപ്പെടുന്ന അർദ്ധ വർഷത്തിലോ തുടർന്നുള്ള അർദ്ധ വർഷത്തിലോ ഒരു പ്രത്യേക തീയതി മുതൽ കെട്ടിടം ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കപ്പെടാതെയും ഇരിക്കുമെന്നോ ഉള്ള കാര്യം, നേരത്തേ തന്നെ



**'വിവേകത്തോടെ'യെന്നാൽ ശരിയും തെറ്റും തിരിച്ചറിയാനുള്ള വിവേചനാധികാരം ഉപയോഗിച്ച് എന്നു തന്നെയാണർത്ഥം. സ്വാഭാവിക നീതി നിഷ്കർഷിക്കുന്ന ചില ചട്ട വട്ടങ്ങൾ നിയമാധിഷ്ടിത അധികാരസ്ഥാനീയർ തീരുമാനങ്ങളെടുക്കുന്ന കാര്യത്തിൽ പാലിച്ചിരിക്കേണ്ടതുണ്ട്. എടുക്കാൻ പോകുന്ന തീരുമാനങ്ങളെക്കുറിച്ച് മറുകക്ഷിയെ മുൻകൂട്ടി അറിയിക്കുക; പറയാനുള്ളത് കേൾക്കുക; തൃപ്തികരമായ മറുപടി നൽകുക. എടുക്കുന്ന തീരുമാനത്തിന്റെ ന്യായാന്യായങ്ങളെക്കുറിച്ച് ഉത്തരവിൽ വ്യക്തമാക്കുക എന്നിവ ഈ വക ചട്ടവട്ടങ്ങളിൽ പെടുന്നു.**

നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലല്ലാതെ യാതൊരു ഇളവു ചെയ്യലും അനുവദിക്കപ്പെടാവുന്നതല്ല എന്ന് 239 (3) (എ) വ്യവസ്ഥ ചെയ്യുന്നു. (എ) ഖണ്ഡ പ്രകാരമുള്ള ഏതൊരു നോട്ടീസിന്റെയും കാലാവധി അത് കൊടുക്കുന്ന അർദ്ധ വർഷത്തിന്റെ തൊട്ടടുത്തു വരുന്ന അർദ്ധ വർഷത്തോടുകൂടി അവസാനിക്കുമെന്നും, അതിനു ശേഷം നോട്ടീസിന് പ്രാബല്യമില്ലാതായി തീരുമെന്നും വകുപ്പ് 239 (3) (ബി) ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. റെമിഷൻ അഥവാ ഒഴിവാക്കലിനെപ്പറ്റി മുനിസിപ്പാലിറ്റി ആക്ടിലെ നിയമവശം മുകളിൽ വിവരിച്ചതാണ്.

കെട്ടിടം ഒഴിഞ്ഞുകിടക്കുന്ന അഥവാ വാടകയ്ക്ക് കൊടുക്കാതെ ഇട്ടിരിക്കുന്ന കാര്യം കാലേക്കൂട്ടി നോട്ടീസ് നൽകിയിയരിക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നത് മുനിസിപ്പൽ അധികാരികൾക്ക് നേരിട്ട് പരിശോധന നടത്തി വസ്തുതയുടെ നിജ സ്ഥിതി ഉറപ്പു വരുത്തുന്നതിനും, വ്യാജമായ അവകാശവാദം ഒഴിവാക്കുന്നതിനുമായിട്ടാണ്. എന്നാൽ നികുതി നിർണ്ണയത്തിന് ശേഷം മാത്രമേ ഇളവിന് അപേക്ഷ നൽകാൻ കഴിയുകയുള്ളൂ എന്ന കാര്യവും ഓർക്കണം. 2011-ൽ മാത്രം ഓക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയും, അതിനു ശേഷം നികുതി നിർണ്ണയിക്കുകയും ചെയ്ത ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2009 മുതൽ 2011 വരെ മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്തിയിട്ട്, കെട്ടിടം ഒഴിഞ്ഞു കിടന്ന, ഓക്കുപ്പൻസി ഇല്ലാതെയിരുന്ന 2009-2011 കാലഘട്ടത്തിലേക്ക് നികുതിയിളവ് അനുവദിക്കാൻ നിവർത്തിയില്ലെന്നും പിൽക്കാല പ്രാബല്യത്തോടെ ഇളവ് അനുവദിക്കാനാവില്ലെന്നും മുനിസിപ്പാലിറ്റി ഒരു നിലപാട് എടുത്താൽ അത് നിയമവിധേയമാണോ, നീതിപൂർവ്വമാണോ എന്ന് പരിശോധിക്കുക. 2009-ൽ ഓക്കുപ്പൻസി സർട്ടിഫക്കറ്റ് കൊടുത്തിരുന്നുവെങ്കിൽ 'എസ്കേപ്ഡ്' നികുതിയെന്ന നിലയിൽ കുടിശിക പിരിക്കാമായിരുന്നു. 2011-ൽ മാത്രം ഒക്കുപ്പെൻസിയായ ഒരു കെട്ടിടത്തിന്, 2011-ൽ മാത്രം അസസ്മെന്റ് ഓർഡർ ആക്കിയ ഒരു കെട്ടിടത്തിന് ഉടമയിൽ നിന്ന് മുൻകാല പ്രാബല്യത്തോടെ 2009 മുതൽ എങ്ങനെയാണ് നികുതി പിരിക്കാനാവുക. 2009-മുതൽ 2011 വരെ നികുതി ഒഴിവിന് അപേക്ഷ നൽകിയാൽ നേരത്തേ നോട്ടീസ് നൽകയില്ല എന്ന കാരണം പറഞ്ഞ് തള്ളാനാവുമോ. ഇതെല്ലാം വസ്തുതകൾ ഒരു വശത്തും നിയമവ്യവസ്ഥകൾ മറുവശത്തും വച്ച് വിവേക പൂർവ്വം തീരുമാനം എടുക്കേണ്ട കാര്യങ്ങളാണ്.

നികുതി ഒഴിവാക്കലിന് കാലേക്കൂട്ടി നോട്ടീസ് നൽകണമെന്ന വ്യവസ്ഥയുടെ ചുവട് പിടിച്ച് പിൽക്കാല പ്രാബല്യത്തോടെ നികുതി ചുമത്തുന്നതും നികുതി ചുമത്താതിരുന്ന ഒരു കാലഘട്ടത്തേയ്ക്ക് ഒഴിവു ലഭിക്കാൻ കാലേക്കൂട്ടി നോട്ടീസ് നൽകണമായിരുന്നു എന്നു ശഠിക്കുന്നതും ശരിയോ. ഇവിടെയാണ് വിവേചനാധികാരവും വിവേകവും പ്രയോഗിക്കേണ്ടത്. നീതി നടപ്പാക്കുകയാണ് നിയമങ്ങളുടെ ആത്യന്തിക ലക്ഷ്യം. നീതി നിഷേധിക്കുന്നതിനുള്ള ഒരു മർദ്ദനോപാധിയായി നിയമത്തെ ഉപയോഗിക്കുകയുമരുത്.

**വാൽക്കഷ്ണം**

അനധികൃത നിർമ്മാണത്തിൽ പെട്ട ഒരു കെട്ടിടത്തിന് മൂന്നിരട്ടി നികുതി പിഴയായി ചുമത്തിയ ശേഷം കെട്ടിടം ഒഴിഞ്ഞു കിടന്ന സമയത്തേയ്ക്ക് നിയമാനുസൃതം കിഴിവിനപേക്ഷിച്ചപ്പോൾ മുനിസിപ്പാലിറ്റിയുടെ മറുപടി – 'അനധികൃത നിർമ്മാണം നടത്തിയ കെട്ടിടത്തിന് റെമിഷൻ സാധാരാണ നൽകാറില്ല'– എന്നായിരുന്നു. നിയമപരമായി റെമിഷന് അർഹതയുണ്ടോ എന്നാണ് കെട്ടിട ഉടമയ്ക്ക് അറിയേണ്ടത്– ■

ഉത്തരമുണ്ടോ?

*ലേഖകൻ സെക്രട്ടറിയേറ്റ് ലോ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡിഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.*



ടി. ഷാഹുൽ ഹമീദ്

2011-ലെ സെൻസസ് കണക്കുകൾ പുറത്ത് വന്നപ്പോൾ ഇന്ത്യയിലെ സ്ത്രീകളുടെ ജനസംഖ്യ 586469174 (48.46%) ആണ്. ലോകത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ഉള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. കേരളത്തിലെ സ്ത്രീകളുടെ ജനസംഖ്യ 17366387, സ്ത്രീപുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1084 ലുമാണ്. (ദേശീയ ശരാശരി 940 ആണ്.) ഇത് 1901 ൽ കേരളത്തിൽ 1000 പുരുഷന്മാർക്ക് 1004 സ്ത്രീകൾ ആയിരുന്നു ഉണ്ടായിരുന്നത്. അനുദിനം വർദ്ധിച്ചു വരുന്ന സ്ത്രീകളുടെ ജനസംഖ്യാ വർദ്ധനവിനനുസരിച്ച് അവർക്ക് അനുവദിക്കുന്ന ഫണ്ടിന്റെയും ക്ഷേമ പ്രവർത്തനങ്ങളുടെയും ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇന്ത്യയിൽ സാമ്പത്തിക വളർച്ചയ്ക്ക് ഒഴിച്ച് കൂടാനാവാത്ത ഉൽപാദക ഏജന്റാണ് രാജ്യത്തിലെ സ്ത്രീകൾ. 2005-2006 വർഷം മുതൽ തന്നെ ഇന്ത്യാഗവൺമെന്റ് ജെന്റർ ബഡ്ജറ്റ് സമീപനത്തിലേക്ക് വന്നിട്ടുണ്ട്. രാജ്യത്തിലെ സ്ത്രീകൾക്ക് പൂർണ്ണമായും ഉപയോഗപ്രദമായ പദ്ധതികൾ ബഡ്ജറ്റിലൂടെ അവതരിപ്പിക്കുക എന്നതാണ് ജെന്റർ ബഡ്ജറ്റിന്റെ സമീപനം. സ്ത്രീകളെ ശാക്തീകരിക്കുന്നതിന് സാമ്പത്തിക സഹായവും നയ സമീപനത്തിൽ മാറ്റവും ഉണ്ടാകേണ്ടതായിട്ടുണ്ട്. ജെന്റർ ബഡ്ജറ്റിന് 2 ഭാഗമാണ് ഉള്ളത്. (1) 100% സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഉപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കൽ (2) മറ്റ് പദ്ധതികളിൽ 30% സ്ത്രീകൾക്ക് ഗുണകരമായത് നടപ്പിലാക്കൽ.

**സ്ത്രീകളുടെ അവസ്ഥ**

രാജ്യത്തിലെ 52% സ്ത്രീകളും അനീമിയ ബാധിതരാണ്. കൂടാതെ കുട്ടികളുടെ സെക്സ് റേഷ്യോ കുറഞ്ഞു വരുന്നു. ഇപ്പോൾ 1000ത്തിന് 914 ആയി. സ്ത്രീകളുടെ തൊഴിൽ പാർട്ടിസിപ്പേഷൻ 26% മാത്രമാണ്. 2006 മുതൽ2010 വരെയുള്ള കാലത്ത് സ്ത്രീകൾക്ക് എതിരെയുള്ള അക്രമണം 30% വർദ്ധിച്ചു. സംഘടിത മേഘലയിൽ സ്ത്രീകൾ ജോലി ചെയ്യുന്നത് വിദ്യാഭ്യാസം, നിർമ്മാണം, ആരോഗ്യം, സാമൂഹിക ക്ഷേമം എന്നീ മേഖലകളിലാണ്. 2012-2013ൽ മാത്രം 210.65 കോടി രൂപ സ്ത്രീകൾക്ക് എതിരെയുള്ള അക്രമണം തടയുന്നതിന് വേണ്ടി ഇന്ത്യാ

# തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജന്റർ ബഡ്ജറ്റും



**ഇന്ത്യയുടെ മുദ്രാവാക്യം തന്നെ 'Skilling India' എന്നാണ്. ഓരോ സ്ത്രീയിലും അടങ്ങിയ വൈദഗ്ദ്യത്തെ പരമാവധി പ്രയോജനപ്പെടുത്തി നൈപുണ്യശേഷി വർദ്ധിപ്പിക്കാൻ ബഡ്ജറ്റിൽ പരിശ്രമം ആവശ്യമാണ്. വ്യവസ്ഥാപിതമായി സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന അല്ലെങ്കിൽ അവർ ഭൂരിപക്ഷം ജോലി ചെയ്യുന്ന മേഖലയായ കയർ – കശുവണ്ടി – ബീഡി, ഹാൻഡ്‌ലൂം എന്നീ മേഖലകൾ കടുത്ത പ്രതിസന്ധിയിലൂടെ പോകുമ്പോൾ പുതിയ വാതായനങ്ങളും പുതിയ മേച്ചിൽ പറമ്പുകളും തേടേണ്ടതായിട്ടുണ്ട്.**

ഗവൺമെന്റ് ചെലവഴിച്ചു. സ്ത്രീ സാക്ഷരതയിലും, ആയുർദൈർഘ്യത്തിലും രാജ്യത്തിന് തന്നെ മാതൃകയാക്കാൻ കഴിയുന്ന കേരളത്തിലും സ്ത്രീകളുടെ തൊഴിലിടത്തിൽ കുറവു വരുന്നു. കേരളത്തിൽ 10.3 മില്യൻ തൊഴിലാളികളാണ്. അതിൽ 2.5 മില്യൻ തൊഴിലാളികൾ മാത്രമാണ് സ്ത്രീകൾ. ഇന്ത്യയിലെ തൊഴിലാളികളിൽ 1/4 സ്ത്രീകൾ ആകുമ്പോൾ കേരളത്തിൽ ഇത് വെറും 15% മാത്രമാണ്. ജെന്റർ വിടവ് ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് കേരളത്തിലാണ്. ഇന്ത്യയിലെ ജനസംഖ്യയിൽ വെറും 4% കേരളത്തിൽ. പക്ഷെ കേരളത്തിലെ തൊഴിലില്ലായ്മ 31% വും (16% പുരുഷന്മാരും 48% സ്ത്രീകളുമാണ്.) പഠനം കഴിഞ്ഞ് 6 വർഷം വരെ സ്ത്രീകൾ ജോലിക്കായി കാത്തിരിക്കുന്നു.

കേരളത്തിലെ സെക്കണ്ടറി ഘട്ടം വരെയുള്ള കുട്ടികളിൽ 50% പെൺകുട്ടികളാണ്, ഡിഗ്രി വരെയുള്ളവരിൽ 60% വും ബിരുദാനന്തര ബിരുദ കോഴ്‌സുകളിലെ കുട്ടികളിൽ 70% പെൺകുട്ടികളാണ്. 87.9% സ്ത്രീകളും സാക്ഷരരായ കേരളത്തിൽ പെൺകുട്ടികൾക്ക് അനുയോജ്യമായ തൊഴിലിടം കാലാനുസൃതമായി രൂപപ്പെട്ട് വരേണ്ടതായിട്ടുണ്ട്. പുരുഷന്മാരുടെ സർവ്വാധിപത്യമുള്ള മേഖലകളിലേക്ക് ചുവടുറപ്പ് വെക്കേണ്ടതായിട്ടുണ്ട്. കാഴ്ചപാടിലും നയപരിപാടികളിലും ചടുലമായ നയമാറ്റം ഉണ്ടാകേണ്ടതായിട്ടുണ്ട്. പരിപാടികളിലും പദ്ധതികളിലും ജെന്റർ സമീപനം ഉണ്ടാക്കേണ്ടതായിട്ടുണ്ട്. കൃഷിയിടത്തിൽ പൂർണ്ണമായും ചിലവിട്ടിരുന്ന സ്ത്രീകൾ വ്യവസായ പുരോഗതി കൈവന്നതോടെയും കൃഷി മേഖലയിൽ നിന്ന് കാര്യമായ വരുമാനം ലഭിക്കാതെ വന്നപ്പോൾ കൃഷിയിടത്തിൽ നിന്ന് മാറാൻ തുടങ്ങി. 1997ൽ 42% സ്ത്രീകൾ ജോലിചെയ്തപ്പോൾ ഇപ്പോൾ 22% ആയി കുറഞ്ഞു വന്നു. പ്രത്യേകിച്ച് മലബാർ മേഖലകളിൽ സ്ത്രീകളുടെ തൊഴിലിടം കുറഞ്ഞു വരുന്നു. വരുമാന ദായക ചെറുകിട സ്വയം സംരംഭങ്ങൾ നിലവിലുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും ലോക്കൽ മാർക്കറ്റിന്റെ പിന്തുണയോടും കൂടി സ്ത്രീകൾക്കായി മാത്രം ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി സമീപനങ്ങളിൽ നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ജെന്റർ സമീപനം ഉണ്ടാക്കണം. കയർ മേഖലയിൽ 8.5% കാഷ്യു 78% ടൈലറിംഗ് മേഖലയിൽ 45.89%, ലോട്ടറിയിൽ 1.48%, റേഷൻ മേഖലയിൽ 18.99%, വക്കീൽ ക്ലാർക്കുമാരിൽ 5.65%, ഡയറി മേഖലയിൽ 21% ലും ആണ് സ്ത്രീകളുടെ സാന്നിദ്ധ്യം. തൊഴിലില്ലാത്ത 30 ലക്ഷത്തിൽ ഭൂരിഭാഗം സ്ത്രീകളാണ്. ഏതൊരു പദ്ധതിയും വിഭാവനം ചെയ്യുമ്പോൾ ഭരണാധികാരികളുടെ മനസ്സിൽ പരശ്ശതം വരുന്ന സ്ത്രീകളുടെ അഭിവൃദ്ധിയും ഉന്നമനവും ലക്ഷ്യമിടണം, സ്ത്രീകൾക്ക് പദ്ധതി കൊണ്ട് ഉപകാരം കിട്ടുന്നതോടെ അത് സമൂഹത്തിന് തന്നെയാണ് ഉപകാരപ്പെടുന്നത്. കൂടാതെ വ്യാവസായിക മേഖലകളിലേക്ക് അവിടെ വേണ്ടി വരുന്ന വിദഗ്ദ തൊഴിൽ ചെയ്യാനുള്ള നൈപുണ്യം സ്ത്രീകൾ നേടിയെടുക്കേണ്ടതായിട്ടുണ്ട്, ഇന്ത്യയുടെ മുദ്രാവാക്യം തന്നെ 'Skilling India' എന്നാണ്. ഓരോ സ്ത്രീയിലും അടങ്ങിയ വൈദഗ്ദ്യത്തെ പരമാവധി പ്രയോജനപ്പെടുത്തി നൈപുണ്യശേഷി വർദ്ധിപ്പിക്കാൻ ബഡ്ജറ്റിൽ പരിശ്രമം ആവശ്യമാണ്. വ്യവസ്ഥാപിതമായി സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന അല്ലെങ്കിൽ അവർ ഭൂരിപക്ഷം ജോലി ചെയ്യുന്ന മേഖലയായ കയർ-കശുവണ്ടി-ബീഡി, ഹാൻഡ്‌ലൂം എന്നീ മേഖലകൾ കടുത്ത പ്രതിസന്ധിയിലൂടെ പോകുമ്പോൾ പുതിയ വാതായനങ്ങളും പുതിയ മേച്ചിൽ പറമ്പുകളും തേടേണ്ടതായിട്ടുണ്ട്. സർവ്വീസ് മേഖലകളുടെ അനന്ത സാധ്യതകളെ ഉപയോഗിക്കേണ്ടതായിട്ടുണ്ട്. വിദ്യാസമ്പന്നരായ സ്ത്രീകൾ വരെ ടീച്ചർ, മെഡിക്കൽ മേഖല എന്നിവയിൽ മാത്രം ചുറ്റിക്കറങ്ങുന്ന കാലികമായ പ്രതിഭാസം മാറി 1994 ലെ കൈറോ ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ പോപുലേഷൻ & ഡവലപ്മെന്റിൽ ലോക രാഷ്ട്രങ്ങൾ ഒപ്പു വെച്ച് അംഗീകരിച്ച സ്ത്രീ ശാക്തീകരണം നേടണമെങ്കിൽ ജെന്റർ തുല്യത ഉണ്ടാകണം എന്ന പ്രാഥമിക തത്വം അംഗീകരിച്ച് പരിപാടികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. പുരുഷൻമാരെക്കാൾ കൂടുതൽ കാലം ജീവിക്കുന്ന സ്ത്രീകൾക്ക് വരുമാനം വർദ്ധിപ്പിക്കുന്ന തൊഴിലിടങ്ങൾ ഉയർന്ന് വരേണ്ടതായിട്ടുണ്ട്. സംഘടിത മേഖലയിൽ സ്ത്രീകൾ ജോലി ചെയ്യുന്ന ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പട്ടികയിൽ ആറാമത്തതാണ് കേരളം. (44500 സ്ത്രീകൾ) കൂടാതെ സ്ത്രീകളുടെ പൊതുവിടങ്ങൾ വർദ്ധിപ്പിച്ച് സ്ത്രീകൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഉയർത്തികൊണ്ട് വരേണ്ടതായിട്ടുണ്ട്. സ്ത്രീകൾക്ക് പൊതുസമൂഹവുമായി ഇടപഴകി പ്രവർത്തിക്കുമ്പോൾ അവരുടെ സവിശേഷ ഗുണങ്ങൾ അനുസരിച്ചുള്ള പ്രാഥമിക സൗകര്യങ്ങളും പിന്തുണയും പ്രചോദനവും നൽകാനായി ജെന്റർ സമീപനം സ്വീകരിക്കണം. കൂടാതെ ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ഗ്രാമീണ ജനതയുടെ 75% നും നഗരജനതയുടെ 50%നും ഉപകാരം ലഭിക്കുമ്പോൾ അതിന് അനുയോജ്യമായ പ്രതലം ഒരുക്കണം. കൂടാതെ വൃദ്ധകളായ സ്ത്രീകളുടെ കാര്യത്തിലും പ്രത്യേക സമീപനം ഉണ്ടാകേണ്ടതായിട്ടുണ്ട്. 1961 ൽ 25.6 മില്യൻ ജനങ്ങൾ വൃദ്ധരാണ്. 1991 ൽ 56.7 മില്യൻ, 2016 ആകുമ്പോഴേക്കും 113.26 മില്യൻ വൃദ്ധർ ഉണ്ടാകുമെന്നാണ് കണക്ക്. വൃദ്ധകളിൽ ഭൂരിഭാഗം സ്ത്രീകളും



വിധവകളാണ്. 60–64 വയസ്സുള്ളവരിൽ 42% വിധവകളാണ്. 70–75 വരെ ഉള്ളവരിൽ 74% വിധവകളാണ്. കേരളത്തിൽ 5 ലക്ഷത്തോളം സ്ത്രീകൾ വികലാംഗരാണ്. ജനസംഖ്യയുടെ 52% വരുന്ന സ്ത്രീകളിൽ 6 ലക്ഷം പേർ വിധവാ പെൻഷൻ വാങ്ങിക്കുന്നവരാണ്. കൂടാതെ 50 വയസ്സിന് മുകളിലുള്ള അവിവാഹിതരുടെ എണ്ണം 50000ത്തിന് മുകളിലാണ്. ഈ മേഖലകളിൽ നാമമാത്രമായി വരുമാനം ലഭിക്കുന്ന ഇത്തരം ഗുണഭോക്താക്കളെ പ്രത്യേകമായി കണ്ട് വരുമാനദായക പ്രവർത്തികളും വൈദഗ്ദ്യം വർദ്ധിപ്പിക്കാൻ ആവശ്യമായ സമീപനവും സ്വീകരിക്കേണ്ടതായിട്ടുണ്ട്. 2001ലെ കണക്കനുസരിച്ച് കേരളത്തിലെ തൊഴിലിടങ്ങളിൽ 50.6% പുരുഷന്മാരും 15.3% സ്ത്രീകളും ആണ് ഉള്ളത്. പഠിച്ച 71% സ്ത്രീകൾക്കും ജോലി ഇല്ല. എപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സമ്പ്രദായിക കോഴ്സുകൾ പഠിച്ച് ജോലിക്ക് വേഴാമ്പലിനെപോലെ കാത്തിരിക്കുന്നു. ഇപ്പോൾ സി ബി എസ് ഇ സ്കൂളുകളിലും കുട്ടികൾക്ക് നിർബന്ധിതമായി ഏതെങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകേണ്ടതായിട്ടുണ്ട്.

രാജ്യത്താകമാനം ഓട്ടോമൊബൈൽ മേഖലയിൽ 2.25 മില്യനും, നിർമ്മാണ മേഖലയിൽ 15 മില്യനും, റീട്ടെയിൽ മേഖലയിൽ 4.5 മില്യനും, ആരോഗ്യ മേഖലയിൽ 4.45 മില്യനും, ബാങ്കിംഗ് ധനകാര്യ വ്യവസായത്തിൽ 4.55 മില്യനും, ക്രിയേറ്റീവ് വ്യവസായത്തിൽ 0.58 മില്യനും ടൂറിസം മേഖലയിൽ 36 കോടി തൊഴിലവസരങ്ങളും ഉണ്ട്. ഡ്രൈവർമാർ, വെയർ ഹൗസ് മാനേജർ എന്നീ മേഖലകളിലും നല്ല ജോലി സാദ്ധ്യതകൾ ഉണ്ട്. ഈ മേഖലകളിൽ നല്ല വൈദഗ്ദ്യമുള്ളവരാക്കി നമ്മുടെ സ്ത്രീകളെ മാറ്റുന്നതിനുള്ള ഗൃഹപാഠമായിരിക്കണം നമ്മുടെ ബഡ്ജറ്റുകൾ.

കൂടാതെ കാർഷിക സേവനം നൽകുന്നവർ, സ്ഥാപനതലത്തിൽ സേവനം നൽകുന്നവർ, വാഹന സർവ്വീസിംഗ്, ഇലക്ട്രോണിക് സർവ്വീസ് മേഖല, മൊബൈൽ ഭക്ഷണ ശാലകൾ, ഈവന്റ് മാനേജ്മെന്റ്, കാറ്ററിംഗ്, കാർ വാഷ്, ചപ്പാത്തി നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം, മേറ്റ് നിർമ്മാണം, ബനിയൻ ഡക്കറേഷൻ, പേപ്പർ ബാഗ് നിർമ്മാണം, കുട നിർമ്മാണം, ഉണക്ക മത്സ്യ മേഖല, മഷ്റൂം, നാച്ചർ ഫ്രഷ്, ഹോം ഷോപ്പുകൾ, സാനിറ്ററി നാപ്കിൻ, ഭക്ഷ്യോൽപന്നങ്ങൾ, കഫേ കുടുംബശ്രീ, ക്ലീൻവെൽ, ലോൺട്രി, ഇസ്തിരി, ഓട്ടോമൊബൈൽ, കസ്റ്റമർ കെയർ റിലേഷൻ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ടൈലറിംഗ്, മൊബൈൽ, ടി വി ഡി ടി എം റിപ്പയർ, സെക്യൂരിറ്റി ഗാർഡ്സ്, ഹൗസ് കീപ്പിംഗ്, ഹോം നേഴ്സ്, ഹൗസ് മെയിഡ് എന്നിങ്ങനെ പോകുന്നു സ്വയം സംരംഭ പ്രവർത്തനങ്ങൾ.



സർക്കാരും സർക്കാരിതര ഏജൻസികളുടെയും കൂട്ടായ്മ ഉണ്ടാക്കി കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീകൾക്ക് തൊഴിലിടം ഉണ്ടാക്കുവാനും അവരുടെ ഗുണവിശേഷങ്ങൾ അനുസരിച്ച് അഭിരുചിക്കും പ്രതലങ്ങൾക്കും സാഹചര്യങ്ങൾക്കനുയോജ്യമായ വിവധയിനം പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും സ്ത്രീകളെ സന്നദ്ധരാക്കേണ്ടതായിട്ടുണ്ട്. പരിശീലനങ്ങൾ നൽകിയാൽ ഒരൽപ്പം കാഴ്ചപ്പാടിൽ മാറ്റം ഉണ്ടാക്കിയാൽ ജീവിത വിജയം ഉണ്ടാക്കാൻ ആവശ്യമായ സൗകര്യങ്ങളുടെ പറുദ്ദീസയാണ് കേരളം. കുടുംബശ്രീയുടെ കീഴിൽ തന്നെ 2.5 ലക്ഷം സ്ത്രീകൾ വ്യത്യസ്തങ്ങളായ 55000 ത്തോളം ചെറുകിട സംരംഭങ്ങൾ നടത്തുന്നു എന്നത് പ്രത്യേകം പരമാർശിക്കേണ്ടതാണ്. വീട്ടിൽ കഴിയുന്ന സ്ത്രീകൾക്ക് പ്രചോദനം നൽകി അവരെ പുതിയ തൊഴിലിടങ്ങളിലേക്ക് കൊണ്ടുവരാനുള്ള ഭഗീരഥപ്രയത്നത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അവരുടെ പദ്ധതിയിലും പ്രവർത്തിയിലും ജെന്റർ സമീപനം സ്വീകരിച്ചാൽ ദാരിദ്ര്യം കേരളത്തിൽ കുറഞ്ഞു വരുന്ന കണക്കിനോടൊപ്പം സ്ത്രീകളുടെ തൊഴിലിടവും വർദ്ധിക്കും എന്നത് കൂടി കൂട്ടിചേർക്കാൻ കഴിയുന്നതാണ്.

ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും പ്രതിവർഷം 100 സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സാധിച്ചാൽ അതിനുള്ള സൗകര്യം ഉണ്ടാക്കാൻ ബഡ്ജറ്റിൽ നിർദ്ദേശം ഉണ്ടായാൽ കേരളം ലോകത്തിന് മറ്റൊരു മാതൃകയാകും. എല്ലാ ഉത്പന്നങ്ങളും ചൂടപ്പം പോലെ വിറ്റു പോകുന്ന കേരളം എന്ന ഉപഭോഗ സംസ്ഥാനത്തിന് തൊഴിൽ ചെയ്യാതെ മെയ്യനങ്ങാതെ ഇരിക്കുന്ന സ്ത്രീകളുടെ എണ്ണം കൂടിവരുന്നത് ഭൂഷണമല്ല. 12–ാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളും കുടുംബശ്രീയുടെ നേതൃത്വങ്ങളും, സർക്കാതിര, അർദ്ധ സർക്കാർ, സർക്കാർ, സംവിധാനങ്ങൾ എന്നിവയുടെ പിന്തുണയും ഉണ്ടെങ്കിൽ എളുപ്പം നേടിയെടുക്കാൻ സാധിക്കുന്ന ലക്ഷ്യമാണ് സ്ത്രീകൾക്ക് മാന്യമായ വേതനം ലഭിക്കുന്ന തൊഴിലിടങ്ങളുടെ സംസ്ഥാപനം. ■

*ലേഖകൻ കുടുംബശ്രീ*
*കണ്ണൂർ-എ.ഡി.എം.സിയാണ്.*

# നാം അറിയേണ്ട ലോകം



## ആൽബർട്ട് ഐൻസ്റ്റീൻ 160

## നേഹ രാമു – 162

നേഹരാമു എന്ന 12 വയസ്സുകാരി മെൻസ് ഐ. ക്യൂ ടെസ്റ്റിൽ 162 പോയിന്റ് നേടി ആൽബർട്ട് ഐൻസ്റ്റീൻ, സ്റ്റീഫൻ ഹോക്കിംങ്ങ്, ബിൽഗേറ്റ്സ് എന്നിവർക്ക് മുന്നിലെത്തി. -ഇവരുടെ ഐ. ക്യൂ 160 പോയന്റായിരുന്നു. ഇംഗ്ലണ്ടിൽ താമസമാക്കിയ ബാംഗ്ലൂർ സ്വദേശികളായ ജയശ്രീയുടേയും രാമുമുനി രാജുവിന്റെയും മകളായ നേഹ രാമുവാണ് ബുദ്ധിശക്തിയുടെ കാര്യത്തിൽ ആൽബർട്ട് ഐൻസ്റ്റീൻ, സ്റ്റീഫൻ ഹോക്കിംഗ് എന്നിവരെക്കാൾ മുന്നിലെത്തിയത്. ഒരു വ്യക്തിയുടെ മാനസിക വയസ്സും യഥാർത്ഥ വയസ്സും തമ്മിലുള്ള അനുപാതമാണ് ഐ.ക്യൂ ടെസ്റ്റിലൂടെ അളക്കുന്നത്.

## ISO (International Organisation for standardisation)

ദേശീയ മാനദണ്ഡ സമിതികളുടെ പ്രതിനിധികളുടെ അന്തർദേശീയ സമിതിയാണ് 'ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാൻഡേർഡൈസേഷൻ'. 1947ഫെബ്രുവരി 23, നാണ് ഇതു തുടങ്ങിയത്. ഐ.എസ്.ഒ. ഉപയോഗിക്കുന്ന ഔദ്യോഗിക ഭാഷകൾ ഇംഗ്ലീഷ്, ഫ്രെഞ്ച്, റഷ്യൻ എന്നിവയാണ് സ്വിറ്റ്സർലാൻഡിലെ ജെനീവയിലാണ് ഇതിന്റെ ആസ്ഥാനം.

രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പ് ഈ സംഘടന ISA എന്നാണ് അറിയപ്പെട്ടിരുന്നത്. [International Federation of the National Standardizing Association (ISA)].

103 രാജ്യങ്ങൾ ഈ സംഘടനയിൽ അംഗത്വം വഹിക്കുന്നു.

## വനിതാ ദിനത്തിൽ വനിതാ പോസ്റ്റ് ഓഫീസ്

അന്തർദേശിയ വനിതാ ദിനത്തിൽ രാജ്യത്തെ ആദ്യത്തെ വനിതാ പോസ്റ്റാഫീസ് ഡൽഹി ശാസ്ത്രിഭവൻ കെട്ടിടത്തിൽ തുടങ്ങി. വനിതകൾ മാത്രം ജോലി ചെയ്യുന്ന പോസ്റ്റാഫീസിൽ വിവിധ സേവനങ്ങൾ നൽകുന്നതിനു മൂന്ന് കൗണ്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്. 8.3.2012 വെള്ളിയാഴ്ച രാവിലെ കേന്ദ്ര ടെലികോം മന്ത്രി കപിൽ സിബലാണ് രാജ്യത്തെ ആദ്യവനിതാ പോസ്റ്റാഫീസ് ഉദ്ഘാടനം ചെയ്തത്. സ്ത്രീ ജീവനക്കാർ കൂടുതലുള്ള മെട്രോ നഗരങ്ങളിലെല്ലാം വനിതാ പോസ്റ്റോഫീസുകൾ തുറക്കുമെന്ന് തപാൽ വകുപ്പ് അറിയിച്ചു.

## വാലന്റീന തെരഷ്കോവയുടെ പിൻഗാമി

## യെലേന സെരോവ

ലോകത്താദ്യമായി വനിതയെ ബഹിരാകാശത്തേക്ക് അയച്ചത് റഷ്യയുടെ പഴയ രൂപമായ സോവിയറ്റ് യൂണിയനാണ്. വാലന്റീന തെരഷ്കോവയുടെ ബഹിരാകാശ യാത്രയുടെ 50-ാം വാർഷിക വേളയിലാണ് റഷ്യൻ ബഹിരാകാശ പരിശീലന കേന്ദ്രത്തിന്റെ പുതിയ വെളിപ്പെടുത്തൽ 2014 മധ്യത്തോടെ 36 കാരിയായ യെലേന സെരോവ ബഹിരാകാശ സഞ്ചാരം നടത്തുമെന്നും ആറുമാസം ബഹിരാകാശത്തു ചിലവഴിക്കുമെന്നും അറിയിച്ചു.

*- പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

# ഇ-ഗവേണൻസ് വാർത്തകൾ

## E- Governance News

**സാംഖ്യ (അക്രൂവൽ അടിസ്ഥാനമാക്കിയുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ്) വിന്യാസവും പരിശീലനവും**

ആകെ1144 ത്രിതലപഞ്ചായത്തുകളിൽ 1082 എണ്ണത്തിലും സാംഖ്യ വിന്യസിപ്പിച്ചു. (ജനുവരി-ഫെബ്രുവരി മാസങ്ങളിൽ പുതുതായി 208 ത്രിതലപഞ്ചായത്തുകളിൽ ആരംഭിച്ചു). പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർകോഡ് തുടങ്ങിയ ജില്ലകളിൽ സാംഖ്യ വിന്യാസം പൂർത്തിയായിക്കഴിഞ്ഞു. മാർച്ച് മാസത്തോടുകൂടി സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും സാംഖ്യ നടപ്പാക്കുന്നതാണ്. ഇതോടുകൂടി എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ് നടപ്പിലാക്കിയ പ്രഥമ സംസ്ഥാനം എന്ന ബഹുമതി കേരളം കൈവരിക്കും.ഫെബ്രുവരി മാസത്തിൽ വിവിധ ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/കോർപ്പറേഷനുകൾ എന്നിവിടങ്ങളിലായി 34പേർക്ക് പിയർ ഇവാലേഷൻ നൽകി.

**സുലേഖ(പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ) പുതിയ ഉൾപ്പെടുത്തലുകൾ**

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുടെ 1.8 ലക്ഷത്തിൽപരം പ്രോജക്ടുകൾ സുലേഖ വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ രൂപീകരിച്ച് അംഗീകാരം നേടിക്കഴിഞ്ഞു. നിർവ്വഹണ ഉദ്യോഗസ്ഥർ ഓരോ പ്രോജക്ടിനും ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന ചെലവ് തുക തത്സമയം രേഖപ്പെടുത്തുന്നതിനും, തയ്യാറാക്കിയതും അംഗീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അധികാരപ്പെട്ടവർക്ക് തങ്ങളുടെ ലോഗിനിലൂടെ അറിയുന്നതിനുമുള്ള സൗകര്യവും www.-plan.-lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതി മുതൽ തുടർ വർഷങ്ങളിലേക്ക് പ്രോജക്ടുകൾ രൂപീകരിക്കുന്നതിനുള്ള മേഖല/ഉപമേഖല/സൂക്ഷ്മ മേഖല കോഡുകൾ തയ്യാറാക്കി അന്തിമമാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരിഷ്ക്കരിച്ച കോഡുകൾ ഉൾപ്പെടുത്തി രണ്ടാം വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി 04.02.2013-ലെ G.O(MS)47/2013/LSGD സർക്കാർ ഉത്തരവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ ഓൺലൈനായി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യവും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാനത്തെ 141 എം.എൽ .എ മാർക്ക് സുലേഖ വെബ്സൈറ്റിൽ പ്രവേശിക്കുന്നതിനുള്ള യൂസർ നെയിമും പാസ്‌വേഡും ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിനായി ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി സുലേഖ സംയോജിപ്പിച്ച് തത്സമയ ചെലവ് വിശദാംശങ്ങൾ വെബ് അധിഷ്ഠിതമായി ലഭിക്കുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്.

**വെബ് അധിഷ്ഠിത സുഗമ (പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്) ആപ്ളിക്കേഷൻ**

സുഗമ ആപ്ലിക്കേഷൻ വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറിലൂടെ പൊതുമരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേഷൻ, എസ്റ്റിമേറ്റുകളുടെ സാങ്കേതികാനുമതി, മരാമത്തു പ്രവർത്തികളുടെ വാർഷികച്ചെലവ് വിവരങ്ങൾ തുടങ്ങിയവ വേഗത്തിൽ തയ്യാറാക്കാം. പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള വെബ് അധിഷ്ഠിത സുഗമ ആപ്ലിക്കേഷൻ മൊഡ്യൂൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും പ്രവർത്തനക്ഷമമാണ്. തദ്ദേശ രണസ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കും ഓവർസിയർമാർക്കും ഉൾപ്പെടെ ഫെബ്രുവരി മാസത്തിൽ 1352 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

**ഇ-പഞ്ചായത്ത് ഇംപ്ളിമെന്റേഷൻ**

കേന്ദ്ര സർക്കാർ പഞ്ചായത്തിരാജ് മന്ത്രാലയം നടപ്പാക്കുന്ന ഇ-പഞ്ചായത്ത് പ്രോജക്ടിന്റെ നോഡൽ ഏജൻസിയായി ഐ.കെ.എം-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 11.09.2012-ലെ ജി.ഒ (ആർടി) നം.2583/2012/ തസ്വഭവ ഉത്തരവ് പുറപ്പെടുവിക്കുകയും സംസ്ഥാന ജില്ലാതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്തു. ഇത് സംബന്ധമായ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഏരിയ പ്രൊഫൈലർ, ലോക്കൽ ഗവൺമെന്റ് ഡയറക്ടറി, ട്രെയിനേഴ്സ് മാനേജ്മെന്റ് പ്രോഗ്രാം, സോഷ്യൽ ഓഡിറ്റ് ആന്റ് മീറ്റിംഗ് മാനേജ്മെന്റ് തുടങ്ങിയ ആപ്ലിക്കേഷനുകളുടെ പരിശീലനം മാർച്ച് മാസത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

**അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് ജനന-മരണ-വിവാഹ രജിസ്ട്രേഷൻ വെബ് അധിഷ്ഠിതമാക്കിയതിന്റെ ഉദ്ഘാടനം**



അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ സിവിൽ രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനം 27.02.2013-ൽ നിലവിൽ വന്നു. ഇതിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ഷൈജു ശിവൻ നിർവ്വഹിച്ചു. ഇതോടുകൂടി മുഴുവൻ തദ്ദേശ ഭരണസ്ഥാപനങ്ങളിലും സിവിൽ രജിസ്ട്രേഷൻ സംവിധാനം ഇലക്ട്രോണിക്കായി നിർവ്വഹിക്കുന്ന ആദ്യ സംസ്ഥാനമെന്ന ബഹുമതി കേരളം കൈവരിച്ചു.

**വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് ജനന-മരണ-വിവാഹ രജിസ്ട്രേഷൻ വെബ് അധിഷ്ഠിതമാക്കിയതിന്റെ പഞ്ചായത്ത്തല പ്രഖ്യാപനവും ഓൺലൈൻ സേവനങ്ങളുടെയും ജനസേവനകേന്ദ്രത്തിന്റേയും ഉദ്ഘാടനവും**

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ ജനസേവനകേന്ദ്രത്തിന്റെ ഉദ്ഘാടനവും മാലിന്യ സംസ്കരണ പ്രോജക്ടിന്റെ ഉദ്ഘാടനവും 15/02/2013 ന്





യഥാക്രമം ആലത്തൂർ മണ്ഡലം എം.പി പി .കെ ബിജു, എം. എൽ.എ കെ. രാധാകൃഷ്ണൻ എന്നിവർ നിർവ്വഹിച്ചു. 1970 മുതലുള്ള ജനന-മരണ രജിസ്ട്രേഷൻ വിവരങ്ങൾ, സൂചിക ഫയൽ ട്രാക്കിംഗ് വിവരങ്ങൾ, സാമൂഹ്യസുരക്ഷാ പെൻഷൻ വിവരങ്ങൾ എന്നിവ വെബ് അധിഷ്ഠിതമാക്കിയതിന്റേയും വിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗ്, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ വിവരങ്ങൾ എസ് എം എസ് സംവിധാനം വഴി ബന്ധപ്പെട്ടവരിലേക്ക് എത്തിക്കൽ തുടങ്ങിയവ നടപ്പിലാക്കിയതിന്റെ പ്രഖ്യാപനവും ഇതിനോടനുബന്ധിച്ചു നടന്നു.

**പോരൂർഗ്രാമ പഞ്ചായത്ത് സിവിൽ രജിസ്ട്രേഷനുകളുടെ സമ്പൂർണ്ണ ഡിജിറ്റൈസേഷനും വിവാഹ രജിസ്ട്രേഷൻ ഇ- ഫയലിംഗ് പ്രഖ്യാപനവും**

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ റെക്കോഡുകളുടെ ഡിജി റ്റൈസേഷൻ പൂർത്തീകരണത്തിന്റെയും വിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗ് സംവിധാനത്തിന്റെയും പ്രഖ്യാപനം പട്ടികജാതി-വിനോദ സഞ്ചാര വകുപ്പ് മന്ത്രി എ പി അനിൽ കുമാർ 2013 ഫെബ്രുവരി 23 ന് ഉച്ചയ്ക്ക് 2.30 ന് ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് നിർവ്വഹിച്ചു. ചടങ്ങിൽ പോരൂർ



ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ എം ശങ്കരൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു.

**ഏലംകുളം ഗ്രാമപഞ്ചായത്ത് ജനന-മരണ-വിവാഹ രജിസ്ട്രേഷൻ വെബ് അധിഷ്ഠിതമാക്കിയതിന്റെ പഞ്ചായത്ത്തല പ്രഖ്യാപനവും ഓൺലൈൻ സേവനങ്ങളുടെ ഉദ്ഘാടനവും**



മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമപഞ്ചായത്തിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ റെക്കോഡുകളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരണത്തിന്റെയും ജനന-മരണ-വിവാഹ രജിസ്ട്രേഷൻ വെബ് അധിഷ്ഠിതമാക്കിയതിന്റെ പഞ്ചായത്ത്തല പ്രഖ്യാപനവും ഓൺലൈൻസേവനങ്ങളുടെ ഉദ്ഘാടനവും 2013 ഫെബ്രുവരി 28 വ്യാഴാഴ്ച്ച വൈകുന്നേരം 3.30 ന് പെരിന്തൽമണ്ണ സബ് കളക്ടർ ടി. മിത്ര ഐഎഎസ് നിർവ്വഹിച്ചു. ചടങ്ങിൽ ഏലംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി കുഞ്ഞുരാമൻ അദ്ധ്യക്ഷത വഹിച്ചു.

**മേലാറ്റൂർ ഗ്രാമപഞ്ചായത്ത് ജനന-മരണ-വിവാഹ രജിസ്ട്രേഷൻ വെബ് അധിഷ്ഠിതമാക്കിയതിന്റെ പഞ്ചായത്ത്തല പ്രഖ്യാപനവും ഓൺലൈൻ സേവനങ്ങളുടെ ഉദ്ഘാടനവും**



മലപ്പുറം ജില്ലയിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ വെബ് അധിഷ്ഠിതമാക്കിയതിന്റെ പഞ്ചായത്ത്തല പ്രഖ്യാപനവും ഓൺലൈൻ വഴിയുള്ള ആദ്യ സർട്ടിഫിക്കറ്റ് വിതരണവും 2013 മാർച്ച് 1 വെള്ളിയാഴ്ച നഗരവികസന ന്യൂനപക്ഷ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി നിർവ്വഹിച്ചു. ചടങ്ങിൽ മേലാറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. അബ്ദുകരീം മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു.

**ഉദയഭാനു കണ്ടേത്ത്**



# പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

**?** പഞ്ചായത്തിൽ പിരിച്ചെടുക്കുന്ന തുകകൾ പൂർണ്ണരൂപയിലായിരിക്കണമെന്നു പറയുന്നുണ്ടല്ലോ. ഓരോ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിലുള്ള തുകയും ഇപ്രകാരം റൗണ്ട് ഓഫ് ചെയ്ത് പൂർണ്ണ രൂപയാക്കേണ്ടതുണ്ടോ? ഓരോ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിലും പൈസ നിലനിർത്തി ഓരോ രസീതിന്റേയും മൊത്തം തുക റൗണ്ട് ഓഫ് ചെയ്താൽ മതിയാവില്ലേ? ഓരോ ഹെഡ് ഓഫ് അക്കൗണ്ടിനു കീഴിലും വരുന്ന തുകകൾ (ഉദാ: ലൈബ്രറി സെസ്, പിഴപ്പലിശ) പ്രത്യേകമായി പൂർണ്ണ രൂപയിലാക്കുകയാണെങ്കിൽ കുറേയധികം വർഷത്തെ കുടിശ്ശിക ഒന്നിച്ച് അടയ്ക്കുന്ന വ്യക്തിക്ക് വലിയ നഷ്ടം സംഭവിക്കുകയില്ലേ?

= 1994-ലെ കേരളപഞ്ചായത്ത് രാജ് നിയമത്തിന്റെ 273-ാം വകുപ്പിൽ കീഴിലുള്ള (2)-ാം ഉപവകുപ്പും അതിനു കീഴിലുള്ള വിശദീകരണവും ഇപ്രകാരം അനുശാസിക്കുന്നു:

"നികുതി, സെസ്, ഫീ, സർച്ചാർജ് ഉൾപ്പെടെ പഞ്ചായത്ത് പിരിച്ചെടുക്കുന്ന എല്ലാ തുകകളും, ഈ നിയമ പ്രകാരവും ഇതിൻകീഴിലുള്ള ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ കണക്കു വക്കുന്ന മറ്റെല്ലാ തുകകളും പൂർണ്ണ രൂപയിലായിരിക്കേണ്ടതാണ്.

വിശദീകരണം: ഇക്കാര്യത്തിനായി ഒരു രൂപയുടെ അംശത്തെ അടുത്ത ഉയർന്ന രൂപയാക്കി ക്രമീകരിക്കേണ്ടതാണ്."

ഇക്കാര്യം ഇപ്രകാരം നിയമത്തിൽ നിർദ്ദേശിച്ചിരിക്കേ, ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ നിയമത്തിൽ നിന്നു വ്യതിചലിക്കുന്നത്, നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനു തുല്യമാണ്. താഴെപറയുന്ന പ്രകാരമാണ് പ്രവർത്തിക്കേണ്ടത്.

പഞ്ചായത്ത് അക്കൗണ്ടിലെ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും രേഖപ്പെടുത്തുന്ന തുകകൾ പൂർണ്ണരൂപയിൽ തന്നെ ആയിരിക്കണം. രൂപയുടെ അംശത്തെ അടുത്ത ഉയർന്ന രൂപയാക്കി ക്രമീകരിക്കണം. പഞ്ചായത്ത് അക്കൗണ്ടിൽ പൈസ കോളം ഇല്ലാ; ആവശ്യവുമില്ല.

**?** കംപ്യൂട്ടർ ഉപയോഗിച്ച് എത്രവിഷമം പിടിച്ച തുകയും കൈകാര്യം ചെയ്യാമെന്നിരിക്കേ, പഞ്ചായത്ത് അക്കൗണ്ടിൽ രൂപ-പൈസ ഉൾപ്പെടുന്ന തുകകൾ അതുപോലെ തന്നെ രേഖപ്പെടുത്തികൂടേ? എന്തിനാണ് ഇത്തരം ഒരു റൗണ്ടിംഗ് ഓഫ്?

= നിയമത്തിന്റെ 273(2)-ാം വകുപ്പും അതിനുതാഴെ നൽകിയിരിക്കുന്ന വിശദീകരണവും നിലനില്ക്കുന്നിടത്തോളം കാലം അതുപ്രകാരമല്ലാതെ ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്താനാവില്ല. നിയമവിരുദ്ധമായ കാര്യങ്ങൾ സാംഖ്യയിൽ ഉൾപ്പെടുത്തണമെന്ന് ആരും ആവശ്യപ്പെടുകയില്ലല്ലോ.

**?** പല നിർവഹണ ഉദ്യോഗസ്ഥരും ഓരോ മാസത്തേയും ചെലവ് സ്റ്റേറ്റ്മെന്റ് അടുത്തമാസം 5-ാം തീയതിക്കകം നൽകുന്നില്ല. ഇതിനാൽ കണക്കുകൾ അപൂർണ്ണമാകുന്നു. ഇത് ഒഴിവാക്കാൻ അലോട്ട്മെന്റ് നൽകുമ്പോൾ തന്നെ ചെലവ് സാംഖ്യയിൽ രേഖപ്പെടുത്തികൂടേ?

= അലോട്ട്മെന്റ് നൽകുമ്പോൾ ചെലവ് സംഭവിച്ചിട്ടില്ല. അതിനാൽ ഈ ഘട്ടത്തിൽ ചെലവ് രേഖപ്പെടുത്തുന്നതു ശരിയല്ല. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ട്രഷറിയിൽ നിന്നു പണം വലിക്കുന്ന ഓരോദിവസവും പഞ്ചായത്തിന് ചെലവ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കണമെന്ന് കോ ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. പ്രതിമാസ ചെലവ് സ്റ്റേറ്റ്മെന്റിനുപകരം പ്രതിദിന ചെലവ് സ്റ്റേറ്റ്മെന്റ് സമർപ്പിക്കണമെന്നർത്ഥം. ഇതുവഴി താമസം കൂടാതെ ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്താൻ കഴിയും.

**?** സെക്രട്ടറി ട്രഷറയിൽ ബിൽസമർപ്പിച്ചു പിൻവലിക്കുന്ന തുകകളുടെ പേയ്മെന്റ് ഏതു ഘട്ടത്തിലാണ് സാംഖ്യയിൽ രേഖപ്പെടുത്തേണ്ടത്?

= ട്രഷറിയിൽ നിന്നു തുക പിൻവലിച്ചാൽ അന്നേദിവസം തന്നെ ട്രഷറി ബിൽ ബുക്കിൽ വിവരം രേഖപ്പെടുത്തും. ബാങ്കിംഗ് ട്രഷറിയാണെങ്കിൽ പി.ഒ.സി. ലഭിക്കും. നോൺ ബാങ്കിംഗ് ട്രഷറിയാണെങ്കിൽ കാഷ് ആയിരിക്കും ലഭിക്കുന്നത്.

ട്രഷറിയിൽ പബ്ലിക് അക്കൗണ്ടിൽ നിന്ന് പേയ്മെന്റ് നടന്നതിനാൽ അന്നേ ദിവസം തന്നെ ട്രഷറി ബിൽ ബുക്കിന്റെ അടിസ്ഥാനത്തിൽ സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തേണ്ടതാണ്. ബാങ്കിംഗ് ട്രഷറികളുടെ കാര്യത്തിൽ കൂടുതൽ നടപടികൾ ആവശ്യമില്ല.

എന്നാൽ നോൺ ബാങ്കിംഗ് ട്രഷറികളുടെ കാര്യത്തിൽ ട്രഷറി അക്കൗണ്ടിൽ നിന്നുള്ള പേയ്മെന്റ് രേഖപ്പെടുത്തിയാൽ മാത്രംപോരാ. ലഭിക്കുന്ന ക്യാഷിന് 350 80 01 99 Other creditors എന്ന ഹെഡിന് ക്രെഡിറ്റ് നൽകി രസീത് രേഖപ്പെടുത്തണം. തുടർന്ന്, ഉടൻതന്നെ ദേശസാൽകൃത ബാങ്കിൽ ക്യാഷ് അടയ്ക്കുമ്പോൾ കോൺട്രാ എൻട്രി രേഖപ്പെടുത്തണം. കരാറുകാരന്/ഗുണഭോക്താവിന് നൽകാനുള്ള ഡിഡി ലഭിക്കാനായി ദേശസാൽകൃത ബാങ്കിന് ചെക്ക് നൽകുമ്പോൾ 350 80 01 99 Other creditors എന്ന ഹെഡിന് ഡെബിറ്റ് നൽകി പേയ്മെന്റ് രേഖപ്പെടുത്തണം.

? ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച തുക നൽകുന്നതിനായി ഗ്രാമബ്ലോക് – ജില്ലാപഞ്ചായത്തുകൾ വികസനഫണ്ടിൽ നിന്ന് "ഐഎവൈ അധിക വിഹിതം" പിൻവലിച്ചു നൽകുന്നുണ്ട്. ഇപ്രകാരം നൽകുന്ന തുക ബ്ലോക്ക് പഞ്ചായത്തുകൾ ഐ എ വൈക്കു വേണ്ടിയുള്ള ഒരു പ്രത്യേക അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകൾ ഒറ്റത്തുകയായി വികസനഫണ്ടിൽ നിന്നു പിൻവലിക്കുമ്പോഴും തുടർന്ന് ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം നൽകുമ്പോഴും ചെലവ് "ഭവന നിർമ്മാണം" എന്നു രേഖപ്പെടുത്തിയാൽ ഒരേ ഹെഡ് ഓഫ് അക്കൗണ്ടിൽ ഇരട്ടി ചെലവ് രേഖപ്പെടുത്തേണ്ടി വരില്ലേ?

= ബ്ലോക്ക് പഞ്ചായത്തുകൾ വികസന ഫണ്ടിൽ നിന്നു പ്രോജക്ട് വഴി പിൻവലിക്കുന്ന "ഐഎവൈ അധിക വിഹിത" ത്തിന്റെ ചെലവ് "ഭവന നിർമ്മാണം" എന്നാണ് രേഖപ്പെടുത്തുന്നത്. ഇപ്രകാരം ഒറ്റത്തുകയായി ലഭിക്കുന്ന ഡിഡിക്ക് ബ്ലോക്ക് പഞ്ചായത്ത് സാംഖ്യയിൽ രസീത് രേഖപ്പെടുത്തണം. 350 80 01 99 Other creditors എന്ന ഹെഡിന് ക്രെഡിറ്റും പ്രത്യേക ബാങ്ക് അക്കൗണ്ടിന് ഡെബിറ്റും നൽകുക. തുക ഗുണഭോക്താവിന് നൽകുമ്പോൾ 350 80 01 99 Other creditors എന്ന ഹെഡിന് ഡെബിറ്റും ബാങ്ക് അക്കൗണ്ടിന് ക്രെഡിറ്റും നൽകുക.

? സമയത്ത് ക്യാഷ് ചെയ്യാൻ സാധിക്കാത്ത ചെക്കിനുപകരം പുതിയ ചെക്ക് നൽകാൻ അഭ്യർത്ഥിച്ചുകൊണ്ട് കരാറുകാരൻ ചെക്ക് തിരികെ ഏല്പിക്കുന്നു എന്തായിരിക്കും നടപടിക്രമം?

= പഴയ ചെക്ക് ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ "uncashed cheque" ആയി നിലനില്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ചെക്ക് ക്യാൻസൽ ചെയ്യുക. ക്യാൻസലേഷൻ സാംഖ്യയിൽ രേഖപ്പെടുത്തുന്നതിനായി 350 80 01 01 Liability in respect of state cheque എന്ന ഹെഡിന് ക്രെഡിറ്റ് നൽകി രസീത് രേഖപ്പെടുത്തുക. ഉടൻതന്നെ ബിൽ തയ്യാറാക്കി സാംഖ്യയിൽ പേയ്മെന്റ് ഓർഡർ രേഖപ്പെടുത്തുക. 350 80 01 01 Liability for state cheques എന്ന ഹെഡിന് ഡെബിറ്റ് ചെയ്യുക. ചെക്ക് തയ്യാറാക്കി പേയ്മെന്റ് രേഖപ്പെടുത്തി കരാറുകാരന് നൽകുക.

? റിക്വിസിഷൻ രേഖപ്പെടുത്തിയ ശേഷം സാംഖ്യയിൽ നിന്നു ലഭിക്കുന്ന Letter of Allotment ലും ബില്ലിലും ബാലൻസ് തുക വ്യത്യസ്തമായാണ് കാണുന്നത്. സാധാരണയായി Letter of Allotment ൽ ബാലൻസ് തുക കാണും; ബില്ലിൽ 'NIL' എന്നായിരിക്കും കാണുന്നത്. ഇതു ശരിയാണോ?

= Letter of Allotment -ൽ Total Appropriation എന്നു കാണിക്കുന്നത് പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിച്ച മൊത്തം തുകയാണ്. ഇതിൽ നിന്ന് എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും കൊടുത്ത അലോട്ട് മെന്റ് തുകകളുടെ മൊത്തം തുക കുറവ് ചെയ്യുന്നു. ഒരു തുക ബാലൻസ് ആയി കണ്ടേക്കാം.

എന്നാൽ സാംഖ്യയിൽ നിന്നു ലഭിക്കുന്ന ബിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് ട്രഷറിയിൽ സമർപ്പിക്കാനുള്ളതാണ്. അതിനാൽ Total Appropriation എന്നതിൽ ഈ ഇനത്തിൽ സെക്രട്ടറിക്കു ലഭിച്ച allotment മാത്രമേ രേഖപ്പെടുത്തൂ. ഒരു അലോട്ട്മെന്റ് നിർവഹണ ഉദ്യോഗസ്ഥന് ലഭിച്ചാൽ ഒരു തുകയും ബാക്കി വക്കാതെ അലോട്ട്മെന്റിന് തുക മുഴുവനായി ട്രഷറിയിൽ നിന്നു പിൻവലിക്കണമെന് 12-04-2006-ലെ ജി.ഒ.(പി) 177/2006 ഫിൻനമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്നു. ഇതുവരെ അലോട്ട്മെന്റ് ആയി ലഭിച്ച തുകയിൽ നിന്ന് ഇതുവരെ പിൻ വലിച്ച തുകകളും ഇപ്പോൾ ലഭിച്ച അലോട്ട് മെന്റിന്റെ (അതായത് ബില്ലിന്റെ) തുകയും കുറവുചെയ്താൽ പിന്നീട് ബാലൻസ് "NIL" തന്നെയായിരിക്കും. ■

പഞ്ചായത്ത് അക്കൗണ്ട്
സംശയങ്ങളും മറുപടികളും



# തൊഴിലുറപ്പ് പദ്ധതി സമഗ്ര വികസനത്തെ ലക്ഷ്യമാക്കണം

**കെ.ജി. ഹരിതം**

ഇന്ത്യയുടെ ഗ്രാമീണ മേഖലയിലെ ദാരിദ്ര്യം ലഘൂകരിക്കുന്നതിന് ലക്ഷ്യം വച്ച് ആവിഷ്കരിച്ച തൊഴിൽ ദാന പദ്ധതിയാണല്ലോ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ദാരിദ്ര്യവും മറ്റ് സാമൂഹ്യ പിന്നോക്കാവസ്ഥകളും നിലനിൽക്കുന്ന പല സംസ്ഥാന ങ്ങളെയും അപേക്ഷിച്ച് സാമൂഹ്യപുരോഗതി കൈവരിച്ച കേരളത്തിൽ ഗ്രാമീണ തൊഴിൽദാന പദ്ധതിയിൽ ശ്രദ്ധേയമായ പങ്കാളിത്തമാണ് ഉണ്ടായിട്ടുള്ളത് എന്നത് അത്ഭുതാവഹമാണ്. കൂലിനിരക്കിൽ ഉയർന്ന നിലയും വൈറ്റ് കോളർ സംസ്കാരവും ഉള്ള കേരളത്തിൽ തുച്ഛമായ കൂലിക്ക് പണിയെടുക്കാൻ വളരെയേറെ ആളുകൾ മുന്നോട്ടു വന്നതിനുള്ള കാരണങ്ങൾ പഠനാർഹമാണ്. പ്രത്യക്ഷത്തിൽ പരിശോധിക്കുമ്പോൾ കാണുന്നത് കഴിഞ്ഞ കുറേ വർഷങ്ങളായി കേരള സമൂഹത്തിൽ രൂപപെട്ടുകൊണ്ടിരിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പങ്കാളിത്തത്തിന് പ്രധാന കാരണമായിട്ടുണ്ട് എന്നതാണ്. ഇത്തരത്തിൽ സ്ത്രീകളുടെ കൂട്ടായ്മയ്ക്ക് പ്രചോദനമാകുന്നത് സാമൂഹ്യ സാംസ്കാരിക പുരോഗതിയ്ക്കുപരിയായി സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യമാണ് എന്നതാണ് വസ്തുത. സ്ത്രീകളുടെ വരുമാന വർദ്ധനവ് പുരുഷ മേധാവിത്വത്തിൽ അധിഷ്ഠിതമായ കുടുംബവ്യവസ്ഥ അടിച്ചേൽപ്പിക്കുന്ന അസ്വാതന്ത്ര്യത്തിൽ നിന്നും കുറച്ചെങ്കിലും ആശ്വാസം നേടുന്നതിന് സ്ത്രീകളെ സഹായിക്കുന്നുണ്ട് എന്നുള്ളത് നേരാണ്. സാമൂഹ്യ സാഹചര്യങ്ങൾക്കനുസരിച്ചുള്ള ഒരു ജീവിതം രൂപപ്പെടുത്തുന്നതിന് ഒരു പരിധി വരെ സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനം സഹായകമാകുന്നുണ്ട്. പുരുഷന്മാർക്ക് ലഭിക്കുന്ന വരുമാനം മുഴുവനായും കുടുംബത്തിന്റെ ആവശ്യങ്ങൾക്കല്ല ചെലവിടുന്നത്. എന്നാൽ സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനം പൂർണ്ണമായും കുടുംബത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നു. കുടുംബാംഗങ്ങളുടെ ഭക്ഷണം, വിദ്യാഭ്യാസം, വസ്ത്രം, പാർപ്പിടം, തുടങ്ങിയ ആവശ്യങ്ങൾക്ക് സ്ത്രീകളുടെ വരുമാനം പ്രയോജനപ്പെടുന്നു. ഇവിടെ എടുത്തു പറയേണ്ട ഒരു സംഗതി സ്ത്രീകളുടെ വരുമാനവും കുടും

ബത്തിലൂടെയാണെങ്കിലും നല്ലൊരു ശത മാനം കമ്പോളശക്തികളുടെ കൈകളിലേയ് ക്ക് എത്തുന്നുണ്ടെന്നതാണ്. ഇതാണ് മുകളിൽ സൂചിപ്പിച്ചത്, അതായത്, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സ്ത്രീകളുടെ മറ്റ് കൂട്ടായ്മകളും സ്ത്രീകളുടെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും സാമൂഹ്യ സാംസ്കാരിക പുരോഗതിയിൽ എത്തുന്നില്ല എന്നത്.

കേരളത്തിൽ ഇന്ന് നടന്നു വരുന്ന തൊഴിലുറപ്പ് പദ്ധതിയിൽ മാറ്റം വരുത്തേണ്ട അനേകം പോരായ്മകൾ ഉള്ളതായി കാണാൻ കഴിയും. ഇതിന്റെ കാരണം തൊഴിലുറപ്പ് പദ്ധതിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല എന്നത് എടുത്തു പറയട്ടെ. കേരള സമൂഹത്തി ന്റെ സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക പുരോഗതികൾക്ക് കാരണമായ മാറ്റങ്ങൾക്ക് പിന്നിൽ ജനകീയ പ്രസ്ഥാനങ്ങളുടെ പങ്ക് നിർണ്ണായകമാണ്. സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങൾ, കലാ സംഘടനകൾ, ഗ്രന്ഥശാല പ്രസ്ഥാനം, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയുടെ എല്ലാം ആരോഗ്യകരവും, ആത്മാർത്ഥവുമായ പ്രവർത്തനങ്ങൾ സാമൂഹ്യ പരിഷ്ക്കരണത്തിനുള്ള ചാലകശക്തികളായിരുന്നു എന്നത് ചരിത്ര യാഥാർത്ഥ്യമാണ്. ഇത്തരത്തിലുള്ള പ്രസ്ഥാനങ്ങളുടെ അടിസ്ഥാനപരമായ പ്രത്യേകത സംശുദ്ധവും, പുരോഗമനപരവും, നിസ്വാർത്ഥവും, ആത്മാർത്ഥവുമായ ജനകീയ പങ്കാളിത്തമായിരുന്നു. രാഷ്ട്രീയവും മറ്റുമായ വിഭാഗീയതകൾക്കുപരിയായി സമൂഹത്തിന്റെ പുരോഗതികൾക്കു വേണ്ടിയുള്ള ഇത്തരത്തിലുള്ള കൂട്ടായ്മ സമൂഹത്തിൽ അടിസ്ഥാനപരമായ സാമൂഹ്യമാറ്റങ്ങൾക്ക് വേണ്ടിയുള്ള ജനകീയ സമ്മർദ്ദത്തിനു കാരണമാകുകയും, അത് ഭരണകൂടങ്ങളെ പുരോഗമനപരമായ ഭരണ പരിഷ്കാരങ്ങൾക്ക് നിർബന്ധിതമാക്കുകയും ചെയ്തു. എന്നാൽ എൺപതുകൾ മുതൽ ഇത്തരത്തിലുള്ള സമഗ്രമായ ജനകീയ കൂട്ടായ്മകൾ അനാരോഗ്യപരമായ രാഷ്ട്രീയ സാമുദായിക വലയിൽ അകപ്പെടുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അധികാരവും, പണവും, ജാതിയുമായി തുടർന്നുള്ള പ്രചോദന ഘടകം, ത്യാഗോജ്വലവും സമഗ്രവുമായ പൂർവ്വകാല സാമൂഹ്യ പ്രവർത്തനങ്ങൾ വിസ്മരിക്കപ്പെട്ടു. സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾ ഭരണകൂടത്തിന്റെ ആചാരപരമായ പ്രവർത്തനമായി. ഇതിന്റെ ഫലമായി ഗ്രന്ഥശാലകളിൽ നല്ല കെട്ടിടവും പുസ്തകവുമുണ്ടെങ്കിലും വായനക്കാരോ ശക്തമായ ജനകീയ കമ്മിറ്റികളോ ഇല്ലെന്നായി. സാംസ്കാരിക, കലാ സംഘടനകൾ സാംസ്കാരത്തിനു വിപരീതവും കലാമൂല്യമില്ലാത്തതുമായ കച്ചവട വൈകൃതങ്ങളുടെ വേദിയായി. അധികാരത്തിനു വേണ്ടി, അനാരോഗ്യകരമായ മത്സരം, കള്ള പ്രചാരണം, ജാതി തുടങ്ങിയ അനാരോഗ്യ വികാരങ്ങളെ വളർത്തൽ, എന്നിവ സമൂഹത്തിൽ മുഖ്യപ്രവർത്തനമായി. ഇത്തരത്തിലൊരു സാഹചര്യത്തിലാണ് ജനകീയ കൂട്ടായ്മ കേരളം നേടിയ മൂല്യങ്ങൾ നില നിർത്തുവാനും പുരോഗതിക്കും ആവശ്യമാണെന്ന അഭിപ്രായം ഉയരുന്നതും അതിന്റെ പ്രവർത്തന മാതൃകയായി സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം രൂപപ്പെടുന്നതും. എന്നാൽ സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം പൂർവ്വകാല സാമൂഹ്യ അവസ്ഥയിലേക്ക് തിരിച്ചു പോകുകയും പ്രസ്തുത സാഹചര്യം മൂർച്ഛിക്കുകയുമാണുണ്ടായത്. തുടർന്ന് കേരള വികസന പ്രതിസന്ധി മുറിച്ചു കടക്കുന്നതിന് ലക്ഷ്യം വച്ച് ആവിഷ്കരിച്ച ശ്രദ്ധേയമായ ജനകീയ കൂട്ടായ്മയായിരുന്നു ജനകീയാസൂത്രണം. അധികാരവും പണവും വികേന്ദ്രീകരിക്കുകയും, പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും കക്ഷിരാഷ്ട്രീയവും മറ്റ് വിഭാഗീയതകളും മാറ്റി വച്ച് ജനങ്ങളുടെ കൂട്ടായ്മ എന്നതാണല്ലോ ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന സിദ്ധാന്തം. ആദ്യമൊക്കെ അഭൂത പൂർവ്വമായ സാമൂഹിക ചലനങ്ങൾ ഉണ്ടായെങ്കിലും ആധുനിക കേരള സമൂഹത്തിന്റെ രോഗം ജനകീയാസൂത്രണത്തിനേയും ബാധിച്ചു. ജനകീയ പങ്കാളിത്തം കുറഞ്ഞ് കുറഞ്ഞ് വെറും സാങ്കേതികമായി മാറി. കക്ഷിരാഷ്ട്രീയവും മറ്റ് വിഭാഗീയതകളും മാളങ്ങളിൽ നിന്നും

**പുരുഷന്മാർക്ക് ലഭിക്കുന്ന വരുമാനം മുഴുവനായും കുടുംബത്തിന്റെ ആവശ്യങ്ങൾക്കല്ല ചെലവിടുന്നത്. എന്നാൽ സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനം പൂർണ്ണമായും കുടുംബത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്നു. കുടുംബാംഗങ്ങളുടെ ഭക്ഷണം, വിദ്യാഭ്യാസം, വസ്ത്രം, പാർപ്പിടം, തുടങ്ങിയ ആവശ്യങ്ങൾക്ക് സ്ത്രീകളുടെ വരുമാനം പ്രയോജനപ്പെടുന്നു.**





**പ്രവർത്തിയിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിനനുസരണ മായി പ്രവർത്തനം നടക്കുന്നില്ല. കാര്യക്ഷമമായി മേൽനോട്ടവും സൈറ്റ് പരിശോധനയും പ്രായോഗികമാക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളിൽ പലരും പ്രായാധിക്യം ഉള്ളവരും അവശതകൾ അനുഭവിക്കുന്നവരുമാണ്.**

പുറത്ത് വന്ന് ഫണം ഉയർത്തി. ആസൂത്രണത്തിനും നടത്തിപ്പിനും, ശാസ്ത്രീയതയും, ജനപങ്കാളിത്തവും നിലനിർത്തുവാൻ കഴിഞ്ഞില്ല. ഏറെക്കുറെ ജനകീയ ആസൂത്രണ നടപടിക്രമങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും സമഗ്ര സ്വഭാവം പ്രായോഗിക വൽക്കരിക്കുന്നതിന് കേരളീയ സമൂഹം അലംഭാവം കാണിച്ചു കൊണ്ടിരിക്കുന്നു. ആക്ഷൻ പ്ലാനുകൾ രൂപപ്പെടുത്തുന്നതിലെ ജനകീയ പങ്കാളിത്തം, പദ്ധതി നടത്തിപ്പ് മോണിറ്ററിംഗ്, സോഷ്യൽ ആഡിറ്റിംഗ്, എന്നിവയെല്ലാം വിലയിരുത്തേണ്ട സംഗതിയാണ്. കോടിക്കണക്കിന് രൂപ ഈ പദ്ധതിയിൽ കൂടി ചെലവഴിക്കുന്നുണ്ടെങ്കിലും ഉദ്പാദന മേഖലയിലും, മണ്ണ്, ജലസംരക്ഷണം തുടങ്ങിയ മേഖലകളിലും കാര്യമായി ഒന്നും പ്രയോഗത്തിൽ വരുന്നില്ല. പല പ്രവർത്തികളും അശാസ്ത്രീയമായ രീതിയിലാണ് നടപ്പിലാക്കുന്നത്. പ്രവർത്തിയിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിനനുസരണമായി പ്രവർത്തനം നടക്കുന്നില്ല. കാര്യക്ഷമമായി മേൽനോട്ടവും സൈറ്റ് പരിശോധനയും പ്രായോഗികമാക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളിൽ പലരും പ്രായാധിക്യം ഉള്ളവരും അവശതകൾ അനുഭവിക്കുന്നവരുമാണ്. ഇവർക്ക് ആവശ്യമായ ജീവിത സാഹചര്യങ്ങൾ സൗജന്യമായി ഒരുക്കികൊടുക്കുന്നതിനു പകരം കഠിനമായ വെയിലിലും മഴയിലും ജോലി ചെയ്യിപ്പിക്കുന്നത് മനുഷ്യത്വപരമായ സമീപനമല്ല. പണി സ്ഥലങ്ങളിൽ ഉണ്ടാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇനിയും കാര്യക്ഷമമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. ഓരോ പ്രവർത്തിയുടെയും ശാസ്ത്രീയതയും പ്രാധാന്യവും തൊഴിലാളികളെ ബോധവത്കരിക്കുന്നതിലും വിജയിക്കുവാൻ കഴിയണം. പ്രവർത്തികൾ രൂപപ്പെടുത്തുന്നതിലും ഓരോ സമയത്തും അനുയോഗ്യമായത് തിരഞ്ഞെടുക്കുന്നതിനും കൂടുതൽ വൈദഗ്ദ്ധ്യവും ജനകീയ പങ്കാളിത്തവും ലഭ്യമാക്കേണ്ടതുണ്ട്. ജനങ്ങൾ ബന്ധപ്പെടുന്ന ജല സ്രോതസ്സുകളുടെ വശങ്ങളിൽ പച്ചപ്പ് പൂർണ്ണമായും നീക്കം ചെയ്യുന്നതിനു പകരം ആവശ്യമാണെങ്കിൽ അവ ക്രാപ്പു ചെയ്യുകയാണെങ്കിൽ മണ്ണൊലിപ്പു തടയുന്നതിനും ജനങ്ങളുടെ സഞ്ചാരത്തിനും കഴിയുന്നതാണ്. വേനൽക്കാലത്ത് സൂര്യതാപത്താൽ ജലം നീരാവിയാകുന്നതിന്റെ അളവ് കൂടുതലായതിനാൽ അതിനെ പ്രോത്സാഹിപ്പിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാതരിരിക്കുക., മഴയ്ക്കു മുന്നോടിയായി മണ്ണൊലിപ്പ് തടയുന്ന പ്രവർത്തനം, മരം നടൽ പ്രവർത്തനം തുടങ്ങിയവ അനുയോജ്യമാണ്. പഞ്ചായത്തിന്റെ ഓരോ വാർഡിലും പത്തു പശുക്കളുടെ ഫാം വീതം തൊഴിലുറപ്പ് പദ്ധതിയും പഞ്ചായത്തിന്റെ പദ്ധതിയും സംയുക്തമായി നടപ്പിലാക്കിയാൽ പാലുൽപ്പാദനത്തിൽ വമ്പിച്ച വർദ്ധനവുണ്ടാവുന്നതാണ്. പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പിലാക്കാവുന്നതും മറ്റ് തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന പുല്ല് ഈ സംരംഭത്തിനുപയോഗിക്കാവുന്നതുമാണ്. പാല് പ്രധാനമായും എൻ ആർ ഇ ജി എസ് തൊഴിലാളികൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

തൊഴിലുറപ്പ് പദ്ധതി സ്ത്രീകളുടെ സാമ്പത്തികശേഷിയും കുടുംബത്തിന്റെ പുരോഗതിയും വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും തൊഴിലാളികളായ സ്ത്രീകളും പുരോഗതിയ്ക്ക് പ്രത്യേകിച്ച് ആരോഗ്യത്തിൽ എന്ത് മാറ്റമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് വിലയിരുത്തേണ്ടതുണ്ട്. വിട്ടിലെ ജോലികൾ കുട്ടികളെ പരിചരിക്കുക, ഭർത്താവിനെ പരിചരിക്കൽ എന്നിവയ്ക്ക് പുറമെയാണ് പുറത്തെ പണികൂടി ചെയ്യേണ്ടി വരുന്നത്. പ്രതിമാസ വൈദ്യപരിശോധനയും സൗജന്യ ചികിത്സയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം. പ്രതിരോധ കാര്യത്തിൽ നിർബന്ധമായ ശ്രദ്ധയുണ്ടകണം. ഗ്ലൗസുകൾ, ബൂട്ടുകൾ, തൊപ്പി, പ്രതിരോധ മരുന്നുകൾ, രോഗ പരിശോധനകൾ, എന്നിവയെല്ലാം നിർബന്ധമാക്കണം. തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ തൊഴിലാളികൾക്കും സൗജന്യമായ ചികിത്സയ്ക്ക് കാർഡ് നൽകണം. തൊഴിലുറപ്പ് പദ്ധതിയുടെ സമയക്രമം പുന:ക്രമീകരിക്കുന്നത് അനുയോജ്യമായിരിക്കുമെന്ന് കാണുന്നു. കാര്യക്ഷമമായി മേൽനോട്ടവും കൃത്യമായ ഫീൽഡ് പരിശോധനയും ഉണ്ടെങ്കിൽ രാവിലെ 9 മണി മുതൽ 2 മണിവരെ പ്രവൃത്തി ചെയ്താൽ ഇന്നത്തെ അപേക്ഷിച്ച് പ്രവൃത്തി നടക്കുമെന്നുള്ളത് ഉറപ്പാണ്. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് വീട്ടുകാര്യങ്ങൾ നോക്കാനും, വിശ്രമത്തിനും കൂടുതൽ സമയം ലഭിക്കുകയും ചെയ്യുന്നതാണ്. കേവല സാമ്പത്തിക വളർച്ചയ്ക്കപ്പുറം സാമൂഹ്യ സാംസ്കാരിക പുരോഗതി ഈ പദ്ധതി ലക്ഷ്യമാക്കേണ്ടതുണ്ട്. വിവിധ വിഷയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് തൊഴിലാളികൾക്ക് പാഠശാലകൾ, കലാസാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

മേൽ പരാമർശിച്ചതുപോലെയുള്ള ആശയങ്ങൾ പ്രായോഗികമാകണമെങ്കിൽ കേരളത്തിന്റെ സാമൂഹ്യ പുരോഗതിയ്ക്ക് അനിവാര്യമായ ജനകീയ കൂട്ടായ്മ ഉണ്ടായാലെ കഴിയൂ. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അധികാരത്തെ ലക്ഷ്യം വയ്ക്കുന്നതിന് പകരം കേരളത്തിന് അനുയോജ്യമായ വികസനം എന്ന അജണ്ട മുഖ്യമായി ഉൾപ്പെടുത്തണം. എന്നാൽ എല്ലാ ഗ്രാമ സഭകളും പങ്കാളിത്തത്തിലും പ്രവർത്തനത്തിലും സജീവമാകും. പദ്ധതി ആസൂത്രണത്തിലും പ്രയോഗത്തിലും ജന സമൂഹത്തിന്റെ ചൂടും ചൂരുമുണ്ടാകും. അനുകരണങ്ങൾക്ക് പകരം അനുയോജ്യമായ വികസനങ്ങളുണ്ടാകും. ■



റാഫി. എസ്

# അത്ഭുത ആഹാരം – സ്പൈറുലിന (Spirulina) (Arthro Spira Platensis)

ആഫ്രിക്ക, മെക്സിക്കോ തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങളിലെ ജലാശയങ്ങളിൽ കാണപ്പെടുന്ന ഒരിനം ആൽഗ (sea weed) ആണ് സ്പൈറുലിന. സസ്യവിഭാഗത്തിൽ പെടുന്ന പായലുകളാണിവ. കടും പച്ച നിറത്തിലും, ചെറിയ നീല നിറത്തിലും ചുരുളുകളുടെ ആകൃതിയിലുള്ളതുമായാണ് green blue Algae കാണപ്പെടുന്നത്. നീല നിറത്തോടു കൂടിയ ഫൈക്കോസയനിൻ, ഓറഞ്ച് നിറമുള്ള കരോട്ടിനോയിടുകൾ, പച്ച നിറമുള്ള ഹരിതകം ഈ മൂന്ന് പ്രധാന വർണ്ണങ്ങൾ കൂടി ചേർന്നതാണ് സ്പൈറുലിനക് കടും പച്ച നിറം ലഭിക്കുന്നത്.

രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പോളിസാക്കറൈഡുകൾ, ഫൈക്കോസയനിനുകൾ, സൽഫോ ലിപ്പിഡുകൾ, തുടങ്ങിയവയുടെ അമൂല്യ ശേഖരം കൂടിയാണ് സ്പൈറുലിന. അതി പുരാതന കാലം മുതൽ ആഫ്രിക്കൻ രാജ്യങ്ങളിലെ ആദിവാസികൾ ഭക്ഷ്യവസ്തുക്കളിൽ പ്രമുഖ സ്ഥാനം സ്പൈറുലിനക്ക് നൽകിയിരുന്നു. ഈ പ്രദേശങ്ങളിലെ ആളുകൾ രോഗപ്രതിരോധ ശേഷികൂടിയവരും ആരോഗ്യവാന്മാരും വളരെ കൂടുതൽ കാലം ജീവിക്കുന്നതായും പഠനങ്ങൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ സ്പൈറുലിനയെ അത്ഭുത ആഹാരമായി (Magic Food, Miracle Food) എന്ന് വിളിക്കുന്നു.

പത്തിലധികം വൈറ്റമിനുകളും, എട്ട് മിനറൽസും പതിനെട്ട് അമിനോ ആസിഡുകളും സ്പൈറുലിനിൽ അടങ്ങിയിട്ടുണ്ട്. 70% സസ്യമാസ്യം, ജീവകം ബി,സി,ഇ,കെ, മെഗ്നീഷ്യം, ഇരുമ്പ്, കാൽസ്യം, സിങ്ക്, ബീറ്റാകരോട്ടിൻ തുടങ്ങി ഒട്ടനവധി വൈറ്റമിനുകൾ സമൃദ്ധമായി അടങ്ങിയ സ്പൈറുലിന ഒരു മരുന്നായല്ല മറിച്ച് 100% പ്രകൃതിദത്ത ജീവകങ്ങളുടെ കലവറയായ പോഷക ആഹാരമായാണ് അറിയപ്പെടുന്നത്. സ്പൈറുലിനയിലെ പ്രധാന ഘടകങ്ങളായ ഗാമാ-ലിനോലെനിക് അമ്ലം ഒരു അത്ഭുത ഫാറ്റി ആസിഡാണ്. മുലപ്പാലിലൊഴികെ മറ്റൊരു ഭക്ഷ്യവസ്തുക്കളിലും ഇവ അടങ്ങിയിട്ടില്ല എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

കൊഴുപ്പോ കൊളസ്ട്രോളോ അശേഷം അടങ്ങിയിട്ടില്ല എന്നത് സ്പൈറുലിനയെ മറ്റുള്ള ഭക്ഷ്യവസ്തുക്കളിൽ നിന്നും വേറിട്ടു നിർത്തുന്നു. കുട്ടികൾ മുതൽ അത്‌ലറ്റുകൾ, പ്രായാധിക്യമുള്ളവർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർവരെ എല്ലാവിഭാഗക്കാർക്കും യാതൊരു ദൂഷ്യ ഫലങ്ങളുമില്ലാത്ത സ്പൈറുലിന ഉപയോഗിക്കാവുന്നതാണ്. മത്സ്യം, മാസ്യം, പാൽ, ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ അടങ്ങിയിട്ടുള്ള പോഷകങ്ങളെക്കാൾ പതിൻമടങ്ങ് പോഷകങ്ങൾ സ്പൈറുലിനയിൽ അടങ്ങിയിട്ടുണ്ട്. മനുഷ്യ ശരീരത്തിന്റെ വളർച്ചയ്ക്ക് അത്യാവശമമായ ഫാറ്റിആസിഡ് അടങ്ങിയിട്ടുള്ളത് സ്പൈറുലിനയിൽ മാത്രമാണ്. എത്ര പഴക്കമുള്ള വ്രണങ്ങളും വളരെ പെട്ടന്ന് ഉണങ്ങുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. മുടിയും, ത്വക്കും തിളക്കവും മൃദുലവുമാക്കുന്നു. മുടിയുടെ വളർച്ചയെ വേഗത്തിലാക്കുന്നു. മനുഷ്യ ശരീരത്തിലെ നാഡീ, ഞരമ്പുകളുടേയും, കോശങ്ങളുടെയും പ്രവർത്തനത്തെ ത്വരിതപ്പെടുത്തുന്നതോടൊപ്പം രക്തചംക്രമണം, രക്ത ശുദ്ധീകരണം, ബീജ വർദ്ധന തുടങ്ങിയവയ്ക്ക് വളരെ സഹായകമാണ് സ്പൈറുലിന. ആന്തരിക ഭാഗങ്ങളും കോശങ്ങളും ശുചിയാക്കുന്നതോടൊപ്പം ശരീരത്തിലെ മാലിന്യങ്ങൾ പുറന്തള്ളുകയും നമ്മുടെ ആരോഗ്യത്തെ കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

ദഹന പഥത്തിലെ രോഗാണുക്കളെ ഇല്ലാതാക്കി മിത്ര ബാക്ടീരിയകളെ പെരുകുന്നതിനും ദഹനം നല്ലത് പോലെ നടക്കുന്നതിനും വളരെയധികം പ്രയോജനം ചെയ്യുന്ന സ്പൈറുലിനയുടെ ഉപയോഗം കാൻസർ, എയ്ഡ്സ് ശരീരത്തിലെ അമിത വണ്ണം തുടങ്ങിയവയെ ചെറുക്കുന്നതായി ഒട്ടനവധി ഗവേഷണ ഫലങ്ങൾ തെളിയിച്ചിട്ടുണ്ട്. വൈറൽ രോഗങ്ങൾ, കൊളസ്ട്രോൾ, ഡയബറ്റിസ് ഉള്ളവർ, കണ്ണിന്റെ കാഴ്ച തകരാറുള്ളവർ ഇവരൊക്കെ സ്പൈറുലിന ഉപയോഗിക്കുന്നത് അത്യുത്തമമാണ്. ഇന്ന് സപൈറുലിന മൾട്ടി മാർക്കറ്റിംഗ് കമ്പനികൾ മുതൽ സൂപ്പർ മാർക്കറ്റുകളിൽ വരെ ലഭ്യമാകുന്നു. (UN)യുണൈറ്റഡ് നേഷൻസ് (FAO) ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷൻ തുടങ്ങി ഒട്ടനവധി അന്തർദേശീയ സംഘടനകളും ഭക്ഷ്യ സുരക്ഷാ സംഘടനകളും പോഷക ആഹാരമായി സ്പൈറുലിനയെ വളരെ മുൻപ് തന്നെ അംഗീകരിച്ചിട്ടുണ്ട്. "നിങ്ങളും സ്പൈറുലിന ഭക്ഷണത്തിൽ ഉൾപ്പെടുത്തൂ. പ്രതിരോധ ശേഷിക്കൊപ്പം ആയൂർ ദൈർഘ്യവും വർദ്ധിപ്പിക്കൂ." ■

*ലേഖകൻ കരവാരം കൃഷി ആഫീസിൽ കൃഷി അസിസ്റ്റന്റാണ്*



വി.എസ്. ബിജുകുമാർ

കാർഷിക സമൃദ്ധമായ ഒരു പാരമ്പര്യമുള്ള നാടാണ് നമ്മുടേത്. വിളവെടുപ്പുമായി ബന്ധപ്പെട്ടാണ് നമ്മുടെ പല ആഘോഷങ്ങളും നടന്നു വരുന്നത്. നാളികേരളത്തിന്റെ നാടായതു കൊണ്ടാണല്ലോ കേരളമെന്ന പേരുപോലും സ്വന്തമായത്. എന്നാൽ വർത്തമാനകാല കേരളത്തിന്റെ അവസ്ഥ ഇതിൽ നിന്നും തുലോം വിഭിന്നമാണ്. കേരളത്തിന്റെ വയലേലകൾ എല്ലാം നികത്തപ്പെട്ടു കഴിഞ്ഞു. കാലാവസ്ഥയെ നിലനിർത്തി വരുന്ന പശ്ചിമ ഘട്ട മലനിരകൾ പോലും ഭൂമാഫിയകളും സമ്പന്നരും കവർന്നെടുത്തു കൊണ്ടിരിക്കുകയാണ്. ഇവിടെ നമുക്കാവശ്യമായ ഭക്ഷ്യോല്പന്നങ്ങൾക്കായി അന്യരെ ആശ്രയിച്ചു കഴിയേണ്ട അവസ്ഥയാണുള്ളത്. കേരളം ഉപഭോക്തൃ സംസ്ഥാനമെന്ന് നെഞ്ചു വിരിച്ച് പറയുമ്പോൾ, എന്തു സാധനം നൽകിയും നമ്മെ കബളിപ്പിക്കാമെന്നു ഉൽപാദക സംസ്ഥാനക്കാരും ഇതേ നെഞ്ചുവിരിപ്പോടെ ഉറപ്പിക്കുന്നു.  വിഷം കലർന്ന ഭക്ഷ്യ വസ്തുക്കൾ കഴിച്ച് നമ്മൾ മാറാ രോഗികളാകുന്ന കാര്യം അറിയാമെങ്കിലും അവയ്ക്കെല്ലാം അവധി നൽകി വിഷത്തിനു പിന്നാലെ തന്നെ പോകുന്ന കാഴ്ച പരമ ദയനീയമാണ്. ക്യാൻസർ രോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു വരുകയാണ്. പ്രമേഹ രോഗികളാണെങ്കിൽ ജനിച്ചു വരുന്ന കുഞ്ഞുങ്ങൾ വരെ അതിന്റെ ഇരകളായി തുടങ്ങി. എന്തൊരു വിരോധാഭാസം! സസ്യ ശ്യാമള കോമള ഭംഗിയാർന്ന കൈരളിക്ക് നമ്മുടെ എല്ലാ പൈതൃകങ്ങളും ഇങ്ങനെ അടിയറവ് വയ്ക്കാൻ എത്രനാൾ

# ഹൈടെക് കൃഷിയിലൂടെ പച്ചക്കറി സ്വയം പര്യാപ്തിയിലേക്ക്



**കേരളം ഇനി മാറിയേ മതിയാകൂ. വിഷാംശമുള്ള പച്ചക്കറി നമുക്ക് വേണ്ട എന്ന് പ്രതിജ്ഞ ചെയ്യാം. എന്റെ ചില പത്ര പ്രവർത്തക സുഹൃത്തുക്കൾ അടുത്ത സംസ്ഥാനത്തെ കൃഷിത്തോട്ടങ്ങൾ കാണാൻ പോയപ്പോൾ മാരകമായ കീടനാശിനികൾ തളിക്കുന്നത് നേരിൽ കാണനിടയായി. അവർ കൃഷിക്കാരോട് ചോദിച്ചു. ഇത് നിങ്ങൾക്ക് കൂടി കഴിക്കാനുള്ളതല്ലേ എന്തിനാണ് ഇങ്ങനെ വിഷം തളിക്കുന്നതെന്ന്, അവരുടെ മറുപടിയാണ് ഞെട്ടിച്ചത്. ''ഞങ്ങൾക്കുള്ളത് വേറെ കൃഷി ചെയ്യുന്നുണ്ട്. ഇത് കേരളത്തിലേക്ക് അയക്കാനുള്ളതാണ്.''**



*കൃഷി വകുപ്പ് മന്ത്രി കെ.പി. മോഹനൻ വിത്തിടൽ കർമ്മം നിർവ്വഹിക്കുന്നു*

കഴിയും? വരുന്ന തലമുറയോട് അല്പമെങ്കിലും കരുണയുണ്ടെങ്കിൽ അവർക്കായി നമുക്കൊരു തുണ്ട് ഭൂമി ബാക്കി വയ്ക്കാം; വിഷമില്ലാത്ത പച്ചക്കറികളും ഭക്ഷ്യ ഉല്പന്നങ്ങളും കൃഷി ചെയ്യാനായി. വയലേലകളിൽ നെൻമണി കതിരിടുന്നതും തളിരിളം കാറ്റിൽ അവ നാണം കുണുങ്ങിയെപ്പോലെ ചരിഞ്ഞാടുന്നതും കാണാൻ അവർക്ക് കൂടി ഒരവസരം നൽകരുതോ?

ഇന്ന് കേരളം ഗൗരവമായി ഒരു വിഷയം ചർച്ച ചെയ്യുകയാണ്. പച്ചക്കറിയുടെ കാര്യത്തിലെങ്കിലും സ്വയം പര്യാപ്തത കൈവരിക്കുക. അതിനായി സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷൻ സമഗ്രമായ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.രാഷ്ട്രീയ കൃഷി വിജ്ഞാൻ യോജന (RKVY) പദ്ധതി പ്രകാരം സംസ്ഥാനം ഹൈടെക് കൃഷിരീതിയിലേക്ക് ചുവടുറപ്പിക്കുകയാണ്. കുറഞ്ഞ കൃഷിയിടത്തിൽ കൂടുതൽ ഉല്പാദനം. വിളകൾക്ക് യഥാവിധി വിപണി കണ്ടെത്താനായാൽ കർഷകന് മികച്ച വരുമാനം ഒപ്പം പ്രോത്സാഹനമായി സർക്കാർ സബ്സിഡിയും. പാലക്കാട് ജില്ലയിൽ പെരുമാട്ടി ഗ്രാമം പ്രിസിഷൻ ഫാമിംഗിന്റെ ജീവിക്കുന്ന ഉദാഹരണമാണ്. ആത്മഹത്യയുടെ വക്കിൽ നിന്നും കർഷകർ അവിടെ ജീവിതത്തിന്റെ താളം വീണ്ടെടുത്തു തുടങ്ങി. വിദേശ രാജ്യങ്ങളിൽ വിശിഷ്യ ഇസ്രയേലിലും മറ്റും വ്യാപകമാണ് ഹൈടെക് കൃഷി രീതികൾ. കീടനാശിനികൾ ഉപയോഗിക്കാതെ ശുദ്ധമായ ഭക്ഷ്യ വിഭവങ്ങൾ തീൻ മേശയിലെത്തുക എന്നത് സന്തോഷ ദായകമാണ്. അത്തരം ശ്രമത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട്ടിൽ ജീവകല കർഷക കൂട്ടായ്മ എന്ന പേരിൽ 6 പേർ ചേർന്ന് ഹൈടെക് ഫാമിന്റെ ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് ആദ്യമായാണ് ഹൈടെക് കൃഷി രീതിയിലേക്ക് കർഷകരുടെ ഒരു കൂട്ടായ്മ രൂപപ്പെടുന്നത്.1008 സ്ക്വർ മീറ്റർ ചുറ്റളവിൽ തറയൊരുക്കി അതിൽ നാലുഭാഗത്തും G1 പൈപ്പുകൾ കോൺക്രീറ്റ് ചെയ്തുറപ്പിച്ച് മുകളിൽ അറക്കവാളിന്റെ ആകൃതിയിൽ G1 പൈപ്പുകൊണ്ടു തന്നെ റൂഫും പണിതശേഷം പോളിക്കാർബൺഷീറ്റു കൊണ്ട് അവയെ പൂർണമായും കവർ ചെയ്താണ് പോളിഹൗസ് നിർമ്മിച്ചത്. തുടർന്ന് ഇവിടെ





കൃഷിചെയ്യുന്നതിനുള്ള ബഡ്സ് ഒരുക്കലാണ് ശ്രമകരമായ ജോലി. 40 സെ.മി വീതിയിൽ മണ്ണ് കോരിപ്പൊക്കി ബഡ്സ് ഉറപ്പിച്ചെടുത്തു. രണ്ടു ബഡ്ഡുകൾക്കിടയിൽ 30 സെ.മീ വീതിയിൽ നടപ്പാത ഒരുക്കിയെടുത്താണ് കൃഷിയിടം അനുയോജ്യമാക്കിയെടുത്തത്. തുടർന്ന് ഉണക്ക ചാണകം പൊടിച്ചതിൽ ട്രൈക്കോഡർമ ലായനി തളിച്ച് 7 ദിവസം മൂടിയിട്ട ശേഷം ആവശ്യാനുസരണം ബഡ്ഡിൽ വിതറി. അടുത്തത് ചെടികൾക്കുള്ള വെള്ളവും വളവും നൽകുന്നതിനുള്ള പൈപ്പുകളുടേയും ഡ്രിപ്പ് ഇറിഗേഷൻ മിസ്റ്റ് എന്നിവയുടേയും ഉപകരണങ്ങളുടെ ഉറപ്പിക്കലാണ്. ചെടിയുടെ ചുവട്ടിൽ ആവശ്യത്തിനു മാത്രം വെള്ളവും വളവും എത്തുകയും ചൂടുകാലത്ത് മിസ്റ്റ് പ്രവർത്തിപ്പിച്ച് അന്തരീക്ഷ ഊഷ്മാവുമായി ചെടികളെ യോജിപ്പിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ബെഡ്ഡിൽ വിത്തുകളായോ തൈകളായോ കൃഷിയിറക്കാം. ഞങ്ങൾ വിത്ത് കിളിപ്പിച്ച ശേഷം തൈ നടുകയാണ് ചെയ്തത്. 500 മൂട് സാലഡ് വെള്ളരിയും 500 മൂട് വള്ളി പയറുമാണ് കൃഷി ചെയ്തത്. വിത്തുകളെല്ലാം വിദേശത്തു നിന്ന് ഇറക്കുമതി ചെയ്തതാണ്. ചെടിനട്ട് ഒരാഴ്ച കഴിഞ്ഞപ്പോൾ കപ്പലണ്ടി പിണ്ണാക്ക് കുതിർത്ത് അതിൽ ശർക്കര അലിയിച്ച് ലായനി രൂപത്തിലാക്കി മൂന്നു ദിവസം മൂടിവച്ച ശേഷം അതിന്റെ തെളിനീര് തളിക്കുകയുണ്ടായി. കൃഷി വകുപ്പു മന്ത്രി കെ. പി മോഹനാണ് വിത്തിടൽ കർമ്മം നിർവ്വഹിച്ചത്. ഒരു മാസം കഴിഞ്ഞപ്പോൾ പോളി ഹൗസിൽ നിന്നും വിളവെടുപ്പും ആരംഭിച്ചു. സാലഡ് വെള്ളരിയിൽ ധാരാളം ജലാംശമുണ്ട്. മാത്രമല്ല സീഡ് ലെസ്സും. അതുകൊണ്ടു തന്നെ കഴുകിയെടുത്ത ഉടനെ തന്നെ കഴിക്കാൻ സാധിക്കുന്നു. പയർ ഏകദേശം ഒരു മീറ്റർ നീളമുള്ളതാണ് മൂന്നുമാസത്തിനകം ഒരു വിളവെടുപ്പുകാലം പൂർത്തിയാവും. ഞങ്ങൾക്ക് 2000 കിലോയ്ക്ക് പുറത്ത് സാലഡ് വെള്ളരിയും ഏകദേശം അത്രയും തന്നെ പയറും വിൽക്കാൻ സാധിച്ചു. വിപണി ഞങ്ങളുടെ സ്വന്തം ഗ്രാമം തന്നെയാണ്. കൃത്യമായി ഉല്പന്നങ്ങൾ വന്നു വാങ്ങിക്കുന്ന സ്ഥിരം ഉപഭോക്താക്കളെ ലഭിച്ചു എന്നു പറയുന്നത് ഹൈടെക് കൃഷിരീതി അവലംബിക്കുന്നവർക്ക് പ്രതീക്ഷ നൽകുന്ന സൂചനയാണ്. പോളിഹൗസിനുള്ളിൽ കൃഷി ചെയ്യുമ്പോൾ ചില പരിമിതികൾ അനുഭവിക്കുന്നുണ്ട്. ഒന്ന് സ്വയം പരാഗണം നടത്തുന്ന കൃഷികൾ മാത്രമേ ചെയ്യാനാവൂ; കാരണം പ്രാണികളൊന്നും അതിനകത്തേക്ക് പ്രവേശിക്കുന്നില്ല. തന്മൂലം തക്കാളി, സാലഡ് വെള്ളരി, പയർ, കാപ്സിക്കം തുടങ്ങിയ ഏതാനും വിളകൾ മാത്രമേ ലാഭകരമായി ഇതിനുള്ളിൽ കൃഷിചെയ്തെടുക്കാൻ കഴിയൂ. അതുകൊണ്ടു തന്നെ ഓപ്പൺ പ്രിസിഷൻ കൂടി നമ്മൾ ഗൗരവത്തോടെ നടപ്പിൽ വരുത്തണം.

കേരളം ഇനി മാറിയേ മതിയാകൂ. വിഷാംശമുള്ള പച്ചക്കറി നമുക്ക് വേണ്ട എന്ന് പ്രതിജ്ഞ ചെയ്യാം. എന്റെ ചില പത്രപ്രവർത്തക സുഹൃത്തുക്കൾ അടുത്ത സംസ്ഥാനത്തെ കൃഷിത്തോട്ടങ്ങൾ കാണാൻ പോയപ്പോൾ മാരകമായ കീടനാശിനികൾ തളിക്കുന്നത് നേരിൽ കാണനിടയായി. അവർ കൃഷിക്കാരോട് ചോദിച്ചു. ഇത് നിങ്ങൾക്ക് കൂടി കഴിക്കാനുള്ളതല്ലേ എന്തിനാണ് ഇങ്ങനെ വിഷം തളിക്കുന്നതെന്ന്, അവരുടെ മറുപടിയാണ് ഞെട്ടിച്ചത്. "ഞങ്ങൾക്കുള്ളത് വേറെ കൃഷി ചെയ്യുന്നുണ്ട്. ഇത് കേരളത്തിലേക്ക് അയക്കാനുള്ളതാണ്."

ഈ പശ്ചാത്തലത്തിലെങ്കിലും മലയാളി യഥാർത്ഥ്യങ്ങൾ തിരിച്ചറിയണം. അതി വിദൂരമല്ലാത്ത നാളിലെങ്കിലും നാം നമ്മുടേതായ കൃഷിയിടങ്ങളിലേക്ക് തിരികെ നടന്നടുക്കുമെന്ന് പ്രതീക്ഷിക്കാം. ■

*ലേഖകൻ വെഞ്ഞാറമൂട് 'ജീവകല' കലാ സാംസ്കാരിക മണ്ഡലം സെക്രട്ടറിയാണ്*

**കേരളം ഉപഭോക്തൃ സംസ്ഥാനമെന്ന് നെഞ്ചു വിരിച്ച് പറയുമ്പോൾ, എന്തു സാധനം നൽകിയും നമ്മെ കബളിപ്പിക്കാമെന്നു ഉൽപാദക സംസ്ഥാനക്കാരും ഇതേ നെഞ്ചുവിരിപ്പോടെ ഉറപ്പിക്കുന്നു. വിഷം കലർന്ന ഭക്ഷ്യ വസ്തുക്കൾ കഴിച്ച് നമ്മൾ മാറാ രോഗികളാകുന്ന കാര്യം അറിയാമെങ്കിലും അവയ്ക്കെല്ലാം അവധി നൽകി വിഷത്തിനു പിന്നാലെ തന്നെ പോകുന്ന കാഴ്ച പരമ ദയനീയമാണ്.**





# ആന്ത്രാക്സിനെ അകറ്റി നിർത്താം പരിഭ്രാന്തി വേണ്ട

ഡോ. എസ്.എസ്. റാണി

അടുത്ത കാലത്തായി കന്നുകാലികളിലെ ആന്ത്രാക്സ് വീണ്ടും മാധ്യമ ശ്രദ്ധ നേടിവരുന്നു. ഈ വർഷം ജനുവരി ആദ്യവാരത്തിൽ തമിഴ്നാട്ടിലെ കമ്പം, തേനി ഭാഗങ്ങളിൽ കന്നുകാലികൾ ആന്ത്രാക്സ് രോഗ ബാധയേറ്റു മരണപ്പെട്ടതിനെ തുടർന്ന് കേരളത്തിന്റെ അതിർത്തി ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം നൽകുകയുണ്ടായി. രോഗ നിയന്ത്രണ നടപടിയായി കന്നുകാലികളുടെ വരത്തു പോക്ക് നിയന്ത്രിച്ചു. ഈ പ്രദേശത്തിലെ പശു, ആട്, എന്നിവയ്ക്ക് പ്രതിരോധ കുത്തിവയ്പ്പും നൽകി.

എന്നാൽ ഇതിനോടനുബന്ധിച്ച് കന്നുകാലികളുടെയും ഇറച്ചിയുടെയും വ്യാപാര മേഖലയിലുണ്ടായ ചലനങ്ങൾ ഇനിയും പൂർവ്വസ്ഥിതിയിലെത്തിയിട്ടില്ല. മാട്ടിറച്ചി കിട്ടാനില്ലാതായപ്പോൾ കോഴിയിറച്ചിയുടെ വിലയിലുണ്ടായ വർദ്ധനവ് കന്നുകാലി വിപണിയിലെ വിലക്കും മാന്ദ്യവും കൊണ്ട് തമിഴ്നാട്ടിലെ കർഷകർക്കുണ്ടായ ഭീമമായ നഷ്ടം എന്നിവ ചിലതുമാത്രം.

2001 ഒക്ടോബറിൽ അമേരിക്കയ്ക്കെതിരെ തീവ്രവാദികൾ കത്തുകളിലൂടെ പൊടി രൂപത്തിൽ ആന്ത്രാക്സ് രോഗാണുക്കളെ (spores) ജൈവായുധമായി ഉപയോഗിച്ചത് മുതലാണ് ഈ രോഗത്തിന് ഇത്രയധികം പൊതുജനാരോഗ്യ പ്രാധാന്യം നൽകി വരുന്നത്. മുൻപ് കന്നുകാലികളുണ്ടാക്കുന്ന നഷ്ടമായിരുന്നു പ്രധാനമായും കണക്കിലെടുത്തിരുന്നത്. മറ്റു പല കാലിരോഗങ്ങളും പോലെ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് രോഗാണു വായുവിലൂടെ പകരുന്ന ഒന്നല്ല എന്നിട്ടും ആന്ത്രാക്സ് എന്നു കേൾക്കുമ്പോൾ എന്തിനിത്ര ജാഗ്രത?




'ബാസിലസ് ആന്ത്രാസിസ്' എന്ന ബാക്ടീരിയ പകർത്തുന്ന രോഗം പ്രധാനമായും മണ്ണിലൂടെ പകർന്ന് മൃഗങ്ങളിലും രോഗമുള്ള മൃഗങ്ങളുമായോ അവയുടെ ഉല്പന്നങ്ങളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെ മനുഷ്യരിലേക്കും പകരാം.

രോഗത്തേയും രോഗാണുവിനേയും പറ്റി മനസ്സിലാക്കി രോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിച്ചാൽ ഏറെക്കുറെ പൂർണ്ണമായ നിയന്ത്രണം സാധ്യമാണുതാനും. പ്രധാനമായും കന്നുകാലി, ആട് എന്നിവയ്ക്കുവരുന്ന രോഗമാണ് ആന്ത്രാക്സ് എങ്കിലും വിരളമായി കുതിര, നായ എന്നിവയിലും കാണാറുണ്ട്. മനുഷ്യരിൽ പ്രധാനമായും തൊഴിൽ ജന്യരോഗമായിട്ടാണ് കാണുന്നത്.

'ബാസിലസ് ആന്ത്രാസിസ്' എന്ന ബാക്ടീരിയ പകർത്തുന്ന രോഗം പ്രധാനമായും മണ്ണിലൂടെ പകർന്ന് മൃഗങ്ങളിലും രോഗമുള്ള മൃഗങ്ങളുമായോ അവയുടെ ഉല്പന്നങ്ങളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെ മനുഷ്യരിലേക്കും പകരാം.



### രോഗം പകരുന്ന വഴികൾ

മൃഗങ്ങളിൽ:- (1) രോഗ ബാധിത പ്രദേശത്ത് മണ്ണിൽ കലർന്ന രോഗാണുക്കൾ പുല്ലിൽ നിന്നും മൃഗങ്ങളുടെ കുടലിലെത്തി രോഗമുണ്ടാക്കാം. പ്രത്യേകിച്ചും വേനൽക്കാലത്ത് ഉണങ്ങിയ പുല്ലിന്റെ മുട്ടുകൾ കാർന്നു തിന്നുമ്പോൾ.

(2) രോഗാണു (spores) കലർന്ന തീറ്റയിലൂടെ

(3) തുകൽ സംസ്കാരണ ശാലകളിലെ മലിന ജലത്തിലൂടെ

### രോഗം വന്നാൽ

പലപ്പോഴും ചികിത്സ സാധ്യമല്ലാത്ത വിധം കന്നുകാലികളിൽ പെട്ടെന്നുള്ള മരണം അതിനാലാവാം 'അടപ്പൻ' എന്ന പേരിലും ആന്ത്രാക്സ് അറിയപ്പെടുന്നത്. മരണപ്പെടുമ്പോൾ വായ,മൂക്ക്, മലദ്വാരം തുടങ്ങിയ ഭാഗങ്ങളിൽ നിന്നും കട്ടപിടിക്കാത്ത ടാറു പോലെ ഇരുണ്ട രക്തം ഒഴുകി വരുന്നത് രോഗം സംശയിക്കാൻ തക്ക പ്രധാന ലക്ഷണങ്ങളാണ് വയറു പെരുകുന്നതും പ്രധാന ലക്ഷണമാണ്. രക്തത്തിന്റെ ലാബോറട്ടറി പരിശോധനയിലൂടെ രോഗം തീർച്ചപ്പെടുത്താം. ആന്ത്രാക്സ് സംശയിച്ചാൽ ജഡം പോസ്റ്റ്മോർട്ടം ചെയ്യാൻ പാടില്ല. രക്തത്തിലുള്ള രോഗാണുക്കൾ വായുവുമായി സമ്പർക്കത്തിൽ വരുമ്പോൾ ഏതു പ്രതികൂല സാഹചര്യത്തിലും നശിക്കാത്ത സ്പോറുകളായി രൂപാന്തരം പ്രാപിച്ച് മണ്ണിൽ വർഷങ്ങളോളം നിലനിൽക്കും. അനുകൂല സാഹചര്യം വരുമ്പോൾ രോഗ സാധ്യതയുണ്ടാകും. കൂട്ടത്തിലുള്ള ഒന്നോ രണ്ടോ കന്നുകാലികൾ പെട്ടെന്ന് മരണപ്പെടുന്നതാവും ആദ്യലക്ഷണം. തീറ്റയെടുക്കാതിരിക്കുക, കഴുത്ത്, അടിവയർ ഭാഗത്തെ നീര് എന്നിവ ചിലപ്പോൾ കാണപ്പെടാം. ആന്റിബയോട്ടിക് ചികിത്സ നൽകണം.

### ശവം മറവു ചെയ്യുമ്പോൾ ശ്രദ്ധിക്കുക.

ആന്ത്രാക്സ് രോഗബാധ സംശയിച്ച്/സ്ഥിതീകരിച്ച കന്നുകാലികളുടെ ജഡം പോസ്റ്റ്മോർട്ടം ചെയ്യാൻ പാടില്ല. മാത്രമല്ല മറവു ചെയ്യുമ്പോൾ പ്രത്യേക ശ്രദ്ധ ആവശ്യവുമാണ്. 6-8 അടി താഴ്ചയിലുള്ള കുഴി കുടിവെള്ളത്തിന്റെ സ്ത്രോതസിൽ നിന്നും ദൂരെയായി കണ്ടെത്തണം. ശവശരീരത്തിന് മുകളിൽ

ആദ്യമായി കുമ്മായം ഇടണം. മണ്ണിടുമ്പോഴും ഇടയ്ക്ക് കുമ്മായമിടാൻ ശ്രദ്ധിക്കണം. ജഡത്തോടൊപ്പം കാലിനിന്ന ഷെഡിലെ തീറ്റയുടെ അവശിഷ്ടം, മരണപ്പെട്ട സ്ഥലത്തെ മേൽമണ്ണ് എന്നിവയും കുഴിയിൽ മൂടണം. കൂടാതെ ഷെഡും പരിസരവും അണുവിമുക്തമാക്കണം. കുഴിച്ചിട്ട സ്ഥലത്തെ മണ്ണ് കുറച്ചു കാലത്തേക്ക് കിളച്ചു മറിക്കാതെയും ശ്രദ്ധിക്കണം

## രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ

1. രോഗ ബാധിത പ്രദേശത്തെ കന്നുകാലികൾക്ക് വർഷാവർഷം പ്രതിരോധ കുത്തിവയ്പ്പ് നൽകണം പ്രത്യേകിച്ചും മഴക്കാലത്തിന് മുമ്പായിട്ട്

2. രോഗവസ്ഥ സംശയിച്ചാൽ പ്രത്യേകിച്ചും കൂടെ നിന്നവയ്ക്ക് മരണം ഉണ്ടായാൽ മാറ്റി നിർത്തി ആന്റിബയോട്ടിക് ചികിത്സ നൽകണം.

3. പുതിയ കന്നുകാലികളെ ഫാമിലേക്ക് കൊണ്ടുവരുമ്പോൾ കഴിവതും 2 ആഴ്ചയെങ്കിലും മാറ്റിപ്പാർപ്പിച്ചു രോഗമൊന്നുമില്ല എന്ന് ഉറപ്പാക്കിയ ശേഷം മറ്റുള്ളവയോടൊപ്പം ചേർക്കുന്നതാവും ഉചിതം.

ഏതെങ്കിലും പ്രദേശത്ത് രോഗബാധ സംശയിച്ച മരണമുണ്ടായാൽ അടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കണം. രോഗനിയന്ത്രണത്തിനായി ശാസ്ത്രീയമായി ജഡം മറവു ചെയ്യുന്നതിന് ചെറിയ സാമ്പത്തിക സഹായം നൽകുവാനും മൃഗസംരക്ഷണ വകുപ്പിന് പദ്ധതിയുണ്ട്. എന്തായാലും കുളമ്പുരോഗം പോലെ വായുവിലൂടെ പകരുന്ന രോഗമല്ലാത്തതിനാൽ രോഗം വന്ന സ്ഥലത്ത് കൂടെ നിന്ന കന്നുകാലികൾക്കാണ് സാധാരണ രോഗം ഒന്നിച്ച് കാണപ്പെടാറുള്ളൂ.

## മനുഷ്യരിലേക്ക് പകരുമോ?

രോഗമുള്ള മൃഗങ്ങളുമായോ അവയുടെ ഉല്പന്നങ്ങളുമായോ നേരിട്ടോ അല്ലാതെയോ സമ്പർക്കത്തിൽ വരുമ്പോൾ രോഗ സാധ്യതയുണ്ട്. പ്രത്യേകിച്ചും രോഗമുള്ളവയുടെ തൊലി ഉരിക്കുക, കശാപ്പുശാലകളിൽ വ്യക്തി ശുചിത്വ മാർഗ്ഗങ്ങളിലല്ലാതെ മാംസം നേരിട്ട് കൈകാര്യം ചെയ്യുക തുടങ്ങിയ സാഹചര്യങ്ങളിൽ രോഗാണുക്കൾ ശരീരത്തിലെത്തുന്നതിനനുസരിച്ച് മൂന്നു രീതിയിൽ രോഗ ബാധ്യതയുണ്ടാകാം.

1. തൊലിപ്പുറത്തുണ്ടാകുന്ന രോഗം
2. കുടലിലെത്തിയാൽ ഉണ്ടാകുന്ന രോഗം
3. ശ്വാസകോശത്തിലെത്തിയാൽ ഉണ്ടാകുന്ന രോഗം

മനുഷ്യരിൽ 95 ശതമാനമോ അതിലധികമോ കണ്ടുവരുന്നത് തൊലിപ്പുറത്തെ രോഗമാണ്. രോഗാണുവുമായി സമ്പർക്കത്തിലായ ശരീരഭാഗത്ത് കുമിളകൾ പൊന്തിവരും പിന്നീട് നീരും ഉണങ്ങാത്ത വ്രണങ്ങളുടെ മദ്ധ്യഭാഗത്തായി കറുപ്പു നിറവും പ്രത്യക്ഷപ്പെടും. പനിയുണ്ടാകാമെങ്കിലും വ്രണങ്ങൾക്ക് താരതമ്യേന വേദനയുണ്ടാകാറില്ല. പ്രധാനമായും കൈകൾ, തുകൽ ചുമക്കുന്നവർക്ക് കഴുത്ത്, തല എന്നീ ഭാഗങ്ങളിലുമാണ് സാധാരണ രോഗം കാണപ്പെടുന്നത്. 99 ശതമാനം സാഹചര്യങ്ങളിലും ആന്റിബയോട്ടിക് മരുന്നുകൾ ഫലപ്രദമാണ്. ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുമെന്ന ഭയം വേണ്ട.



**മനുഷ്യരിൽ 95 ശതമാനമോ അതിലധികമോ കണ്ടു വരുന്നത് തൊലിപ്പുറത്തെ രോഗമാണ്. രോഗാണുവുമായി സമ്പർക്കത്തിലായ ശരീരഭാഗത്ത് കുമിളകൾ പൊന്തിവരും പിന്നീട് നീരും ഉണങ്ങാത്ത വ്രണങ്ങളുടെ മദ്ധ്യഭാഗത്തായി കറുപ്പു നിറവും പ്രത്യക്ഷപ്പെടും. പനിയുണ്ടാകാമെങ്കിലും വ്രണങ്ങൾക്ക് താരതമ്യേന വേദനയുണ്ടാകാറില്ല.**

രോഗമുള്ള മൃഗത്തിന്റെ മാംസം ശരിയായി പാകം ചെയ്യാതെ കഴിച്ചാൽ കുടലിൽ രോഗമുണ്ടാകാം, മരണം വരെ സംഭവിക്കാം. രോഗാണു ശ്വാസകോശത്തിലെത്തിയാൽ രോഗം കഠിനമാകാം. തീവ്രവാദികൾ ആന്ത്രാക്സ് രോഗാണുക്കളെ (Spores) പൊടി രൂപത്തിൽ ജൈവായുധമായി ഉപയോഗിച്ചത് ഈ രൂപത്തിൽ മരണങ്ങൾ സൃഷ്ടിക്കാനായിരുന്നു.

ആന്ത്രാക്സിനെ കുറിച്ച് ഇത്രയൊക്കെ പറഞ്ഞു എങ്കിലും വായുവിലൂടെ വേഗത്തിൽ പകരുന്ന രോഗമല്ലാത്തതിനാൽ മൃഗങ്ങളിലോ, മനുഷ്യരിലോ വലിയ മരണനിരക്ക് സാധാരണ ഉണ്ടാകാറില്ല. മൃഗങ്ങൾക്ക് രോഗം വന്നാൽ തിരിച്ചറിയുന്നതും ശവശരീരം മറവു ചെയ്യുന്നതും പ്രതിരോധ കുത്തിവെയ്പ്പുമടങ്ങുന്ന നടപടികൾ രോഗം നിയന്ത്രിക്കാൻ മതിയാകും. അതിനാൽ രോഗത്തെപ്പറ്റി പരിഭ്രാന്തി വേണ്ട നിയന്ത്രിച്ചാൽ ആന്ത്രാക്സിനെ മാറ്റി നിർത്താവുന്നതെയുള്ളൂ. ■

*ലേഖിക - കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസി: ഡയറക്ടറാണ്.*



# പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണ പുരോഗതികൾ വിലയിരുത്തുന്നതിനും, നിർവ്വഹണ ഘട്ടത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നെങ്കിൽ ആയവയ്ക്ക് പരിഹാരം കാണുന്നതിനും വേണ്ടി പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നേരിട്ട് പങ്കെടുത്തുകൊണ്ട് അവലോകന മീറ്റിംഗ് നടത്തി. മൂന്ന് മേഖലകളായിതിരിച്ചാണ് യോഗം നടന്നത്. ഉത്തരമേഖലയുടേത് കോഴിക്കോട് വച്ചും മധ്യമേഖലയുടേത് ആലുവയിൽ വച്ചും ദക്ഷിണ മേഖലയുടേത് തിരുവനന്തപുരത്തു വച്ചും നടന്നു. മൂന്ന് അവലോകനയോഗങ്ങളിലും മന്ത്രി ആദ്യാവസാനം വരെ പങ്കെടുത്തു. ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാർ, ജില്ലാ തല വകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് ഡയറക്ടർ, എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയർ തുടങ്ങിയവർ സംബന്ധിച്ച അവലോകന മീറ്റിംഗിൽ അതാതു മേഖലയിലെ ഗ്രാമപഞ്ചായത്തുകളിൽ 35% ൽ താഴെ ചെലവുവരുത്തിയ ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാരും സെക്രട്ടറിമാരുമാണ് പ്രധാനമായും പങ്കെടുത്തത്. വ്യത്യസ്ത കാരണങ്ങളാലാണ് ഓരോ ഗ്രാമ പഞ്ചായത്തുകളുടേയും പദ്ധതി നിർവ്വഹണ ചെലവിൽ ഉദ്ദേശിച്ച പുരോഗതി കൈവരുത്താൻ സാധിക്കാതെ പോയതെന്ന് അവലോകന യോഗത്തിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞു. ചില സ്ഥലങ്ങളിൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാൻ താമസിച്ചപ്പോൾ ചിലതിൽ ഗുണഭോക്തൃലിസ്റ്റു



**വരും വർഷങ്ങളിൽ ചെലവ് ശതമാനം കണക്കാക്കുന്ന മാനദണ്ഡം മാറ്റി പകരം പദ്ധതികൾ എത്രയെണ്ണം നടപ്പിലാക്കി എന്നാക്കും**

**പദ്ധതി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്ന തിനായി എല്ലാ ഗ്രാമ പഞ്ചായത്തു പ്രസിഡന്റു മാർക്കും, സെക്രട്ടറിമാർക്കും Laptop നൽകാൻ നടപടി സ്വീകരിക്കും**

**ഡോ. എം.കെ. മുനീർ**



തയ്യാറാക്കാൻ ഉണ്ടായ കാലതാമസവും, ചില ഗ്രാമപഞ്ചായത്തുകളിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം കുറവായ കാരണത്താലും – പദ്ധതി ചെലവ് പുരോഗതി കൈവരിക്കാൻ കഴിയാതെ പോയതെന്ന് വിലയിരുത്തി ചുരുക്കം ചില ഗ്രാമ പഞ്ചായത്തുകളിൽ ഉദ്യോഗസ്ഥരുടെ കുറവുകൊണ്ടും മറ്റു ചില ഗ്രാമപഞ്ചായത്തുകളിൽ VEO മാരുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുകൊണ്ടും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ലായെന്നും വിലയിരുത്തി. ഗ്രാപഞ്ചായത്തു പ്രസിഡന്റുമാരും സെക്രട്ടറിമാരും പറഞ്ഞ കാരണങ്ങൾ ഗൗരവത്തോടെ കേട്ട മന്ത്രി പരിഹരിക്കാൻ കഴിയുന്നതൊക്കെയും തീർച്ചയായും പരിഹരിക്കുമെന്നും അതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമെന്നും ഉറപ്പ് നല്കി. പദ്ധതി പണം ചെലവഴിക്കുന്ന കാര്യത്തിൽ ഉത്തരവാദിത്വവും ശ്രദ്ധയും വേണമെന്ന് മന്ത്രി പറഞ്ഞു, വരും വർഷങ്ങളിൽ ചെലവ് ശതമാനം കണക്കാക്കുന്ന മാനദണ്ഡം മാറ്റി പകരം പദ്ധതികൾ എത്രയെണ്ണം നടപ്പിലാക്കി എന്നാക്കുമെന്നും മന്ത്രി പറഞ്ഞു. വകുപ്പു മന്ത്രി എന്ന നിലയിൽ ആദ്യമായിട്ടാണ് താഴെ തട്ടിൽ ഇങ്ങനെ ഒരു അവലോകന യോഗം വിളിച്ചു ചേർത്ത് പരാതികളും പരിഭവങ്ങളും നേരിൽ കേട്ട് പരിഹാരം കാണാൻ ശ്രമിച്ചത്.

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് സൂപ്പർ വൈസർ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, അസി: പ്രൈവറ്റ് സെക്രട്ടറിമാർ, ആസൂത്രണവകുപ്പിലെ ഉദ്യോഗസ്ഥർ, 1 KM പ്രതിനിധികൾ, പഞ്ചായത്തു ജോയിന്റ് ഡയറക്ടർമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്ത അവലോകന മീറ്റിംഗ് എന്തുകൊണ്ടും വളരെ വിജയമായിരുന്നു.

വരും വർഷങ്ങളിൽ പദ്ധതി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തു പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും Laptop നൽകാൻ നടപടി സ്വീകരിക്കുമെന്ന് ഉപസംഹാര പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*



# വാർത്തകളും വിശേഷങ്ങളും

## പഞ്ചായത്ത് ദിനാഘോഷം 2013

2013-ലെ പഞ്ചായത്ത് ദിനാഘോഷം ഏപ്രിൽ 23, 24 തീയതികളിൽ കോഴിക്കോട്-ഗുജറാത്തിഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു ചെയർമാനായും ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി വർക്കിംഗ് ചെയർമാനായും കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വി. സുരേന്ദ്രൻ ജനറൽ കൺവീനറായിട്ടുള്ള സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു.

## ഇ.എം.എസ് ഭവന പദ്ധതി വായ്പയുടെ പലിശ "2216 – 80 – 800 – 89 (NP)" ശീർഷകത്തിലുള്ള തുക ചെലവാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പഞ്ചായത്തുകൾക്ക് 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിക്കേണ്ടിയിരുന്ന 7,59,40,535/- (ഏഴ് കോടി അമ്പത്തൊമ്പത് ലക്ഷത്തി നാൽപ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തഞ്ച്) രൂപ ഈ വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ നിന്നും അനുവദിച്ച് 12.02.13-ൽ 373/13/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സാഹചര്യത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള പലിശ നൽകുന്നതിനായി 40 കോടി രൂപ വകയിരുത്തിയിരുന്ന "2216-80-800-89 NP (V) ഇ.എം.എസ് ഭവന പദ്ധതി - സഹകരണ ബാങ്കുകളിൽ നിന്നും മറ്റ് വാണിജ്യ ബാങ്കുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പലിശയിനത്തിലുള്ള സഹായം" എന്ന ശീർഷകത്തിൽ ബാക്കിയുള്ള 32,40,59,465/- (മുപ്പത്തി രണ്ടു കോടി നാൽപ്പത് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി നാനൂറ്റി അറുപത്തഞ്ച്) രൂപ ചെലവാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ (സാധാ)നം. 566/13/തസ്വഭവ തീയതി: 05/03/2013

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വരൾച്ച നേരിടാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ വിവധ പഞ്ചായത്തുകളിൽ നിലവിലുള്ള കുളങ്ങൾ, ജലസേചന തോടുകൾ തുടങ്ങിയവ ആഴം കൂട്ടിയും, തടയണകൾ, മറ്റു ജല സംഭരണ പ്രവർത്തികൾ ഏറ്റെടുത്ത് ജലസമ്പത്ത് സംരക്ഷിക്കാനും അതുവഴി വരൾച്ച നേരിടാനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ മുൻഗണന നൽകാൻ നിർദ്ദേശിച്ചു. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രസിഡന്റ് എന്നിവർ മുൻകൈയെടുത്ത് ഇതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി എത്രയും വേഗം പ്രവർത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കുലർ നമ്പർ 8827/DD2/13/LSGD തീയതി: 13/02/2013

## ഓവർസിയർമാർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദവി നൽകുന്നതിന് അനുമതി പുന:സ്ഥാപിച്ച് ഉത്തരവായി

5 വർഷം എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിൽ പരിചയമുള്ള ഓവർസിയർമാർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദവി നൽകുന്നതിന് 02.01.09 ലെ 1/09 തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ ഉത്തരവ് പിന്നീട് റദ്ദ് ചെയ്തിരുന്നു. ഈ ഉത്തരവ് റദ്ദാക്കിയത് തൽക്കാലം നടപ്പിലാക്കേണ്ടതില്ല എന്നും ഇക്കാര്യത്തിൽ മറ്റൊരുത്തരവുണ്ടാകുന്നതു വരെ 5 വർഷം എഞ്ചിനീയറിംഗ് പ്രവർത്തനങ്ങളിൽ പരിചയമുള്ള ഓവർസിയർമാർക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദവി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ (സാധാ)നം. 506/13/തസ്വഭവ തീയതി: 28/02/2013

## പഞ്ചായത്ത് ലൈബ്രറികളിൽ വാങ്ങേണ്ട പുസ്തകങ്ങൾ തെരെഞ്ഞെടുക്കുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രറികളിലേക്ക് പുസ്തകങ്ങൾ വാങ്ങുന്നതിന് ഒരു ഏകീകൃത സ്വഭാവം വരുത്തുന്നതിനായി ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് 27/12/2012-ലെ ജി.ഒ.(ആർ.റ്റി) നമ്പർ. 3601/2012/തസ്വഭ. ഉത്തരവ് പ്രകാരം അഞ്ചംഗ സമിതിയെ സർക്കാർ നിയമിച്ചിരുന്നു. സർക്കാർ പ്രസിദ്ധീകരണ സ്ഥാപനങ്ങളുടെ ഗ്രന്ഥങ്ങൾക്ക് മുൻഗണന നൽകുക, മൂല്യബോധം വരുത്തുന്നതും വിജ്ഞാന പ്രദവുമായ ഗ്രന്ഥങ്ങൾക്ക് പ്രാമുഖ്യം നൽകുക, തൊഴിൽ പുസ്തകങ്ങൾ, ദാർശനിക ഗ്രന്ഥങ്ങൾ, ജീവ ചരിത്രങ്ങൾ, ബാലസാഹിത്യം, വൈജ്ഞാനിക സാഹിത്യം, സർഗാത്മക സാഹിത്യം എന്നിങ്ങനെ സമസ്ത മേഖലയിൽ നിന്നും പുസ്കങ്ങൾ വാങ്ങുന്നതിനുമായി പ്രസ്തുത സമിതി വാങ്ങേണ്ട പുസ്തകങ്ങളുടെ പട്ടിക സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അതിനാൽ ഗ്രാമപഞ്ചായത്തുകൾ തനതു ഫണ്ടിൽ ഉൾപ്പെടുത്തിയോ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയോ ലൈബ്രറികൾക്കായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ഇപ്രകാരമുള്ള പുസ്തകങ്ങൾ വാങ്ങുവാൻ പ്രത്യേകം ശ്രദ്ധിക്കണം. പഞ്ചായത്തു ഡയറക്ടറുടെ സർക്കുലർ നമ്പർ 7257/11 തീയതി: 06/03/2013

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

**Edited and Published by S. Lalithambika IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033 and Printed for GLM at Akshara Offset, Thiruvananthapuram.**




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി




# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

**PANCHAYATRAJ** (Monthly) February 2013
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

**ammini**
partnering with tomorrow

# കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2012
# അമ്മിണി എനർജി സിസ്റ്റംസിന്



മികച്ച ഊർജ്ജ സംരക്ഷണ ഉത്പന്നങ്ങളുടെ നിർമ്മാതാക്കൾക്കുള്ള 2012 ലെ സംസ്ഥാന അവാർഡ് അമ്മിണി എനർജി സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. കെ.ജി. മധു ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയിൽ നിന്നും സ്വീകരിക്കുന്നു.

## The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- CFL സ്ട്രീററ്ലൈററുകൾ (ISI Marked)
- LED സ്ട്രീററ്ലൈററുകൾ (ERTL Certified)

## അമ്മിണി എനർജി സിസ്റ്റംസ്

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com



BIS CERTIFIED

## ലൈട്രോൺ
**CFL വഴിവിളക്കുകൾ**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി പ്രത്യേക വിഭാഗം

കൂടുതൽ വിവരങ്ങൾക്ക്:
1800 300 00 600 (Toll free)
0471-3060 200 (Call Centre)

## ലൈറ്റിംഗ് രംഗത്ത് 18 വർഷത്തെ സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008

ONICRA We Secure Trust
NSIC - ONICRA CREDIT RATED:SE1B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

SIDCO REGISTERED

CONTACT : 1800 300 00 600 (TOLL FREE) or 0471-3060200 (Call Centre)

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS